പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 61 ലക്കം 3 ജൂൺ 2021

വികസനദൗത്യത്തിന് ഇടവേളകളില്ല
പിണറായി വിജയൻ

നവകേരളത്തിലേക്ക് മുന്നേറാം
എം.വി. ഗോവിന്ദൻ മാസ്റ്റർ

സാമാജികർക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

തുടർഭരണവും ചില പ്രാദേശിക വികസന ചിന്തകളും

പശ്ചിമഘട്ടവും പ്രകൃതിപാഠങ്ങളും

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
ജൂൺ 2021

അകത്ത്

വികസനദൗത്യത്തിന്
ഇടവേളകളില്ല
പിണറായി വിജയൻ 5

നവകേരളത്തിലേക്ക് മുന്നേറാം
എം.വി. ഗോവിന്ദൻ മാസ്റ്റർ 8

സാമാജികർക്കൊപ്പം
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
ഡോ. ജോയ് ഇളമൺ 11

തുടർഭരണവും
ചില പ്രാദേശിക വികസനചിന്തകളും
ഹുസൈൻ എം. മിന്നത്ത് 14

പശ്ചിമഘട്ടവും
പ്രകൃതിപാഠങ്ങളും
ഡോ. ബി. ബാലചന്ദ്രൻ 22

കൂറുമാറ്റം അയോഗ്യതയാവും
കെ.ടി. ജോർജ്ജ് 25

പ്രതിസന്ധികളും വെല്ലുവിളികളും
അവസരങ്ങളാക്കി കുടുംബശ്രീ
ആശ എസ്. പണിക്കർ 27

പരിസ്ഥിതിയും
പുനഃസ്ഥാപനവും
ഗസൽ വി.ജെ. 35

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34
എന്റെ മലയാളം 38
ഊരും പേരും – 112 40
അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ 41
എന്ന് വായനക്കാർ 42

ജൂൺ 2021
പുസ്തകം 61 ലക്കം 3
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എം.വി. ഗോവിന്ദൻ മാസ്റ്റർ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലൂ തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

മാതൃകയായ പഞ്ചായത്ത് വകുപ്പ് ഉദ്യോഗസ്ഥർ

കൊടുങ്കാറ്റായി ആഞ്ഞടിച്ച കൊവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗത്തിന് നേരിയ ശമനമുണ്ടായിരിക്കുന്നു. സർക്കാരും ബന്ധപ്പെട്ട വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടത്തിയ കഠിന പരിശ്രമത്തിന്റെ ഫലമായാണ് നമുക്ക് രണ്ടാം തരംഗത്തിന് കടിഞ്ഞാണിടാനായത്. 2020-ന്റെ തുടക്കത്തിലാണ് ലോകരാഷ്ട്രങ്ങൾക്കൊപ്പം നമ്മുടെ രാജ്യത്തും കൊവിഡ് വ്യാപനം ആരംഭിച്ചത്. കേരളത്തിലും രോഗവ്യാപനം നേരിയ തോതിൽ ആരംഭിച്ചു. ആ സമയം മുതൽ തന്നെ രോഗവ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളുമായി പഞ്ചായത്ത് വകുപ്പും ജീവനക്കാരും മുൻപന്തിയിലുണ്ട്. ആരോഗ്യപ്രവർത്തകർക്കും പോലീസ് വകുപ്പിനുമൊപ്പം, ക്വാറന്റയിൻ സെന്ററുകളുടെ നടത്തിപ്പ്, കമ്മ്യൂണിറ്റി കിച്ചണുകളുടെ നടത്തിപ്പ് തുടങ്ങി വ്യത്യസ്തങ്ങളായ നിരവധി ചുമതലകൾ ഏറ്റെടുത്തുകൊണ്ട് പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരും മുൻനിര പോരാളികളായി തന്നെ അഭിനന്ദനാർഹമായ വിധത്തിൽ പ്രവർത്തിച്ചു വരുന്നു. രാജ്യം മുഴുവൻ ലോക്ക്ഡൗണിൽ ആയിരുന്ന വേളയിലും നമ്മുടെ ഗ്രാമപഞ്ചായത്ത് ഓഫീസുകളും വകുപ്പിലെ മറ്റ് ഓഫീസുകളും പഞ്ചായത്ത് ഡയറക്ടറേറ്റും അവധി ദിനങ്ങളിലുൾപ്പെടെ പ്രവർത്തിച്ചു. ഇപ്പോഴും അത്തരത്തിലുള്ള പ്രവർത്തനങ്ങൾ തുടർന്നു വരുന്നു.

കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടെ പ്രവർത്തനം, ഡി.സി.സി.കളുടെ പ്രവർത്തനം, കമ്മ്യൂണിറ്റി കിച്ചണുകളുടെ നടത്തിപ്പ് തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തുകൾ കാര്യക്ഷമമായി നടത്തിവരുന്നു. പഞ്ചായത്തുകൾ ഈ സംവിധാനങ്ങൾ മിക്കതും നടപ്പാക്കിവരുന്നത് സംഭാവനകളിലൂടെയാണെന്നതും ശ്രദ്ധേയം. കമ്മ്യൂണിറ്റി കിച്ചണുകൾ മിക്കതും പൂർണ്ണമായും സംഭാവനകൾ സ്വീകരിച്ചുകൊണ്ടാണ് നടപ്പാക്കിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങളിലെല്ലാം ജനപ്രതിനിധികളുടെ സമ്പൂർണ്ണ സഹകരണമുണ്ടായിരുന്നുവെന്നത് വിസ്മരിക്കാനാവില്ല. ഈ പ്രവർത്തനങ്ങൾക്ക് ജനകീയമുഖം കൈവന്നത് ജനപ്രതിനിധികളുടെ ഇടപെടൽ ഒന്നുകൊണ്ട് മാത്രമാണ്. ഈ പ്രവർത്തനങ്ങൾക്കൊപ്പം പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങളിലും മറ്റ് വികസന ക്ഷേമ പ്രവർത്തനങ്ങളിലും ഉദ്യോഗസ്ഥർ സജീവമായിരുന്നു. നികുതിപിരിവിലും വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിലും പദ്ധതി നിർവഹണത്തിലും മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞതും അഭിനന്ദനീയമാണ്.

മഹാമാരിയെ ചെറുക്കാനുള്ള പ്രവർത്തനങ്ങൾക്കിടയിൽ നമ്മുടെ നിരവധി സഹപ്രവർത്തകരും ജനപ്രതിനിധികളും രോഗബാധിതരായി. കുറച്ചുപേർക്കെങ്കിലും ഈ പോരാട്ടത്തിനിടയിൽ ജീവൻ നഷ്ടപ്പെട്ടു. ഇനിയൊരാൾക്കും ജീവൻ നഷ്ടപ്പെടാതിരിക്കട്ടെയെന്ന് പ്രത്യാശിക്കാം. കൊവിഡ് മഹാമാരി നമ്മുടെ സംസ്ഥാനത്ത് മൂന്നാം തരംഗം സൃഷ്ടിക്കാതിരിക്കാൻ നമുക്ക് കൂട്ടായി യത്നിക്കാം.

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

> **"എന്ത് ത്യാഗം സഹിച്ചും ചെയ്യേണ്ടത് ചെയ്യാൻ ധൈര്യപ്പെടുകയാണ് ശരിയായ ധർമ്മം"**
> മഹാത്മാഗാന്ധി

ജനങ്ങൾക്ക് പരമാവധി പ്രയോജന പ്രദമാകുന്ന വികസന കാഴ്ചപ്പാട് ആവിഷ്കരിക്കാനും അത് പ്രായോഗി കമായി നടപ്പിലാക്കാനും കഴിഞ്ഞ സർക്കാരിന് സാധിച്ചു. മികച്ച ആരോഗ്യം, ഗുണമേന്മയുള്ള വിദ്യാഭ്യാസം, ക്ലേശങ്ങൾ അനുഭവിക്കുന്ന ജനവിഭാഗങ്ങളോടു ള്ള പ്രത്യേക കരുതൽ, അടിസ്ഥാന സൗകര്യ വികസനം, കൃഷിയും വ്യവസായവും അടക്കമുള്ള ഉത്പാദന രംഗങ്ങളിലെ പുരോഗതി തുടങ്ങിയവ സമ്മേളിക്കുന്ന ഒരു സമഗ്ര വികസന കാഴ്ചപ്പാടാണ് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയത്.

വികസനദൗത്യത്തിന് ഇടവേളകളില്ല

■ **പിണറായി വിജയൻ**

കഴിഞ്ഞ അഞ്ചുവർഷം നടത്തിയ വികസന, ക്ഷേമ പ്രവർത്തനങ്ങൾക്ക് തുടർച്ചയുണ്ടാകണമെന്ന ജനങ്ങളുടെ ആഗ്രഹമാണ് സംസ്ഥാനത്തെ ഭരണത്തുടർച്ച. കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങൾ ആഗ്രഹിച്ച ദിശയിലായിരുന്നു എന്നതിന്റെ തെളിവു കൂടിയാണിത്.

ജനങ്ങൾക്ക് പരമാവധി പ്രയോജനപ്രദമാകുന്ന വികസന കാഴ്ചപ്പാട് ആവിഷ്കരിക്കാനും അത് പ്രായോഗികമായി നടപ്പിലാക്കാനും കഴിഞ്ഞ സർക്കാരിന് സാധിച്ചു. മികച്ച ആരോഗ്യം, ഗുണമേന്മയുള്ള വിദ്യാഭ്യാസം, ക്ലേശങ്ങൾ അനുഭവിക്കുന്ന ജനവിഭാഗങ്ങളോടുള്ള പ്രത്യേക കരുതൽ, അടിസ്ഥാനസൗകര്യ വികസനം, കൃഷിയും വ്യവസായവും അടക്കമുള്ള ഉത്പാദന രംഗങ്ങളിലെ പുരോഗതി തുടങ്ങിയവ സമ്മേളിക്കുന്ന ഒരു സമഗ്ര വികസന കാഴ്ചപ്പാടാണ് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയത്.

നവകേരളത്തിനായി സർക്കാർ ആവിഷ്കരിച്ച വികസന കാഴ്ചപ്പാട് പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രമുഖ പങ്കാണ് വഹിച്ചത്. സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ്, പാരിസ്ഥിതിക നവോത്ഥാനത്തിന്റെ കേളികൊട്ടുയർത്തിയ ഹരിതകേരളം, പൊതുവിദ്യാഭ്യാസരംഗം അടിമുടി മാറ്റിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, പൊതുജനാരോഗ്യരംഗത്ത് രാജ്യത്തിന് മാതൃകയായ ആർദ്രം തുടങ്ങിയ വികസന ദൗത്യങ്ങൾ വിജയത്തിലെത്തിക്കാൻ കഴിഞ്ഞത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വശേഷിയും പ്രവർത്തന മികവും കൊണ്ടുകൂടിയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ ജനാധിപത്യത്തിന് കരുത്ത് പകരുക കൂടിയാണ് സർക്കാർ ചെയ്യുന്നത്.

കൊവിഡ് മഹാമാരിയെ ചെറുത്തുതോല്പിക്കുക എന്നതാണ് ഈ ഘട്ടത്തിൽ നമ്മൾ നേരിടുന്ന അടിയന്തിര വെല്ലുവിളി. കൊവിഡിന്റെ ഒന്നാം തരംഗത്തെ അതിശക്തമായ ചില നടപടികളിലൂടെ നാം നേരിട്ടു. ക്വാറന്റൈൻ കേന്ദ്രങ്ങൾ, സി.എഫ്.എൽ.ടി.സികൾ, സി.എസ്.എൽ.ടി.സികൾ, ഡി.സി.സികൾ എന്നിവ പ്രാദേശികതലത്തിൽ ഒരുക്കിയത് രണ്ടാം തരംഗത്തിന്റെ വ്യാപനം തടയുന്നതിലും രോഗബാധിതർക്ക് പരിചരണവും കരുതലും ഉറപ്പ് വരുത്തുന്നതിലും സഹായിച്ചു. വാർ റൂമുകൾ, റാപ്പിഡ് റെസ്പോൺസ് ടീമുകൾ, സന്നദ്ധ കൂട്ടായ്മ

കൾ, കമ്മ്യൂണിറ്റി കിച്ചണുകൾ എന്നിവ ഒരുക്കുന്നതിലും അവ മികച്ച രീതിയിൽ ചലിപ്പിക്കുന്നതിലും പ്രാദേശിക സർക്കാരുകൾ നേതൃത്വപരമായി നിലകൊണ്ടിട്ടുണ്ട്. വാർഡുതലത്തിൽ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ സന്നദ്ധ സേവനത്തിന്റെ ഉദാത്ത മാതൃകയാണ് മുന്നോട്ടുവയ്ക്കുന്നത്.

കൊവിഡ് ഒന്നാം തരംഗത്തേക്കാൾ രൂക്ഷവും വ്യാപകവുമാണ് രണ്ടാം തരംഗം. കൂടുതൽ പേർക്ക് രോഗബാധയുണ്ടായതും മരണസംഖ്യ ഉയർന്നതും ഈ ഘട്ടത്തിലാണ്. അതിനെയും ഒരു പരിധിവരെ നിയന്ത്രിച്ചുനിർത്താൻ നമുക്കായിട്ടുണ്ട്. എന്നാൽ, മൂന്നാം തരംഗം കൂടി ഉണ്ടാവുമെന്ന് കണക്കാക്കപ്പെടുന്നു. അതിനാൽ നമ്മുടെ ജാഗ്രതയിൽ ഒട്ടും കുറവുവരുത്താൻ പാടില്ല. രണ്ടാം തരംഗത്തെ എത്രയും പെട്ടെന്ന് അതിജീവിക്കുന്നതിനോടൊപ്പം തന്നെ മൂന്നാം തരംഗം ഉണ്ടാകുന്നില്ല എന്നും, അഥവാ ഉണ്ടായാൽ തന്നെ ചെറുത്തു തോല്പിക്കാമെന്നും ഉറപ്പുവരുത്താനുള്ള വലിയ ഉത്തരവാദിത്തവും നമ്മുടെ മുമ്പിലുണ്ട്.

കൊവിഡിന്റെ പ്രത്യാഘാതങ്ങൾ എങ്ങനെ നേരിടുമെന്നറിയാതെ സമ്പന്ന വികസിത സമൂഹങ്ങൾ പതറി നിന്ന ഘട്ടത്തിൽ പോലും പരിമിതമായ വിഭവശേഷിയുള്ള കേരളത്തിന് പൊരുതി നില്ക്കാനായത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ബദൽ നയങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലുകളുടെയും പൊതുജനങ്ങളുടെയാകെ അകമഴിഞ്ഞ സഹകരണങ്ങളുടെയും ഫലമായാണ്. ഇതിൽ നമുക്ക് അഭിമാനത്തിനും ആശ്വാസത്തിനും വകയുണ്ടെങ്കിലും ഇപ്പോഴും ആശങ്കയുടെ സാഹചര്യം ഒഴിഞ്ഞിട്ടില്ല. അതീവ ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങളിൽനിന്ന് ഒരു നിമിഷം പോലും നാം മാറി നില്ക്കാൻ പാടില്ല. നമ്മുടെ ജാഗ്രതക്കുറവും ചെറിയ കൈപ്പിഴയും വലിയ അപകടം സൃഷ്ടിക്കും.

ഈ അതീവ ഗൗരവതരമായ സാഹചര്യത്തിന്റെ പ്രത്യേകതകൾ പൂർണ്ണമായി ഉൾക്കൊണ്ടു വേണം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പ്രവർത്തിക്കാൻ. മഹാപ്രളയവും വെള്ളപ്പൊക്കവും കൊവിഡ് മഹാമാരിയും നേരിടുന്നതിന് ആവിഷ്കരിച്ച തന്ത്രങ്ങൾ വിശകലനം ചെയ്ത് പുതിയ ഉത്തരവാദിത്തം കൂടി കുറ്റമറ്റതായി നിർവ്വഹിക്കണം. കൊവിഡ് രണ്ടാം തരംഗത്തിന്റെ അനുഭവപാഠങ്ങൾ കൂടി ചേർത്ത് ഭാവിയിൽ നേരിടേണ്ടി വന്നേക്കാവുന്ന ദുരന്തസാഹചര്യങ്ങൾ കൈകാര്യം ചെയ്യാൻ കർമ്മ പദ്ധതിയുണ്ടാക്കണം.

പ്രതിസന്ധിഘട്ടങ്ങളിൽ ജനങ്ങളോടൊപ്പം ചേർന്നുനിന്ന് പ്രവർത്തിക്കുക എന്നതായിരിക്കണം പ്രാദേശിക സർക്കാരുകളുടെ പ്രധാന അജണ്ട. സമൂഹത്തിന്റെ പ്രത്യേകമായ കരുതൽ അർഹിക്കുന്ന ധാരാളം പേർ നമുക്കിടയിലുണ്ട്. ഇവരോടുള്ള സവിശേഷ പരിഗണന പ്രാദേശിക സർക്കാരുകളുടെ പരമപ്രധാനമായ കടമയാണ്. ആരും ഇല്ലെന്ന് കരുതുന്നവർക്ക് സമൂഹം തുണയാവണം. ആശ്രയ, അഗതിരഹിത കേരളം എന്നിവയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി തുടരണം.

അതിദാരിദ്ര്യ ലഘൂകരണമായിരിക്കും ഈ സർക്കാർ ആദ്യഘട്ടത്തിൽ നടപ്പിലാക്കാൻ പോകുന്ന പ്രധാന ക്ഷേമപ്രവർത്തനം. ദരിദ്രരുടെ എണ്ണം ജനസംഖ്യാനുപാതികമായി വേഗത്തിൽ കുറഞ്ഞു വരുന്നത് നമ്മുടെ സംസ്ഥാനത്താണ്. ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തി, അവർക്കായി പ്രത്യേക ആശ്വാസ നടപടികൾ കൈക്കൊള്ളും. ഒപ്പം അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി പട്ടികപ്പെടുത്തുന്നതിനും അവരുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യും.

ലോകനിലവാരത്തിലുള്ള മനുഷ്യവിഭവശേഷിയാണ് കേരളത്തിന്റെ ഏറ്റവും വലിയ കരുത്ത്. അത് വേണ്ടവിധം പ്രയോജനപ്പെടുത്തിയാൽ വിസ്മയകരമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്കാവും. കാർഷിക, സൂക്ഷ്മ - ചെറുകിട സംരംഭ മേഖലകളിൽ പൂർവ്വാധികം ശക്തമായി ഇടപെടാനുള്ള എല്ലാ പിന്തുണയും പ്രാദേശിക സർക്കാരുകൾക്ക് നല്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ഇന്നവേഷൻ ഫണ്ട് ഏർപ്പെടുത്തുന്നത് അതിനായാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൃഷി, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളുമായി സഹകരിച്ച്, ഒരു വർഷത്തിനുള്ളിൽ പുതുതായി 2 ലക്ഷം പേർക്കെങ്കിലും മാന്യമായ ഉപജീവനോപാധികൾ ലഭ്യമാക്കാൻ കഴിയും.

സുസ്ഥിര വികസന കാഴ്ചപ്പാടോടെയുള്ള പദ്ധതികൾ ദീർഘ കാലാടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നുള്ളതാണ് ഈ സർക്കാരിന്റെ സമീപനം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിൽ നിർണ്ണായക സ്ഥാനമുണ്ട്. രാജ്യത്തെ ഏറ്റവും സുശക്തമായ തദ്ദേശസ്വയംഭരണ സംവിധാനം കേരളത്തിലാണുള്ളത്. ജനകീയാസൂത്രണത്തിന്റെ അനുഭവവും പ്രാദേശികമായി നടപ്പാക്കുന്ന പദ്ധതികളിലെ പൊതുജനപങ്കാളിത്തവും സംസ്ഥാന സർക്കാരിന്റെ ഉറച്ച സാമ്പത്തിക പിന്തുണയുമാണ് അതിന്റെ അടിസ്ഥാനം. 12,000 കോടിയലധികം രൂപയുടെ ഉപാധിരഹിത ഫണ്ട് ഈ വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈകളിൽ എത്തും. അതോടൊപ്പം വിവിധ കേന്ദ്രപദ്ധതികളുടെ ഫണ്ടും ലൈഫ്മിഷന്റെ സഹായവും കൂടി ചേർത്താൽ, കാൽ ലക്ഷം കോടിയിലധികം രൂപയാണ് ഈ വർഷം തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുക.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പൂർത്തീകരണ വർഷമാണിത്. അത് വിജയകരമായി പൂർത്തിയാക്കുന്നതിനൊപ്പം പതിനാലാം പദ്ധതിയുടെ രൂപീകരണത്തിനുള്ള നടപടികളും ഉടൻ ആരംഭിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കുന്ന സമീപനമായിരിക്കും പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്തും ഉണ്ടാവുക. അതിനുള്ള പ്രാഥമിക ചർച്ചകൾക്ക് വൈകാതെ തുടക്കമാവും.

എല്ലാ തലങ്ങളിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഐ.എസ്.ഒ. നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യം കഴിഞ്ഞ ഭരണകാലയളവിൽ ഒരളവുവരെ നിറവേറ്റാൻ കഴിഞ്ഞു. സേവനങ്ങളുടെ ഗുണനിലവാരം, വ്യാപ്തി, സേവനം ലഭ്യമാക്കുന്നതിലെ ഭരണപരമായ കാര്യക്ഷമത, മാനദണ്ഡങ്ങളിലെ സാമൂഹ്യനീതിയുടെ തലം തുടങ്ങിയവയ്ക്ക് ഒരേ പോലെ പ്രാധാന്യം നൽകുന്ന സമീപനമാണ് നാം സ്വീകരിക്കേണ്ടത്. സാമൂഹ്യക്ഷേമ പെൻഷനുകൾ സാർവ്വത്രികമാക്കുന്നതിൽ കഴിഞ്ഞ ഭരണകാലയളവിൽ കൈവരിച്ച നേട്ടം മാതൃകാപരമാണ്. കൃഷി ഉൾപ്പെടെയുള്ള ഉൽപാദന മേഖലകളിലെ നേട്ടവും അഭൂതപൂർവ്വമാണ്. ശുചിത്വ, മാലിന്യ പരിപാലന രംഗങ്ങളിൽ തുടങ്ങിവെച്ച കാര്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഊന്നൽ നൽകണം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്ലാസ്റ്റിക് മാലിന്യമുക്തമാവണം. എല്ലാ വാർഡുകളും ശുചിത്വ വാർഡുകളാവണം.

സുഭിക്ഷകേരളം പദ്ധതിമുന്നോട്ടു വെക്കുന്ന സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തി എല്ലാ ഗ്രാമങ്ങളെയും സുഭിക്ഷ ഗ്രാമങ്ങളാക്കി മാറ്റണം. മുൻ വർഷങ്ങളിൽ നടത്തിവന്ന പ്രവർത്തനങ്ങൾ അതേ ആത്മാർത്ഥതയോടെ തുടർന്നാൽ, പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം തന്നെ നമുക്ക് ഈ നേട്ടങ്ങൾ സ്വന്തമാക്കാനാവും. ഉൽപാദന വർദ്ധനവിനും തൊഴിലവസര ലഭ്യതയ്ക്കും നൽകുന്ന ഊന്നലിന്റെ പേരിലാവണം ജനകീയാസൂത്രണത്തിന്റെ ഈ അടുത്ത ഘട്ടം ചരിത്രം കുറിക്കേണ്ടത്.

അർഹതയുള്ള മുഴുവൻ പേരെയും സർക്കാർ സേവനങ്ങളുടെ പരിധിയിൽ കൊണ്ടുവരിക എന്നത് പ്രധാനമാണ്. അവശ്യസേവനങ്ങൾ വീടുകളിൽ നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ

ആരംഭിച്ചു കഴിഞ്ഞു. ആദ്യഘട്ടമെന്ന നിലയിൽ, പെൻഷൻ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകൾ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങളാണ് വാതിൽപ്പടിക്കൽ ലഭ്യമാക്കുന്നത്. ഭാവിയിൽ കൂടുതൽ സേവനങ്ങൾ ഈ സംവിധാനത്തിന്റെ പരിധിയിൽ കൊണ്ടു വരണം. ജനങ്ങൾക്ക് ഏറ്റവും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്ന സർക്കാർ സംവിധാനമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ് ഇതിൽ ഏറ്റവും പ്രധാന പങ്കുവഹിക്കേണ്ടത്. പ്രായാധിക്യം, രോഗം എന്നിവ മൂലം അവശത അനുഭവിക്കുന്നവർക്കും സർക്കാർ സേവനങ്ങളെക്കുറിച്ച് ശരിയായ അറിവില്ലാത്തവർക്കും വാതിൽപ്പടി സേവനത്തിന്റെ പ്രയോജനം ലഭിക്കും. തദ്ദേശ സ്ഥാപനങ്ങളിൽ ഇതിനായി സമിതികൾ നിലവിൽ വരേണ്ടതുണ്ട്.

കൊവിഡ് വ്യാപനത്തിന്റെ തുടക്കത്തിൽ, അതുണ്ടാക്കുന്ന സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനു വേണ്ടി പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ പാക്കേജ്, ലക്ഷ്യമിട്ടതിലും കൂടുതൽ തുക ചെലവഴിച്ച്, വിജയത്തിലെത്തിക്കാൻ സാധിച്ചു. ഒന്നാം ഘട്ട കൊവിഡ് വ്യാപനത്തിന്റെ വേളയിൽ പ്രതീക്ഷിക്കാൻ കഴിയാതിരുന്ന അളവിൽ കൊവിഡിന്റെ രണ്ടാം തരംഗം രൂക്ഷമായ സാഹചര്യത്തിൽ 20,000 കോടി രൂപയുടെ ഒരു രണ്ടാംഘട്ട കൊവിഡ് പാക്കേജ് കൂടി ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുകയാണ്. ആരോഗ്യരംഗത്തെ അടിയന്തിര സാഹചര്യം നേരിടുന്നതിനും ഉപജീവനം പ്രതിസന്ധിയിലായവരുടെ കൈകളിൽ പണമെത്തിക്കുന്നതിനും അവർക്ക് ജീവനോപാധികൾ ഒരുക്കുന്നതിനും ഈ പാക്കേജിൽ ഊന്നൽ നൽകുകയാണ്.

കൊറോണ വൈറസ് വ്യാപനത്തിന്റെ സാഹചര്യം നേരിടുന്നതിൽ ശ്രദ്ധയൂന്നുന്നത് മറ്റ് കാര്യങ്ങളോടുള്ള അവഗണനയോ ഉദാസീനതയോ ആവാതിരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധ വയ്ക്കണം. പ്രാദേശിക സർക്കാരുകളിൽ ജനങ്ങൾക്കുള്ള പ്രതീക്ഷ വലുതാണ്. ഗുണനിലവാരം കൊണ്ടും കാര്യക്ഷമത കൊണ്ടും സവിശേഷമായ സേവന, ക്ഷേമ പ്രവർത്തനങ്ങളുടെ പുതിയൊരു ഘട്ടത്തിലേക്ക് കടക്കുകയാണെന്ന ബോധം ഈ കൊവിഡ് മഹാമാരിയുടെ ഘട്ടത്തിലും നമ്മൾ കൈവിടരുത്. പ്രതിസന്ധിയുടെ നാളുകളെ നാം എങ്ങനെ അതിജീവിക്കുന്നു എന്നറിയാൻ ലോകം നമ്മെ ഉറ്റുനോക്കുകയാണ്.

സർക്കാർ നടപ്പാക്കുന്ന വികസന-ക്ഷേമ പ്രവർത്തനങ്ങൾ, ജനങ്ങൾക്ക് പൂർണ്ണമായും അനുഭവവേദ്യമാക്കേണ്ടതുണ്ട്. പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ ജനങ്ങളുടെ ജീവിതാനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിൽ വലിയ ഉത്തരവാദിത്തമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത്. അടുത്ത അഞ്ചു വർഷം ആ ഉത്തരവാദിത്തം കൂടുതൽ മേന്മയോടെ നിർവ്വഹിക്കാൻ നമുക്ക് തയ്യാറെടുക്കാം.

□

ഈ സർക്കാർ അധികാരമേറ്റെടുത്തതോടെ നവകേരള നിർമ്മിതിയുടെ അടുത്ത ഘട്ടത്തിലേക്ക് കേരളം കടക്കുകയാണ്. സ്ഥായിയായ വികസന മാതൃകയാണ് സംസ്ഥാനത്ത് യാഥാർത്ഥ്യമാകാൻ പോകുന്നത്. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പുതിയൊരു വിതാനത്തിലേക്ക് ഉയർത്തുന്നതിനുള്ള കർമ്മപദ്ധതിയാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.

നവകേരളത്തിലേക്ക് മുന്നേറാം

■ **എം.വി. ഗോവിന്ദൻ മാസ്റ്റർ**

ജനകീയ ബദലുകൾ സാദ്ധ്യമാക്കിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിന് ലഭിച്ച ജനകീയാംഗീകാരമാണ് രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ അടിത്തറ. ഈ സർക്കാർ അധികാരമേറ്റെടുത്തതോടെ നവകേരള നിർമ്മിതിയുടെ അടുത്ത ഘട്ടത്തിലേക്ക് കേരളം കടക്കുകയാണ്. ഈ ഘട്ടത്തിൽ സ്ഥായിയായ വികസന മാതൃകയാണ് സംസ്ഥാനത്ത് യാഥാർത്ഥ്യമാകാൻ പോകുന്നത്. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പുതിയൊരു വിതാനത്തിലേക്ക് ഉയർത്തുന്നതിനുള്ള കർമ്മപദ്ധതിയാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.

നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായ പ്രാദേശിക സർക്കാരുകളായി നിൽക്കുകയാണ്. ഇനിയും നമുക്ക് മുന്നേറാനുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ജനപക്ഷവുമാക്കി മാറ്റുന്നതിന് ത്രിതല പഞ്ചായത്തുകൾ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും ഏകോപന മികവോടുകൂടിയുള്ള പ്രവർത്തനം മുന്നോട്ടുവയ്ക്കേണ്ടതുണ്ട്. മനുഷ്യവിഭവമടക്കമുള്ള കാര്യങ്ങൾ പരസ്പരം ആരോഗ്യപരമായി പങ്കുവെക്കുന്നതിനും പ്രവർത്തനകാര്യത്തിൽ മികവുണ്ടാക്കുന്നതിനും പൊതുസർവ്വീസ് രൂപീകരണം സഹായകമാവുമെന്നാണ് കാണുന്നത്. തദ്ദേശഭരണവുമായി ബന്ധപ്പെട്ട വകുപ്പുകളെയെല്ലാം ഒറ്റക്കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള ഇടതുപക്ഷ സർക്കാരിന്റെ ശ്രമങ്ങളെ എക്കാലത്തും വലതുപക്ഷം എതിർത്തുപോന്നിട്ടുണ്ട്. അത്തരം നീക്കങ്ങളെയെല്ലാം മറികടന്ന് ഇപ്പോൾ എല്ലാ വകുപ്പുകളെയും ഏകോപിപ്പിക്കുകയാണ്. മാത്രമല്ല ജീവനക്കാർക്ക് ഏകീകൃത കേഡർ വ്യവസ്ഥയും സൃഷ്ടിച്ചിരിക്കുന്നു. ഈ മാറ്റം സർക്കാർ സമയബന്ധിതമായി യാഥാർത്ഥ്യമാക്കുക തന്നെ ചെയ്യും.

നമ്മുടെ നാട് ഓഖി, നിപ, മഹാപ്രളയം, പ്രകൃതി ക്ഷോഭങ്ങൾ, കൊവിഡ് തുടങ്ങിയ കടുത്ത പ്രതിസന്ധി ഘട്ടങ്ങളിലൂടെ കടന്നുപോയ സാഹചര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മികച്ച സാമ്പത്തിക പിന്തുണ നൽകാൻ ഒന്നാം പിണറായി വിജയൻ സർക്കാരിന് സാധിച്ചിരുന്നു. അതിന്റെ തുടർച്ചയുണ്ടാകുമെന്നതിൽ സംശയം വേണ്ട. പദ്ധതി ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമാക്കി മുന്നോട്ടുപോവാൻ ഈ ഘട്ടത്തിൽ മുന്നൊരുക്കങ്ങളുണ്ടാവണം. പതിനാലാം പഞ്ചവത്സര പദ്ധതിരേഖ തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നമുക്ക് തയ്യാറാക്കേണ്ടതുണ്ട്. അതിന് മുന്നോടിയായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷം താന്താങ്ങളുടെ പ്രദേശത്തുണ്ടായ മാറ്റങ്ങളെയും വികസന നേട്ടങ്ങളെയും പരിഹരിക്കേണ്ട പ്രശ്നങ്ങളേയും കുറിച്ച് സമഗ്രമായ അവലോകനം തയ്യാറാക്കണം. അതിന്റെ അടിസ്ഥാനത്തിലാവണം അടുത്ത പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകേണ്ടത്. ജില്ലാ ആസൂത്രണ സമിതികളെ ഇതിന്റെ ഭാഗമായി ശക്തിപ്പെടുത്തും. പദ്ധതികൾ മോണിറ്ററിംഗ് ചെയ്യാൻ അധികാരപ്പെടുത്തും. പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ജില്ലാ പദ്ധതികൾ പരിഷ്കരിക്കേണ്ടതുണ്ട്. അടുത്ത ബജറ്റിന് മുന്നോടിയായി വാർഷിക പദ്ധതികളും തയ്യാറാവേണ്ടതുണ്ട്. അതിനുള്ള മുന്നൊരുക്കങ്ങൾ ഓരോ തദ്ദേശഭരണ സ്ഥാപനവും കൈക്കൊള്ളേണ്ടതുണ്ട്. കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പഞ്ചവത്സര പദ്ധതികൾ തയ്യാറാക്കുന്നതിനും ഗ്രാമസഭകളും വികസന സെമിനാറുകളും വിളിച്ചുകൂട്ടുന്നതിനും പരിമിതികളുണ്ട്.

കൊവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കപ്പെടണം. ഈയൊരു സാഹചര്യത്തിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് ഓൺലൈനിലൂടെ യോഗങ്ങൾ ചേരാൻ സാധിക്കണം. നമുക്ക് മുന്നിലുള്ള പരിമിതികൾ ജനപങ്കാളിത്തം കുറയാനുള്ള കാരണമാവരുത്.

ഗ്രാമസഭകളിൽ പഴയതുപോലെ ജനപങ്കാളിത്തമുണ്ടാവുന്നില്ല എന്ന ആക്ഷേപം പൊതുവിൽ ഉയർന്നുവരുന്നുണ്ട്. അത് മാറ്റണം. ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്താനുള്ള നടപടികൾ ഉണ്ടാവണം. അയൽക്കൂട്ടങ്ങളോടൊപ്പം റസിഡൻസ് അസോസിയേഷനുകളെയും അതുപോലുള്ള താഴേ തട്ടിലുള്ള മറ്റ് സാമൂഹ്യ കൂട്ടായ്മകളെയും ഗ്രന്ഥശാലകളെയും ക്ലബ്ബുകളെയും കുടുംബശ്രീ സംവിധാനങ്ങളെയുമൊക്കെ ഗ്രാമസഭകളുമായി ബന്ധിപ്പിക്കണം. അവിടെവെച്ച് നാടിനാവശ്യമായ ജനകീയമായ പദ്ധതികളും പരിപാടികളും ഉരുത്തിരിഞ്ഞ് വരുമെന്നത് നിസ്തർക്കമായ കാര്യമാണ്. ആസൂത്രണത്തിലും നിർവ്വഹണത്തിലും വിദഗ്ധരുടെ സേവനം സന്നദ്ധപ്രവർത്തനമെന്നുള്ള നിലയിൽ ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം സാങ്കേതിക വിദഗ്ധരെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കൂടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകും. തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡ് സമിതികളെ ശക്തിപ്പെടുത്തുന്നതിനൊപ്പം പി.ടി.എ., എസ്.എം.സി., ആശുപത്രി വികസന സമിതി തുടങ്ങിയ ജനകീയ സംവിധാനങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികളും ഉണ്ടാവും. എല്ലാ സേവനങ്ങളും പൗരന്റെ അവകാശമാണ്. അത് ഉറപ്പുവരുത്തേണ്ടതുണ്ട്. അതിനായി പൗരാവകാശ രേഖ പ്രസിദ്ധീകരിക്കും. അത് നടപ്പിലാക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്താനുള്ള ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ സമർപ്പിക്കണം. ഇടതുപക്ഷ സർക്കാർ സമഗ്ര ഉത്തരവാദിത്വ നിയമം പാസാക്കുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണമായും ജനപക്ഷമായി മാറുമെന്നതിൽ സംശയമില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ എത്രയും പെട്ടെന്ന് തയ്യാറാക്കേണ്ടതുണ്ട്. റോഡ് അടക്കമുള്ള ആസ്തികളെ കുറിച്ചുള്ള വിശദാംശങ്ങൾ അതിൽ ഉള്ളടങ്ങണം. അതോടൊപ്പം ഭൂരജിസ്റ്ററും ഉണ്ടാക്കേണ്ടതുണ്ട്. പുഴകളും തോടുകളും പുറമ്പോക്കുകളും റോഡുകളുമൊക്കെ ഇതിൽ ഉൾക്കൊള്ളിക്കണം. തരിശുനിലങ്ങളുടെ വിശദാംശങ്ങൾ അതാത് പ്രദേശത്തെ കൃഷിഭവന്റെ സഹായത്തോടെ തയ്യാറാക്കാനും ശ്രമിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളും തദ്ദേശഭരണവും തമ്മിലുള്ള ഇതുവരെയുള്ള പ്രവർത്തനാനുഭവങ്ങൾ സമഗ്രമായ വിലയിരുത്തലിന് വിധേയമാക്കണം. വകുപ്പ് തലത്തിൽ പരിശോധിച്ച് അവയുടെ ഏകോപനം സുഗമമാക്കുന്നതോടൊപ്പം പ്രാദേശികമായ മുൻകൈകൾ ഉറപ്പുവരുത്തുന്ന നിലയിലുള്ള ക്രമീകരണവും കൊണ്ടുവരണം. തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറി കിട്ടിയ സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയവയുടെ സൗകര്യം ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. ഇവയെ ഇനിയും ഗുണമേന്മയുള്ളതാക്കി മാറ്റുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതിനായി ഗുണമേന്മാ സൂചകങ്ങൾ നിശ്ചയിക്കും. എല്ലാ തദ്ദേശസ്ഥാപനങ്ങളും ആ നിലവാരത്തിലേക്ക് എത്തിയാൽ അത് ജനങ്ങൾക്ക് ഏറ്റവും മികച്ച സൗകര്യം ലഭ്യമാകുന്ന എന്ന ഉറപ്പായി മാറും. നമ്മുടെ സംസ്ഥാനത്തെ മിക്കവാറും പഞ്ചായത്തുകൾ ഐ എസ് ഒ സർട്ടിഫിക്കേഷൻ നേടിക്കഴിഞ്ഞതാണ്. ഈ പദവി ലഭിക്കുന്നത് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സേവനങ്ങൾ ഉറപ്പുവരുത്തുന്നതിലൂടെയാണ്. അതിൽ നിന്നും പിന്നോക്കം പോകാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. അതിനാൽ സമഗ്രമായ സോഷ്യൽ ഓഡിറ്റിംഗ് ഉറപ്പുവരുത്തേണ്ടതും സേവന ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.

നീർത്തടാധിഷ്ഠിത ആസൂത്രണത്തിൽ ഊന്നിക്കൊണ്ടായിരിക്കണം ഇനി നാം മുന്നോട്ടുപോകേണ്ടത്. ജനകീയാസൂത്രണത്തിന്റെ തുടക്കം മുതൽ പറയുന്നതാണ് ഈ കാര്യം. ഇതിലുണ്ടായ അലംഭാവത്തിന്റെ തിക്തഫലമായി വേണം മഹാപ്രളയത്തെയും പ്രകൃതി ദുരന്തത്തേയും കാണാൻ. തളിപ്പറമ്പ്, കാട്ടാക്കട മണ്ഡലങ്ങളിൽ മികച്ച രീതിയിലുള്ള നീർത്തട പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത് മാതൃകയായെടുക്കാവുന്നതാണ്. ആ വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് മുന്നോട്ടുപോകാൻ വിപുലമായൊരു ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടതുണ്ട്. പല തദ്ദേശസ്ഥാപനങ്ങളും തയ്യാറാക്കിയിട്ടുള്ള നീർത്തട വികസന റിപ്പോർട്ടുകളെ ഈ ക്യാമ്പയിന് വേണ്ടി ഉപയോഗിക്കാവുന്നതാണ്. ഇതിനായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തന ഏകോപനം ഉറപ്പുവരുത്തേണ്ടതുണ്ട്. കില, ലാൻഡ് യൂസ് ബോർഡ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്, മണ്ണ്, ജല സംരക്ഷണ വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയവയെല്ലാം ഒരു കുടക്കീഴിലെന്ന പോലെ നിന്നുകൊണ്ട് നീർത്തട സ്കീമുകൾ പ്രായോഗികവൽക്കരിക്കണം. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നീർത്തട സ്കീമുകൾ നാം രൂപപ്പെടുത്തുന്ന അടിസ്ഥാന രേഖയെ ആസ്പദമാക്കി വേണം തയ്യാറാക്കാൻ. അതിന് ഉതകുന്ന വിധത്തിലായിരിക്കണം അടിസ്ഥാന രേഖയുടെ അന്തിമമായ സാക്ഷാത്കാരം. നീർത്തട വികസന രേഖയ്ക്കുവേണ്ടി ശേഖരിക്കുന്ന വിവരങ്ങൾകൂടി ഉൾപ്പെടുത്തികൊണ്ടുള്ള പ്രാദേശിക ദുരന്ത നിവാരണ റിപ്പോർട്ടുകൾ

തയ്യാറാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു കർമ്മസമിതിയെ നിയോഗിക്കുന്നത് നന്നായിരിക്കും.

ഹരിത സമൃദ്ധി വാർഡുകളായി ഓരോ പ്രദേശങ്ങളെയും മാറ്റുവാനുള്ള പ്രയത്നവും ഇതിനൊപ്പം ഉണ്ടാവേണ്ടതുണ്ട്. ഈ വേളയിൽ 5,000 വാർഡുകളെങ്കിലും ഹരിത സമൃദ്ധമാക്കി എന്നുറപ്പ് വരുത്തേണ്ടതുണ്ട്. തോടുകളും പുഴകളും വൃത്തിയാക്കുകയും സംരക്ഷിക്കുകയും വേണം. അതിനായി കയർ ഭൂവസ്ത്രത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിച്ച് ഇത് യാഥാർത്ഥ്യമാക്കാൻ കഴിയണം. ഇപ്പോൾ 529 ഏക്കർ പച്ചത്തുരുത്തുകളാണ് അടയാളപ്പെടുത്തിയിട്ടുള്ളത്. അതിന്റെ വിസ്തൃതി 5,000 ഏക്കറാക്കി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വരുംനാളുകളിൽ ആവിഷ്കരിക്കും. അതോടൊപ്പം മാതൃകാ ബ്ലോക്കുകളിൽ ഒരു ജല ബജറ്റിന് രൂപം നൽകും. വലിയ കുളങ്ങൾ വെട്ടിവൃത്തിയാക്കി മാതൃകാപരമായി പുനരുജ്ജീവിപ്പിക്കും. കിണർ റീചാർജ്ജിംഗ് പോലുള്ള ജലസംരക്ഷണ മാതൃകകൾ ജനകീയമായി ഓരോ തദ്ദേശഭരണ പ്രദേശത്തും നടപ്പിലാക്കണം.

വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തെ സമ്പൂർണ്ണ ശുചിത്വ പദവിയിലേക്ക് ഉയർത്തുവാനുള്ള ശ്രമങ്ങൾക്ക് സംസ്ഥാന സർക്കാർ തുടക്കമിടുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിച്ചെറിയൽ മുക്ത കേരളം (Disposable Free Kerala) എന്ന ജനകീയ ക്യാമ്പയിന് തുടക്കമിടും. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ സംസ്കരണത്തിൽ ശുചിത്വ മാനദണ്ഡങ്ങൾ കൈവരിച്ചിട്ടുണ്ട്. മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും ശുചിത്വ മാനദണ്ഡ പദവിയിൽ എത്തിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

കൊവിഡ് മഹാമാരിയുടെ കാലത്താണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതി അധികാരത്തിൽ വന്നത്. നാടിന്റെ നിലനിൽപ്പിന് വേണ്ടിയുള്ള പോരാട്ടത്തിൽ പ്രാദേശിക സർക്കാരുകൾ വിശ്രമില്ലാതെ അണിനിരന്നു. പുതിയ ഭരണസമിതികളെ സജീവമാക്കിയെടുക്കാൻ നല്ല നിലയിലുള്ള പരിശീലനം കഴിഞ്ഞ നാളുകളിൽ നൽകി വരാറുണ്ട്. ഇപ്പോൾ കൊവിഡ് കാലമായതുകൊണ്ടുള്ള പരിമിതികളുണ്ട്. ഓൺലൈൻ വഴിയാണ് കില പരിശീലനം ഒരുക്കിയത്. ഈ പരിശീലനം കൂടുതൽ ഫലപ്രദമായി ഇനിയും നടത്തേണ്ടതുണ്ട്. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങ ളിൽ വീഴ്ച വരുത്താതെ പരിശീലനത്തിനുള്ള ക്രമീകരണം ഒരുക്കും. ഇത് പൂർത്തിയാകുന്നതോടെ കൂടുതൽ കാര്യക്ഷമമായി തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാനാവും. ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾക്കുള്ള സംശയനിവാരണത്തിനായി ഒരു കോൾസെന്റർ സൗകര്യം കിലയിൽ ഒരുക്കുവാനും ആലോചിക്കുന്നുണ്ട്.

ഭാരിച്ച ഉത്തരവാദിത്തമാണ് വരുന്ന അഞ്ചുവർഷം ഏറ്റെടുക്കാനുള്ളത്. മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിലും കാര്യമായ മാറ്റം വരേണ്ടതുണ്ട്. മഹാപ്രളയത്തിന്റെ കാലത്തും പ്രകൃതിക്ഷോഭങ്ങളെ അഭിമുഖീകരിച്ചപ്പോഴും മാതൃകാപരമായ പ്രവർത്തനങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടായത്. പ്രളയം ഉണ്ടായ ജില്ലകളിൽ നടന്ന പ്രവർത്തനങ്ങൾ മാത്രമല്ല, പ്രളയബാധിതരെ സഹായിക്കാനായി മറ്റ് പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈമെയ് മറന്ന് മുന്നോട്ടുവന്നു. മാനവികതയുടെ വെളിച്ചമാണ് നാം ഉയർത്തിപ്പിടിച്ചത്. ഇപ്പോൾ കൊവിഡ് മഹാമാരിയെ പ്രതിരോധിക്കുവാനുള്ള വിശ്രമമില്ലാത്ത പ്രവർത്തനങ്ങളിലേർപ്പെടുകയാണ് നമ്മൾ. രണ്ടാംതരംഗത്തിന്റെ വേളയിൽ തുടക്കക്കാരുടെ പതർച്ചയില്ലാതെയാണ് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ഡി.സി.സികളും സി.എഫ്.എൽ.ടി.സികളും സാമൂഹ്യ അടുക്കളകളും വാർഡുതല ജാഗ്രതാ സമിതികളുമൊക്കെ നല്ലനിലയിൽ ഒരുക്കി മുന്നോട്ടുപോകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ അഭിനന്ദനാർഹമായ രീതിയിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും നേതൃത്വം നൽകി. കൊവിഡിന്റെ മൂന്നാം തരംഗത്തിനുള്ള സാദ്ധ്യകളെക്കുറിച്ച് ആരോഗ്യ വിദഗ്ദ്ധർ മുന്നറിയിപ്പുകൾ നൽകുന്ന ഈ ഘട്ടത്തിൽ അതിനെ പ്രതിരോധിക്കുവാനുള്ള മുൻകരുതലുകളെടുക്കാൻ തയ്യാറാവേണ്ടതുണ്ട്. ഒന്നാം തരംഗത്തിന്റേയും രണ്ടാം തരംഗത്തിന്റേയും അനുഭവങ്ങൾ നമുക്ക് മുന്നിലുണ്ട്. ജനങ്ങൾക്ക് കരുതലായി മാറുവാൻ ഏത് വിധത്തിലുള്ള ഇടപെടലുകളാണ് നടത്തേണ്ടതെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ മനസിലാക്കാനും സാധിച്ചിട്ടുണ്ട്. വീഴ്ചകൾ വരാൻ സാദ്ധ്യതയുള്ള മേഖലകളെ മുൻകൂട്ടി കണ്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ടുപോകാൻ സാധിക്കണം. പൊതുവിലുള്ള സംവിധാനങ്ങളെല്ലാം ശക്തിപ്പെടുത്തണം. വാർഡുതല ജാഗ്രതാ സമിതികൾ കൂടുതൽ ഊർജ്ജിതപ്പെടുത്തണം.

കാലവർഷം ആരംഭിക്കുന്നതിനു മുമ്പായി എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ സാധിച്ചു. പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനോടൊപ്പം ജനങ്ങളിൽ ശുചിത്വബോധമുണർത്താനും കൊതുകുജന്യ രോഗങ്ങളെ അകറ്റി നിർത്താനും ശുചീകരണ യജ്ഞത്തിലൂടെ ശ്രമിക്കുകയായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ വാർഡുകളിലും കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചെറുസംഘങ്ങളായി ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നാണ് ആഹ്വാനം ചെയ്തിരുന്നത്. ഇത് നടപ്പിലാക്കാത്ത പ്രദേശങ്ങളുണ്ടെങ്കിൽ ഭരണസമിതികൾ ഇടപെട്ട് അവിടങ്ങളിലെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തണം.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണം കഴിഞ്ഞ മാർച്ചിൽ തന്നെ പൂർത്തിയായിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് തന്നെ പന്ത്രണ്ട് മാസവും നിർവ്വഹണം മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. സമയത്തിന്റെയും വിഭവത്തിന്റെയും അടിസ്ഥാനത്തിൽ ഈ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിശദമായ കൂടിയാലോചനകൾ നടത്തി പദ്ധതി പ്രവർത്തനങ്ങൾ മൂർത്തമാക്കണം. പദ്ധതി പ്രവർത്തനങ്ങളിൽ സാദ്ധ്യമായ പ്രവൃത്തികളുടെ നിർവ്വഹണം സമയബന്ധിതമായി നടത്തുന്നതിനുവേണ്ടി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തയ്യാറെടുക്കണം. ഇക്കാര്യത്തിൽ ജില്ലാ ആസൂത്രണസമിതികൾ നേതൃപരമായ പങ്കുവഹിക്കേണ്ടതുണ്ട്.

ലോകമാകെ കൊവിഡ് ഭീഷണിയിൽ നിൽക്കുമ്പോഴും കേരള സമൂഹത്തിൽ ഇന്നുള്ളത് ഒന്നും നടക്കില്ലെന്നുള്ള നിരാശാബോധമല്ല. ഒന്നായി നിന്നാൽ പലതും നേടാനാവുമെന്ന ശുഭാപ്തി വിശ്വാസമാണ്. പ്രതിസന്ധികളെയെല്ലാം അതിജീവിച്ച്, അധികാര വികേന്ദ്രീകരണത്തിന്റെ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി നമുക്ക് നവകേരളത്തിലേക്ക് മുന്നേറാം.

□

സാമാജികർക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

■ **ഡോ. ജോയ് ഇളമൺ**

വിവിധ തലത്തിലുള്ള സർക്കാരുകളും ജനപ്രതിനിധികളും ഒന്നിച്ച് ചേർന്ന് പരസ്പര പൂരകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എം.എൽ.എ.മാർക്കൊപ്പം ചേർന്ന് എങ്ങനെ കൂടുതൽ മെച്ചപ്പെട്ടതും വിപുലവുമായ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനാകുമെന്ന് ചിന്തിക്കണം. ഇത് ഇരട്ടിപ്പുകളും വിടവുകളും അടച്ചുള്ള പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുവാൻ സഹായകമാകും.

പുതിയ നിയമസഭ സാമാജികർ തിരഞ്ഞെടുക്കപ്പെട്ട് സത്യപ്രതിജ്ഞ ചെയ്തു പ്രവർത്തനം ആരംഭിച്ചിരിക്കുന്ന സമയമാണിത്. സംസ്ഥാനം നവകേരളനിർമ്മാണത്തിന്റെ അടുത്ത തലത്തിലേക്ക് കടക്കുകയുമാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിയമസഭയിൽ നയപ്രഖ്യാപനത്തിന്റെ ഭാഗമായും ബജറ്റിന്റെ ഭാഗമായും അവതരിപ്പിക്കുകയുമുണ്ടായി. അവയിലെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കാണ് വഹിക്കാനുള്ളത്. കൊവിഡ് മഹാമാരിക്കിടയിലും പ്രതീക്ഷയുടെ നാളുകളാണ് നമ്മുടെ മുൻപിൽ പുതിയ സർക്കാർ അവതരിപ്പിച്ചിട്ടുള്ളത്.

73,74 ഭരണഘടനാ ഭേദഗതികളും തുടർന്ന് കേരളത്തിൽ ആരംഭിച്ച ജനകീയാസൂത്രണവും സംസ്ഥാനത്ത് ശക്തമായ തദ്ദേശഭരണ സംവിധാനത്തിന് അടിത്തറ പാകിയിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തിലാണ് നാമിന്ന്. ത്രിതല പ്രാദേശിക സർക്കാർ സംവിധാനത്തിന്റെ മെച്ചപ്പെട്ട മാതൃകയാണിന്ന് കേരളം. അധികാര വികേന്ദ്രീകരണം എന്നത് ഓരോ തലങ്ങളും ഒറ്റപ്പെട്ട തുരുത്തുകളായി പ്രവർത്തിക്കുകയെന്ന രീതിയിലല്ല നാം വിഭാവനം ചെയ്തിട്ടുള്ളത്. വിവിധ തലത്തിലുള്ള സർക്കാരുകളും ജനപ്രതിനിധികളും ഒന്നിച്ച് ചേർന്ന് പരസ്പര പൂരകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതുണ്ട്. ഇവിടെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എം.എൽ.എമാർക്കൊപ്പം ചേർന്ന് എങ്ങനെ കൂടുതൽ മെച്ചപ്പെട്ടതും വിപുലവുമായ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനാകുമെന്ന് ചിന്തിക്കണം. ഇത് ഇരട്ടിപ്പുകളും വിടവുകളും അടച്ചുള്ള പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുവാൻ സഹായകമാകും.

സമഗ്രമായ വികസന കാഴ്ചപ്പാടോടു കൂടിയുള്ള പദ്ധതികൾക്ക് രൂപം നൽകുകയും അതിൽ ലഭ്യമാക്കേണ്ട സഹായം എം.എൽ.എമാരുടെ സഹകരണത്തോടെ ഏർപ്പാടാക്കുവാനും അവസരമുണ്ട്. എം.എൽ.എ. ഫണ്ടിനപ്പുറം നാം നടത്താൻ ഉദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്ക് വിവിധ സ്രോതസ്സുകളിൽ നിന്നും എങ്ങനെ സഹായം ലഭ്യമാക്കാമെന്ന് കൂട്ടായി ചർച്ച ചെയ്യണം. കേവലം എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നതിനു മാത്രമല്ല ഈ സഹകരണം. സാങ്കേതിക സഹായവും വിഭവങ്ങൾ ലഭ്യമാക്കലും ഔദ്യോഗികമായ സംവിധാനങ്ങളുടെ സഹായം ലഭ്യമാക്കലും തുടങ്ങി പല കാര്യങ്ങളിലും എം.എൽ.എയ്ക്ക് സഹായിക്കാനാകും. മുൻകാലങ്ങളിലും പല നിയമസഭ സാമാജികരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മാതൃകാപരമായ പ്രവ

ർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇവയിൽ ഏറെയും എം.എൽ.എ.മാർ മുൻകൈ എടുത്തു നടത്തിയ ഒറ്റപ്പെട്ട ഇടപെടലുകളാണ്. എന്നാൽ സൂചിപ്പിച്ച സാദ്ധ്യതകളെല്ലാം ഉൾപ്പെടുത്തി ഒറ്റക്കെട്ടായി നീങ്ങാൻ ഇത്തവണ നേതൃത്വപരമായ പ്രവർത്തനം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാവണം.

ചർച്ചയ്ക്കും ആലോചനകൾക്കും തുടക്കം കുറിക്കാനായി ചില സാദ്ധ്യതകൾ മാത്രം ചുവടെ ചേർക്കുന്നു:

സമഗ്ര വികസനപദ്ധതികൾ

ആദ്യം വേണ്ടത് സമഗ്രമായ പദ്ധതി തന്നെയാണ്. ഇതിനകം 2021-22 വാർഷിക പദ്ധതി തയ്യാറായിരിക്കുമല്ലോ. എന്നാൽ ഈ വർഷം അവസാനത്തോടെ നമ്മൾ അടുത്ത പഞ്ചവത്സര പദ്ധതി രൂപീകരിക്കുവാൻ തയ്യാറെടുക്കുകയാണ്. ആ സമയം ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. അതിന്റെ തയ്യാറെടുപ്പ് മുതൽ തന്നെ എം.എൽ.എ.യുടെ അഭിപ്രായങ്ങൾ തേടുകയും നിയോജക മണ്ഡലത്തിൽ മൊത്തത്തിൽ ഉൾപ്പെടുത്താവുന്ന പദ്ധതികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വികസന പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രവർത്തനങ്ങളെ കുറിച്ച് ആരായുകയും വേണം. മറുവശത്ത് എം.എൽ.എ.യുടെ പ്രാദേശിക വികസന പദ്ധതിയിൽ എങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപന വികസന താത്പര്യങ്ങൾ ഉൾപ്പെടുത്താനാവുമെന്നും പരിശോധിക്കണം. യഥാർത്ഥത്തിൽ മേൽ സൂചിപ്പിച്ച സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയവയായിരിക്കണം എല്ലാ തരത്തിലുമുള്ള വികസന ഇടപെടലുകളുടെയും അടിസ്ഥാനം. ഇവിടെയാണ് സമഗ്രമായ പദ്ധതിയുടെ സാംഗത്യം.

ജില്ലാപദ്ധതിയും സംയോജിത പ്രൊജക്ടുകളും

ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ അടുത്ത പഞ്ചവത്സര പദ്ധതിക്കായുള്ള ജില്ലാപദ്ധതി രൂപീകരണവും ഇക്കാലയളവിൽ നടക്കുമല്ലോ. അതല്ലെങ്കിൽ നിലവിൽ രൂപീകരിച്ച ജില്ലാപദ്ധതി കൂടുതൽ ചർച്ചകളുടെ അടിസ്ഥാനത്തിൽ വിപുലീകരിക്കുകയും സമഗ്രമാക്കുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ തുടർ പരിപാടികൾ ആവിഷ്കരിക്കുവാനും ജില്ലാ ആസൂത്രണ സമിതിയോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എം.എൽ.എ.മാരും ഒത്തുചേർന്ന് പ്രവർത്തിക്കണം. അതിലൂടെ വിവിധ തലങ്ങളെയും ഏജൻസികളെയും വകുപ്പുകളെയും സ്കീമുകളെയും ഒത്തു ചേർത്തുള്ള സമഗ്ര സംയോജിത പ്രൊജക്ടുകൾക്ക് രൂപം നൽകുവാനുള്ള സാദ്ധ്യതയാണുള്ളത്. ഇവിടെ നേതൃത്വപരവും ഏകോപനവും സഹായപരവുമായ പങ്കാണ് ജില്ലാ ആസൂത്രണ സമിതിയും എം.എൽ.എ.മാരും വഹിക്കേണ്ടത്. പ്രത്യേകിച്ചും പതിനാലാം പഞ്ചവത്സരപദ്ധതി രൂപീകരണത്തിന്റെ ഈ വർഷത്തിൽ.

നീർത്തടാധിഷ്ഠിത സ്ഥലപര ആസൂത്രണം

ഭാവി വികസനത്തിന് നീർത്തടാധിഷ്ഠിതവും സ്ഥലപരവുമായ ആസൂത്രണം അനിവാര്യമാണ്. അത്തരം വികസന ആസൂത്രണത്തിന് എം.എൽ.എയുടെ പ്രാദേശിക വികസന പരിപാടിയുമായി ബന്ധിപ്പിക്കണം. ഒപ്പം വിവിധ സ്കീമുകളിൽ നിന്നും എങ്ങനെ വിഭവങ്ങൾ സ്വരൂപിക്കാം എന്നതിന് എം.എൽ.എയുടെ സഹായം തേടണം. നമ്മുടെ പ്രദേശത്തെ വിവിധ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളെയെല്ലാം അത്തരം നീർത്തട അടിസ്ഥാനത്തിൽ ഉള്ളതാണെന്ന് ഉറപ്പുവരുത്തുകയാണ് കൂട്ടായ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടേണ്ടത്.

നിയമ നിർമ്മാണം

നിയമ നിർമ്മാണ സഭയിലെ അംഗങ്ങളാണല്ലോ എം.എൽ.എമാർ. നമ്മുടെ പ്രദേശത്തെ വിവിധമേഖലകളിലെ പ്രത്യേകതയനുസരിച്ച് നിയമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്താണെന്ന് മനസ്സിലാക്കി ആവശ്യമായ നിയമങ്ങൾ നിർമ്മിക്കുവാനുള്ള അഭിപ്രായങ്ങൾ എം.എൽ.എയ്ക്ക് കൈമാറണം. പ്രത്യേകിച്ചും പുതിയ കേരള സൃഷ്ടിയിൽ അനിവാര്യമായ മാറ്റങ്ങൾ സംബന്ധിച്ച്. ഇത്തരം നിയമങ്ങൾ ഭൂമിയുടെയും ജലത്തിന്റെയും പ്രകൃതി സംരക്ഷണത്തിന്റെയും മേഖലകൾ മുതൽ വിവിധ ജനവിഭാഗങ്ങളുടെ വ്യത്യസ്തമായ പ്രശ്നങ്ങളടക്കം കൈകാര്യം ചെയ്യുന്നവയാകാം.

തൊഴിലിനായി നൈപുണ്യവികസനം

വരും വർഷങ്ങളിൽ എല്ലാ വിഭാഗം ജനങ്ങൾക്കും തൊഴിൽ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. തൊഴിൽ മേഖലയിൽ ക്രിയാത്മകമായ ഇടപെടലുലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാനുള്ളത്. ഇതിൽ നൈപുണ്യ വികസനം പ്രധാനപ്പെട്ട പങ്കു വഹിക്കുന്നുണ്ട്. നിലവിൽ നമ്മുടെ പ്രദേശത്തുള്ള വിവിധ നൈപുണ്യങ്ങളുടെ സ്ഥിതിയെന്തെന്ന് അറിയുവാനുള്ള സമഗ്രമാപ്പിംഗ് (skill mapping) സംഘടിപ്പിക്കണം. ചിലർക്കെങ്കിലും ഈ നൈപുണ്യം ഉയർത്തിയാൽ കൂടുതൽ പ്രയോജനമുണ്ടാകും. മടങ്ങിവരുന്ന പ്രവാസികളുടെ നൈപുണ്യങ്ങളും കണ്ടെത്തണം. അതിനനുസൃതമായ പരിപാടികൾ ആവിഷ്കരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കൊപ്പം എം.എൽ.എ.മാരേയും കൂട്ടണം. അതിന്റെ അടിസ്ഥാനത്തിൽ നൈപുണ്യ വർദ്ധനയ്ക്കായുള്ള പരിശീലന പരിപാടികളെ സഹായിക്കുന്ന വിവിധ സാങ്കേതിക സ്ഥാപനങ്ങൾ കണ്ടെത്താനും

അവരുമായി സഹകരണം ഉറപ്പാക്കാനും എം.എൽ.എയുടെ സഹായം കൂടി തേടണം.

എല്ലാവർക്കും തൊഴിൽ

ഇതിന്റെ തുടർച്ചയായി തൊഴിൽ സംരംഭങ്ങൾക്കും അതിനാവശ്യമായ വിഭവ സ്രോതസ്സുകൾ കണ്ടെത്താനും എം.എൽ.എയ്ക്ക് സഹായിക്കാനാവും. വിവിധ ബാങ്കിംഗ് സ്ഥാപനങ്ങളോട് ചർച്ചചെയ്ത് പല പരിപാടികൾക്കും സാമ്പത്തിക സഹായം ഏർപ്പെടുത്തുന്നതിനും കൂട്ടായ പരിശ്രമം ആവശ്യമാണ്.

വീടിനകത്ത് ജോലി, വീടിനടുത്ത് ജോലി

സർക്കാർ പ്രഖ്യാപിച്ച തൊഴിൽ യജ്ഞത്തിൽ ഇതിനകം പലകാരണങ്ങളാൽ തൊഴിൽ ലഭ്യമാകാത്ത സ്ത്രീകളും പുരുഷന്മാരുമുണ്ട്. എന്നാൽ കൊവിഡ് കാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വീട്ടിലിരുന്ന് ചെയ്യാവുന്ന ഒട്ടേറെ തൊഴിലുകൾ, പുറംനാടുകളിൽ പോകാതെ തന്നെ ചെയ്യാവുന്ന തൊഴിലുകൾ എന്നിവ നിരവധിയുണ്ടെന്ന് മനസ്സിലായല്ലോ. അതിനനുസൃതമായ നിരവധി സംരംഭങ്ങൾ ആസൂത്രണം ചെയ്യുന്നതിന് എം.എൽ.എമാരുടേയും സഹായം തേടണം. പ്രത്യേകിച്ചും ഇത്തരം തൊഴിലുകൾക്കാവശ്യമായ ഉയർന്ന കമ്പനികളുടെയും സംരംഭങ്ങളുടെയും മാർക്കറ്റിംഗ്, സാങ്കേതികവിദ്യ എന്നിവയെല്ലാം സമാഹരിക്കുന്നതിന്റെയും കാര്യത്തിൽ സഹായം തേടേണ്ടതുണ്ട്.

ശക്തമായ പൊതുജനാരോഗ്യ സംവിധാനം

പകർച്ചവ്യാധികൾക്കൊപ്പം നിരവധി ദീർഘസ്ഥായി രോഗങ്ങളും ജീവിത ശൈലീ രോഗങ്ങളും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അതിനനുസൃതമായി പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുകയും ആരോഗ്യ പരിപാടികൾ ആവിഷ്കരിക്കുകയും വേണം. ഒരു തദ്ദേശസ്വയംഭരണ സ്ഥാപന അതിർത്തിയിൽ മാത്രമായി പലപ്പോഴും അത്തരം സംരംഭങ്ങൾ പ്രവർത്തിപ്പിക്കുക സാദ്ധ്യമല്ല. ഇവിടെ നിയോജക മണ്ഡലത്തിനകത്ത് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പരിപാടികൾ ആവിഷ്കരിക്കാനാവും.

സുഭിക്ഷ കേരളം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാനപ്പെട്ട പ്രവർത്തന മേഖലകളിൽ ഒന്നാണ് കാർഷിക മേഖല. സുഭിക്ഷ കേരളം പരിപാടിയുടെ അടുത്ത ഘട്ടത്തിലാണല്ലോ നാമിന്ന്. കൃഷി അനുബന്ധ മേഖലകളിലെ ഉല്പാദന വർദ്ധനവിനൊപ്പം മൂല്യവർദ്ധിത ഉൽപാദന പ്രവർത്തനങ്ങൾക്കും ആവശ്യമായ പരിപാടികളും സംരംഭങ്ങളും ആവിഷ്കരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വകുപ്പുകൾ, ഏജൻസികൾ എന്നിവയെ ഏകോപിപ്പിക്കുവാൻ എം.എൽ.എ. മാരോടൊപ്പം ചേരണം.

ഹരിതാഭമായ നവകേരളം

വിവിധ ജലാശയങ്ങൾ, നദികൾ, തോടുകൾ എന്നിവയെല്ലാം പുനഃരുജ്ജീവിപ്പിക്കുന്ന പ്രവർത്തനങ്ങൾ സുസ്ഥിര വികസനത്തിന് അനിവാര്യമാണ്. ഒപ്പം ശുചിത്വത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും ആവശ്യമായ പദ്ധതികളും ആവശ്യമാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് സാങ്കേതിക സഹായവും അധിക പണവും മറ്റും കണ്ടെത്താനുള്ള സഹായം എം.എൽ.എ.മാർക്ക് നൽകാനാവും. പലപ്പോഴും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഇത്തരം സംവിധാനങ്ങളിലെ ഇടപെടലിന് ജില്ലാ ആസൂത്രണ സമിതിയ്ക്കൊപ്പം എം.എൽ.എമാരും വിവിധ ദൗത്യങ്ങളുമായി ഏകോപന പ്രവർത്തനങ്ങൾക്കുണ്ടാകുന്നത് ഉപകാര പ്രദമാകും.

പാർശ്വവത്കൃതിയ്ക്കായി സമഗ്ര പരിപാടി

എണ്ണത്തിൽ കുറവെങ്കിലും വിവിധ വിഭാഗങ്ങളായി പാർശ്വവൽകൃതരായ ഒട്ടേറെ സമൂഹങ്ങൾ ഒറ്റപ്പെട്ട അദൃശ്യമായ തുരുത്തുകളിലായി പലയിടങ്ങളിലുമുണ്ട്. ഇതിനകംതന്നെ നമ്മുടെ സംസ്ഥാനത്ത് ഒരാളും അഗതിയായും ആലംബഹീനരായും ഉണ്ടാകാത്ത കാലത്തെക്കുറിച്ചാണ് പുതിയ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. അവരുടെ ഓരോരുത്തരുടെയും സാഹചര്യങ്ങളും പ്രശ്നങ്ങളും പഠിച്ച് ആവശ്യമായ മൈക്രോ പ്ലാനുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ ആവിഷ്കരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം. അതുപോലെ ഭിന്നശേഷിക്കാരായ യുവാക്കളുടെ തൊഴിൽ സാദ്ധ്യത ഉറപ്പ വരുത്താനുള്ള പ്രവർത്തനങ്ങളും ആവശ്യമാണ്. മേൽ സൂചിപ്പിച്ചതിൽ പലതിനും പ്രത്യേകമായ സഹായവും ഇടപെടലുകളും ആവശ്യമായി വരും. ഇത്തരത്തിലുള്ള കാര്യങ്ങളിൽ എം.എൽ.എമാരുടെ പല തരത്തിലുള്ള സഹായവും അനിവാര്യമാണ്.

ആത്യന്തികമായി എല്ലാ തലത്തിലുള്ള സർക്കാരുകളും ജനപ്രതിനിധികളും വകുപ്പുകളും ഏജൻസികളും കൂട്ടായി പ്രവർത്തിക്കുക വഴിയാണ് നവകേരള നിർമ്മാണം ഫലപ്രദമായ രീതിയിൽ സമയബന്ധിതമായി നമുക്ക് പൂർത്തീകരിക്കാനാവുക. അതിനുള്ള ശ്രമം ഓരോ തലത്തിലും എടുക്കുവാനാകണം. □

ലേഖകൻ കില ഡയറക്ടർ ജനറലാണ്

തുടർഭരണവും ചില പ്രാദേശിക വികസന ചിന്തകളും

■ ഹുസൈൻ എം. മിന്നത്ത്

2021 മെയ് 20ന് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ തന്നെ വീണ്ടും സർക്കാർ അധികാരത്തിൽ വരുമ്പോൾ ലോകം ശ്രദ്ധിച്ച കേരള വികസന മാതൃക അഥവാ ജനകീയാസൂത്രണം 25 വർഷം പിന്നിടുകയാണ്. ഒരുപക്ഷേ ദേശീയ/ ആഗോള തലത്തിൽ തന്നെ ഇത്രയധികം ചർച്ച ചെയ്യപ്പെട്ട ഒരു വികസന മാതൃക വേറെ ഉണ്ടാകില്ല. വികസന കാര്യങ്ങളിൽ തത്പരരായ ജനങ്ങളുടെ പങ്കാളിത്തവും പിന്തുണയും ഉറപ്പാക്കിക്കൊണ്ട് വികസനം സർവ്വതല സ്പർശിയാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആരംഭിച്ച വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ ഭരണഘടനാ പദവിയുള്ള പ്രാദേശിക സർക്കാരുകൾ തികച്ചും ജനതാത്പര്യങ്ങളും പ്രാദേശിക ആവശ്യങ്ങളും പരിഗണിച്ചുകൊണ്ടുള്ള വികസന തന്ത്രമാണ് നടപ്പിലാക്കുന്നത്.

സംസ്ഥാന വരുമാനത്തിന്റെ ഏകദേശം 35% തുക പ്രാദേശിക സർക്കാരുകൾക്ക് വകയിരുത്തിക്കൊണ്ട് വികസന പ്രക്രിയയിൽ ഇന്നേവരെ ലഭിച്ചിട്ടില്ലാത്ത വിധം തങ്ങളുടേതായ ഒരിടം കണ്ടെത്താൻ സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ, ഇതിന് അനുഗുണമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ കഴിഞ്ഞകാല സർക്കാരുകൾ നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമാണ്. ഓരോ വർഷവും ശരാശരി മൂന്ന് ലക്ഷത്തിലധികം പദ്ധതികളിലായി 25,000.00 കോടി രൂപയാണ് പ്രാദേശിക സർക്കാരുകൾ വിവിധ പദ്ധതികൾക്ക് വകയിരുത്തുന്നത്. പിണറായി സർക്കാരിന്റെ കഴിഞ്ഞ ടേമിലെ അവസാന ബഡ്ജറ്റിൽ പോലും (2021-22) പ്രാദേശിക സർക്കാരുകൾക്ക് 7,280.00 കോടി രൂപ വികസന ഫണ്ടായും 4,900.21 കോടി രൂപ ജനറൽ പർപ്പസ്, മെയിന്റനൻസ് ഫണ്ടായിട്ടും 2151.07 കോടി രൂപ കേന്ദ്ര, സംസ്ഥാന പദ്ധതി വിഹിതമായും വകയിരുത്തുകയുണ്ടായി. 1996-ൽ ഒമ്പതാം പഞ്ചവത്സര പദ്ധതിയിലൂടെ വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയ്ക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചപ്പോഴുള്ള, കേവലം പ്രാദേശിക വികസനം എന്ന ലക്ഷ്യത്തിൽ നിന്നും വിശാലമായി ചിന്തിക്കാനും ആസൂത്രണം നടത്താനും സാധിക്കുന്ന തലത്തിലേക്ക് നമ്മുടെ പ്രാദേശിക സർക്കാരുകൾ വളർന്നിരിക്കുന്നു. സംസ്ഥാനത്തെ ആകെ ബാധിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ ഇന്ന് സംസ്ഥാനം പ്രാദേശിക സർക്കാരുകളെ ആശ്രയിക്കുന്നതായി നമുക്ക് കാണാവുന്നതാണ്. 2018-ലെയും 2019-ലെയും പ്രളയവും 2020-ലെ കൊവിഡ് മഹാമാരിയും സംസ്ഥാനത്ത് വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കിയെങ്കിലും അതിനെ പ്രതിരോധിക്കുന്നതിനായി പ്രാദേശിക സർക്കാർ തീർത്ത ജനകീയ പ്രതിരോധം മാത്രം വീക്ഷിച്ചാൽ മതി കഴിഞ്ഞ 25 വർഷക്കാലയളവിൽ പ്രദേശിക സർക്കാരുകൾ എങ്ങനെയൊക്കെ ശാക്തീകരിക്കപ്പെട്ടു എന്ന് മനസ്സിലാക്കാൻ സാധിക്കും.

ഈ സർക്കാരിന്റെ ആദ്യ ടേമിൽ, അതായത് പതിമൂന്നാം പദ്ധതിയിൽ (2017-22) പ്രാദേശിക വികസന കാഴ്ചപ്പാടുകളിൽ കാതലായ ചില മാറ്റങ്ങൾ വരുത്തി ജനകീ

യാസൂത്രണത്തിന് പുതിയ ദിശ നൽകുകയുണ്ടായി. പ്രാദേശിക വികസന ലക്ഷ്യത്തിൽ നിന്നും സുസ്ഥിര വികസന ലക്ഷ്യത്തിലേക്കുള്ള ചുവടുമാറ്റം ഇത്തരത്തിലുള്ള ധീരമായ കാൽവെയ്പ് തന്നെയായിരുന്നു. നാളിതുവരെ സംസ്ഥാനം നേടിയെടുത്ത വികസനങ്ങളും ഭൗതിക നേട്ടങ്ങളും സുസ്ഥിരമായി നില നിർത്തുന്നതിനും കേരളത്തിന്റെ ജനകീയ വികസന മാതൃകയെ പുതിയ കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാൻ സുസജ്ജവും പര്യാപ്തവുമാക്കുന്ന തലത്തിലേക്ക് സർക്കാർ ജനകീയാസൂത്രണത്തെ കൈപിടിച്ചു കൊണ്ട് പോവുകയുണ്ടായി. സമയബന്ധിതമായി കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതല സ്പർശിയുമായ പദ്ധതികൾക്ക് രൂപം നൽകുവാനും അവയുടെ നിർവ്വഹണം സാദ്ധ്യമാക്കുന്നതിനുമുള്ള ചില ഉറച്ച ചുവടുവെയ്പുകൾ മുൻവർഷങ്ങളിൽ സർക്കാർ നടത്തുകയുണ്ടായി. ഇതോടൊപ്പം തന്നെ ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള ഒരു വികസന മുന്നേറ്റവും ലക്ഷ്യമിടുകയുണ്ടായി. സംസ്ഥാനം പ്രതിസന്ധികളിലൂടെ കടന്നുപോയപ്പോളൊക്കെ ത്തന്നെയും തിളങ്ങിയ കേരള വികസന മാതൃകയുടെ രണ്ടാം ഘട്ടത്തിന് 13-ാം പദ്ധതിയിൽ തുടക്കം കുറിക്കുകയുണ്ടായി. "നവകേരളത്തിന് ജനകീയാസൂത്രണം" എന്ന തലത്തിലേക്ക് കഴിഞ്ഞ അഞ്ച് വർഷക്കാലവും ജനകീയാസൂത്രണം മാറുകയായിരുന്നു. മാത്രവുമല്ല ഇക്കാലഘട്ടം ജനകീയാസൂത്രണത്തിന്റെ സുവർണ്ണ കാലഘട്ടമായി പല തലത്തിൽ നിന്നും വിലയിരുത്തപ്പെടുകയുണ്ടായി. ഭാവി തലമുറയെക്കൂടി മുന്നിൽ കണ്ടുകൊണ്ട് ഐക്യരാഷ്ട്രസഭ മുന്നോട്ട് വയ്ക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals) 2030-വർഷത്തോടു കൂടി നേടിയെടുക്കാൻ ലോക രാഷ്ട്രങ്ങൾ ആഗോളതലത്തിൽ ലക്ഷ്യം വയ്ക്കുമ്പോൾ സംസ്ഥാനമാകട്ടെ ജനകീയാസൂത്രണത്തെ അതിനുള്ള ചാലകശക്തിയായി മാറ്റുന്ന തന്ത്രമാണ് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. 13-ാം പദ്ധതിക്കാലയളവിൽ തദ്ദേശ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി മാറുന്ന കാഴ്ചയ്ക്ക് കേരളം സാക്ഷ്യം വഹിക്കുകയുണ്ടായി. മാറുന്ന കാലഘട്ടത്തിനനുസരിച്ച് ഏതൊരു വെല്ലുവിളിയെയും നേരിടാനും ഇന്ന് പ്രാദേശിക സർക്കാരുകൾ പ്രാപ്തരായി എന്ന വസ്തുത കാണാതെ പോകരുത്. ഇക്കാലയളവിൽ സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകൾക്ക് പൂർണ്ണമായ പ്രവർത്തന സ്വാതന്ത്ര്യവും കൂടുതൽ ധനവും അധികാരവും നൽകുകയും അതിസങ്കീർണ്ണമായ നടപടിക്രമങ്ങളിൽ നിന്നും പ്രാദേശിക സർക്കാരുകളെ മോചിപ്പിക്കുകയും ആസൂത്രണ പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യവും പങ്കാളിത്തവും നൽകുകയും ചെയ്തതോടെ പ്രാദേശിക വികസനത്തിലും സംസ്ഥാന വികസനത്തിലും അത്ഭുതപൂർവ്വമായ പുരോഗതി ഉണ്ടാവുകയും ചെയ്തു. കൊവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി പ്രാദേശിക സർക്കാരുകൾ തീർത്ത ജനകീയ പ്രതിരോധം; നാട് നേരിടുന്ന വെല്ലുവിളികളെ കരുതലോടെ എങ്ങനെയാണ് അഭിമുഖീകരിക്കേണ്ടത് എന്നത് കേരളം മുന്നോട്ടുവെച്ച ആഗോള മാതൃക തന്നെയാണ്.

പ്രാദേശിക സർക്കാരുകളുടെ മുന്നോട്ടുള്ള വഴിത്താരകൾ

ഒട്ടനവധി സേവനങ്ങളും വികസന പ്രവർത്തനങ്ങളും പക്ഷപാതരഹിതമായി പൊതുജനത്തിന് നൽകി അവരുടെ ജീവി

തത്തിൽ നിർണ്ണായക ഇടപെടലുകൾ നടത്തുകയും വിഭിന്ന തലങ്ങളിലുള്ള ദാരിദ്ര്യവും, ഇല്ലായ്മയും (Deprivation) കുറച്ചുകൊണ്ടുവരുന്നതിൽ പ്രാദേശിക സർക്കാരുകൾ സംസ്ഥാനത്ത് വലിയ പങ്ക് വഹിക്കുന്നുണ്ടെങ്കിലും സുസ്ഥിരമായ ഒരു മത്സര ക്ഷമത ഒട്ടുമിക്ക പ്രാദേശിക സർക്കാരുകളുടെയും ശ്രദ്ധയിൽ ഇനിയും വന്നിട്ടില്ല എന്നത് ശ്രദ്ധേയമായ വസ്തുതയാണ്. വികേന്ദ്രീകൃതാസൂത്രണം വഴി എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാനത്ത് ഉറപ്പാക്കുവാൻ പ്രാദേശിക സർക്കാരുകൾക്ക് സാദ്ധ്യമായിട്ടുണ്ട്. കേരളത്തിന്റെ വരുമാനവും വളർച്ചാനിരക്കും ദേശീയ ശരാശരിയെക്കാൾ മുകളിലാണെങ്കിലും ജനകീയാസൂത്രണം പോലൊരു വികസന മാതൃക പരീക്ഷിച്ചിട്ടില്ലാത്ത നിരവധി സംസ്ഥാനങ്ങളിലും കേരളത്തിന്റേതുപോലെ തന്നെ വളർച്ചാ നിരക്കുള്ളതായി കാണാനാകും. നാം മാതൃകയായിരുന്ന അല്ലെങ്കിൽ വഴികാട്ടിയായിരുന്ന പല മേഖലകളിലും ഇന്ന് പിന്നിലായിപ്പോയ സ്ഥിതിയുമുണ്ട്. ദ്രുതഗതിയിൽ മാറ്റങ്ങൾ സംഭവിക്കുന്ന ആഗോളവത്കൃത ലോകത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനവും ജനങ്ങളും മാറുമ്പോൾ, ആഗോള നിലവാരത്തിലുള്ള സ്ഥാപനങ്ങളായി നമ്മുടെ പ്രാദേശിക സർക്കാരുകളെ മാറ്റുന്ന തലത്തിലേക്കുള്ള ചില തന്ത്രങ്ങളാണ് ഇനി സംസ്ഥാനം ആവിഷ്കരിക്കേണ്ടത്. ഇതിനായി പുതിയ വഴിത്താരകൾ തേടുമ്പോൾ ഭരണ തുടർച്ചയോടെ അധികാരത്തിലെത്തുന്ന സർക്കാർ ഒട്ടനവധി വസ്തുതകൾ വിശകലന വിധേയമാക്കേണ്ടതായിട്ടുണ്ട്.

പതിനാലാം പദ്ധതിയിലേക്കുള്ള (2022-27) നിർണ്ണായക കാൽവയ്പുകൾ

പന്ത്രണ്ടാം പദ്ധതിയോടെ കേന്ദ്രസർക്കാർ ദേശീയ തലത്തിൽ പഞ്ചവത്സര പദ്ധതിക്ക് വിരാമം കുറിച്ചെങ്കിലും സംസ്ഥാനത്തെ സ്ഥിതി വ്യത്യസ്തമായിരുന്നു. പതിമൂന്നാം പദ്ധതിയുടെ അവസാന വർഷങ്ങളിലാണിന്ന് കേരളം. 2021-ന്റെ അവസാനത്തോടെ കേരളം പതിനാലാം പദ്ധതിയുടെ മുന്നൊരുക്കങ്ങൾക്ക് തുടക്കമിടാൻ ഒരുങ്ങുകയാണ്. മുൻകാല പ്രവർത്തനങ്ങൾ നിരീക്ഷിച്ചാൽ, നമ്മുടെ പ്രാദേശിക വികസന സമീപനങ്ങൾ വിശാലമായ ഒരു തലത്തിലേക്ക് മാറ്റം വരുത്തേണ്ടിയിരിക്കുന്നതായി കാണാം. താഴെത്തട്ടിൽ നിന്നും വികസനം ആരംഭിക്കുന്ന Bottom Up സമീപനവും മുകൾത്തട്ടിൽ നിന്നും താഴേക്ക് വികസനം എന്ന രീതിയിലുള്ള Trickle Down സമീപനവും പാർശ്വവത്കൃത കേന്ദ്രീകൃതമായ Peripheral Region വികസന മാതൃകയും സമന്വയിപ്പിച്ചുകൊണ്ട് പ്രാദേശിക സർക്കാരുകളുടെ പദ്ധതികളിൽ കൃത്യതയോടെ വിന്യസിപ്പിക്കുന്ന രീതിയിലുള്ള ആസൂത്രണത്തിന് മുൻഗണന നൽകേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കുന്ന പദ്ധതികളിലൂടെ ഗുണനിലവാരവും ഫലപ്രാപ്തിയും ഉറപ്പാക്കിയുള്ള ആസൂത്രണം വഴി വലിയ മുന്നേറ്റങ്ങൾ സംസ്ഥാനത്ത് സാദ്ധ്യമാക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിക്കും. ഗ്രാമ - നഗര വാസികളുടെ അനുപാതം കേരളത്തിൽ ഏറെക്കുറെ തുല്യമാണെങ്കിലും സംസ്ഥാനം അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന പ്രവണത കാണിക്കുന്നതിനാൽത്തന്നെ നമ്മുടെ പ്രാദേശിക ഭരണ സംവിധാനത്തിൽ നഗര ഭരണ സംവിധാനത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതും അവ കൂടുതൽ മത്സരക്ഷമം ആകേണ്ടതുമായിട്ടുണ്ട്. സംസ്ഥാനത്തെ 1200 തദ്ദേശ സർക്കാരുകളിൽ 93 എണ്ണം മാത്രമാണ് നഗര ഭരണ സംവിധാനത്തിനായി നിലകൊള്ളുന്നത്. നഗരവത്ക്കരണവുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ ഗ്രാമ/നഗര വ്യത്യാസമില്ലാതെ സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളും ഒരേപോലെ അഭിമുഖീകരിക്കുന്നു എന്നുള്ളതും ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതാണ്.

ദ്രുതഗതിയിൽ മാറ്റങ്ങൾ സംഭവിക്കുന്ന ആഗോളവത്കൃത ലോകത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനവും ജനങ്ങളും മാറുമ്പോൾ ആഗോള നിലവാരത്തിലുള്ള സ്ഥാപനങ്ങളായി നമ്മുടെ പ്രാദേശിക സർക്കാരുകളെ മാറ്റുന്ന തലത്തിലേക്കുള്ള ചില തന്ത്രങ്ങളാണ് ഇനി സംസ്ഥാനം ആവിഷ്കരിക്കേണ്ടത്. ഇതിനായി ഭരണ തുടർച്ചയോടെ അധികാരത്തിലെത്തുന്ന സർക്കാർ ഒട്ടനവധി വസ്തുതകൾ വിശകലന വിധേയമാക്കേണ്ടതായിട്ടുണ്ട്.

കാൽ നൂറ്റാണ്ടിന്റെ കരുത്തുമായി ജനകീയാസൂത്രണം രണ്ടാം ഘട്ടത്തിലേക്ക് കടക്കുമ്പോൾ സംസ്ഥാനം നേടിയ മാനവ വികസനത്തിലെയും വികേന്ദ്രീകൃത ജനാധിപത്യ ഭരണനിർവ്വഹണത്തിലെയും അടയാളപ്പെടുത്തലുകളും നേട്ടങ്ങളും സുസ്ഥിരമായും സ്ഥായിയായും നില നിർത്തിക്കൊണ്ട് ഈ ജനകീയ വികസന മാതൃകയെ പുതിയ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ സാധിക്കുന്ന രീതിയിൽ പ്രാപ്തമാക്കേണ്ടതായിട്ടുണ്ട്. വികസന പ്രശ്നങ്ങളെ വിശാലമായ കാഴ്ചപ്പാടിൽ തന്നെ നോക്കിക്കാണാനും പ്രാദേശിക സർക്കാരുകളെ സുസജ്ജമാക്കേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തെ ആകെ ബാധിക്കുന്ന ദുരന്തനിവാരണം, മാലിന്യ സംസ്കരണം, കുടിവെള്ളം, നഗരവത്ക്കരണം, വയോജന സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ എന്നിവയുടെ പരിഹാരങ്ങൾ പ്രാദേശികതലത്തിൽ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. മാറിമാറി വരുന്ന ഏതൊരു സാഹചര്യത്തിനും അനുസരിച്ച് പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകളും ഉത്തരവാദിത്തങ്ങളും ചുമതലകളും ചലനാത്മകവും അതിവിശാലവും ആകുന്ന രീതിയിൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുന്നതോടൊപ്പം ബഹുതല ആസൂത്രണ (Multi -Level Planning) സാദ്ധ്യതകളും സംയോജിത സാദ്ധ്യതകളും കണ്ടെത്തേണ്ടിയിരിക്കുന്നു. ഇതിനും പുറമേ മുൻകാല ന്യൂനതകൾ പരിഹരിച്ചുകൊണ്ട് സമയ ബന്ധിതമായി കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതല സ്പർശിയുമായ പദ്ധതി രൂപീകരണവും നിർവ്വഹണവും സാദ്ധ്യമാക്കുന്ന തരത്തിലുള്ള ചില ഉറച്ച ചുവടുവയ്പുകൾക്കും പതിനാലാം പദ്ധതിയിൽ രൂപം നൽകേണ്ടതായിട്ടുണ്ട്. അതേപോലെ ദാരിദ്ര്യത്തിന്റെ ബഹുമുഖ തലങ്ങളോട് പ്രതികരിക്കാനും ജീവന്റെയും ജീവനോപാധികളുടെയും സമ്പൂർണ്ണ പരിവർത്തനം സാദ്ധ്യമാക്കുന്നതിനുമുള്ള നൂതനമായ പരിപാടികളും പദ്ധതികളും പ്രാദേശിക സർക്കാരുകൾ ആവിഷ്കരിക്കേണ്ടതായിട്ടുമുണ്ട്. ഗ്രാമ-നഗര പരിവർത്തനത്തിന്റെ കേന്ദ്രബിന്ദുക്കളായി നമ്മുടെ പ്രാദേശിക സർക്കാരുകളെ മാറ്റുന്നതിനുള്ള കാൽവയ്പുകൾക്കും 14-ാം പഞ്ചവത്സര പദ്ധതിയിൽ പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട്.

കൊവിഡ് - 19 ഉം അതിജീവനവും

2018-ലും 2019-ലും പ്രളയവും 2020-ൽ കൊവിഡ് മഹാമാരിയും സംസ്ഥാനത്ത് ആഞ്ഞടിച്ചപ്പോൾ പ്രാദേശിക സർക്കാരുകളെ മുൻനിർത്തിയാണ് ഈ മഹാമാരിയ്ക്കെതിരെ സംസ്ഥാനം ജനകീയ പ്രതിരോധം സൃഷ്ടിച്ചത്. പ്രളയത്തിൽ നിന്നും കരകയറും മുമ്പേ ആഞ്ഞടിച്ച കൊവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക, സാമൂഹിക, മാനുഷിക പ്രതിസന്ധികൾ മനുഷ്യജീവനും ജീവനോപാധികളും തൊഴിലും തൊഴിൽ സംരംഭങ്ങളെയും എന്തിനേറെ സംസ്ഥാന സമ്പദ്വ്യവസ്ഥയുടെ നട്ടെല്ല് തന്നെ തകർക്കുകയുണ്ടായി. വികസന പ്രവർത്തനങ്ങൾക്കായി പ്രാദേശിക, സംസ്ഥാന സർക്കാരുകൾ ബഡ്ജറ്റിൽ വകയിരുത്തിയ കോടികൾ കൊവിഡ് പ്രതിരോധ, അതിജീവന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി. ലക്ഷക്കണക്കിന് പ്രവാസികളുടെ തിരിച്ചുവരവും തൊഴിലില്ലായ്മയും പ്രാദേശിക സർക്കാരുകൾക്ക് മാത്രമല്ല സംസ്ഥാന സർക്കാരിനും ഉയർത്തിയ വെല്ലുവിളി ഒട്ടും ചെറുതല്ല. കൊവിഡ് അതിജീവന ഭാഗമായി ഇനിയും നൂതനമായ ആശയങ്ങളും പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതായിരിക്കുന്നു. ആഗോളതലത്തിൽ തന്നെ കൊവിഡ് മഹാമാരിയെ നേരിടുന്നതിൽ പല തന്ത്രങ്ങളും പരീക്ഷിച്ചെങ്കിലും ഒരു പരിധിയെങ്കിലും വിജയം കണ്ടത് പ്രാദേശികമായി നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളാണ്. കേരളം പ്രാദേശിക സർക്കാരുകളെ മുൻനിർത്തി നടത്തിയ പ്രവർത്തനങ്ങൾ ലോകത്തുതന്നെ വലിയ രീതിയിൽ ചർച്ചചെയ്യപ്പെടുകയും ആഗോള സമ്പദ് ക്രമം തന്നെ പ്രാദേശിക സാമ്പത്തിക ക്രമത്തെ കുറിച്ച് ചിന്തിക്കുന്നതിനും ഈ മഹാമാരി വഴിവച്ചിട്ടുണ്ട്. ഈയൊരു ചട്ടക്കൂടിൽ വിശാലമായ കാഴ്ചപ്പാടോടുകൂടി മഹാമാരിയെ പ്രതിരോധിക്കാനുള്ള തന്ത്രങ്ങൾക്കൊപ്പം അതിന്റെ പ്രതികൂലാഘാതം ലഘൂകരിക്കുന്നതിനും ഉപജീവനമാർഗ്ഗം പുനഃരുജ്ജീവിപ്പിക്കാനും സമ്പദ്വ്യവസ്ഥയെ ഉണർത്താനുമുള്ള ഇടപെടലുകൾ പ്രാദേശിക തലത്തിലും നടത്തുക എന്നത് പ്രാദേശിക സർക്കാരുകളുടെ മുന്നിലെ വലിയൊരു ദൗത്യം തന്നെയാണ്.

സംയോജിത വികസന സാദ്ധ്യതകൾ

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി ഒരു സംയോജിത സമീപനം കൈക്കൊള്ളുന്നതിന്റെ ഭാഗമായി അതാത് ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ 2018-ൽ ജില്ലാ പദ്ധതികൾക്ക് (District Plan) രൂപം നൽകുകയുണ്ടായി. പ്രാദേശികവും ധനപരവും, വകുപ്പ് തലത്തിലുമുള്ള വികസന സാദ്ധ്യതകളും ബഹുതല ആസൂത്രണ സാദ്ധ്യതകളും സമന്വയിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു വികസന കാഴ്ചപ്പാടാണ് എല്ലാ ജില്ലാ പദ്ധതികളും മുന്നോട്ട് വയ്ക്കുന്നത്. വിവിധ തലങ്ങളിലുള്ള പ്രാദേശിക സർക്കാരുകളുടെയും വകുപ്പുകളുടെയും വിവിധ പദ്ധതികളുടെയും സംയോജനം പ്രോത്സാഹിപ്പിക്കുവാനും പുതിയ വികസന സാദ്ധ്യതകൾ നിർവ്വഹണ യോഗ്യമാക്കുന്നതിനും ജില്ലാ പദ്ധതികൾ ലക്ഷ്യം വയ്ക്കുന്നുണ്ട്. മാറി മാറി വരുന്ന സാഹചര്യത്തിനനുസരിച്ച് പണ്ടുമുതലേ പിൻതുടരുന്ന പദ്ധതി രൂപീകരണ നിർവ്വഹണരീതിയിൽ നിന്നും മാറി ചിന്തിക്കേണ്ടതിന്റെ ആവശ്യകതയും സാമ്പത്തിക, സാമൂഹിക, പരിസ്ഥിതി ആവശ്യങ്ങൾക്ക് ശ്രദ്ധനൽകുന്ന പരിപ്രേക്ഷ്യ പദ്ധതികൾ (Perspective Plan) പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കേണ്ട ആവശ്യകതയും ജില്ലാപദ്ധതിയിൽ ഊന്നൽ നൽകുന്നുണ്ട്. പ്രാദേശിക സർക്കാരുകൾ ആകട്ടെ ഭൗതിക നേട്ടമില്ലാത്ത ചെറിയ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന സ്ഥിതിയാണ് പൊതുവെ നിലവിലുള്ളതെന്നും സംസാരമുണ്ട്. ഇതിന് പകരം ജില്ലയ്ക്കോ സംസ്ഥാനത്തിനോ മുഴുവൻ ഗുണം ലഭിക്കുന്ന സംയോജിത സാദ്ധ്യതയുള്ള പദ്ധതികൾ കണ്ടെത്താൻ പ്രാദേശിക സർക്കാരുകൾക്ക് സാധിച്ചാൽ അത് വികസന പ്രക്രിയയിൽ വലിയൊരു മാറ്റത്തിന്റെ തുടക്കം തന്നെയായിരിക്കും. ദീർഘകാല ദർശനത്തിൽ പദ്ധതികളും പരിപാടികളും കണ്ടെത്തി നടപ്പിലാക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമായ പിന്തുണ സർക്കാർ നൽകേണ്ടതായിട്ടുണ്ട്. അടിസ്ഥാന സൗകര്യം, ഉൽപാദനം, വ്യവസായം, കൃഷി, ടൂറിസം തുടങ്ങിയ മേഖലകളിൽ സംയോജിത സാദ്ധ്യതയുള്ള പദ്ധതികൾ പ്രാദേശിക സർക്കാരുകൾക്ക് ഏറ്റെടുക്കാൻ വലിയ സാദ്ധ്യത ഉണ്ടെന്നിരിക്കെ അത്തരത്തിലുള്ള ശ്രദ്ധേയമായ ഇടപെടലുകൾ ഒന്നും തന്നെ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. പൊതു-സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കി തൊഴിൽ സൃഷ്ടിക്കാൻ പറ്റുന്ന ഒട്ടനവധി പരിപാടികൾ പ്രാദേശിക തലത്തിൽ ആരംഭിക്കുന്നതിന് ശക്തമായ സർക്കാർ ഇടപെ

ടലുകൾ ആവശ്യവുമാണ്. ഇത്തരം സംയോജിത, ബൃഹദ് പദ്ധതികളുടെ രൂപീകരണത്തിനും പഠനത്തിനും വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ (DPR) തയ്യാറാക്കുന്നതിനാവശ്യമായ പിന്തുണാസംവിധാനം ജില്ലാ ആസൂത്രണ സമിതികൾക്കും പ്രാദേശിക സർക്കാരുകൾക്കും നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ റിസോഴ്സ് സെന്ററുകൾ (District Resources Centre) 2019-ൽ സ്ഥാപിതമായിട്ടുണ്ട്. ഇവയെ ശക്തിപ്പെടുത്തുന്നതോടൊപ്പം ജില്ലാ പദ്ധതിയിലെ ഏകോപന, സംയോജിത സാദ്ധ്യതകൾ കണ്ടെത്തുന്നതിൽ സർക്കാരിന് വളരെ വലിയൊരു പങ്ക് വഹിക്കാനുണ്ട്.

പുതിയ നഗരവികസന തന്ത്രങ്ങൾ

കണക്കുകൾ പ്രകാരം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന നഗരവത്ക്കരണ വളർച്ചയുള്ള സംസ്ഥാനമാണ് കേരളം. 2040 ആകുമ്പോൾ സംസ്ഥാനത്തെ 80% ജനതയും നഗരവാസികൾ ആയിരിക്കും. എന്നാൽ നഗരവികസനം ഉയർത്തുന്ന വെല്ലുവിളികളുടെ കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വേറിട്ട് നിൽക്കുന്നു. ഇപ്പോൾ നടക്കുന്ന നഗര തദ്ദേശ സ്ഥാപനാധിഷ്ഠിതമായ നഗരവത്ക്കരണത്തിനും അപ്പുറം വിശാലമായ കാഴ്ചപ്പാടോടുകൂടി സംസ്ഥാനം നഗരവത്ക്കരണ ആസൂത്രണം നടത്തേണ്ടതായിട്ടുണ്ട്. ഇതിനായി പല സംസ്ഥാനങ്ങളിലും നടക്കുന്നതുപോലെ നഗര സഞ്ചയാധിഷ്ഠിതമായ (Urban Agglomerations) വികസന തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഒരു പ്രധാന നഗരത്തോട്, അത് ചിലപ്പോൾ കോർപ്പറേഷൻ അല്ലെങ്കിൽ മുനിസിപ്പൽ പ്രദേശത്തോട് ചേർന്ന് തുടർച്ചയായി കിടക്കുന്ന നഗര സ്വഭാവത്തിലുള്ള ടൗണുകൾ, ഔട്ട് ഗ്രോത്തുകൾ എന്നിവ ചേരുന്ന പ്രദേശത്തെ മൊത്തത്തിൽ ഒരു നഗര സഞ്ചയമായി കണക്കാക്കിയുള്ള പ്രവർത്തനങ്ങൾക്ക് നാം മുൻഗണന കൊടുക്കേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തെ പല നഗര പ്രദേശങ്ങളും അടിസ്ഥാന സൗകര്യം അടക്കമുള്ള വിഷയങ്ങളിൽ ഗുരുതര പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ട്. നഗരങ്ങളായി കണക്കാക്കിയിട്ടുള്ള പ്രദേശങ്ങളേക്കാൾ ദ്രുതഗതിയിൽ നാഗരികതയിലേക്ക് ചുവടുമാറ്റം നടത്തുന്ന ധാരാളം ഗ്രാമ പ്രദേശങ്ങൾ സംസ്ഥാനത്തുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. നഗര ഇടനാഴികളും, നഗരസഞ്ചയങ്ങളും സംസ്ഥാനത്ത് ധാരാളമുണ്ട്. നാഗരികത ഉയർത്തുന്ന എല്ലാ വികസന പ്രശ്നങ്ങളും വെല്ലുവിളികളും ഇന്ന് സംസ്ഥാനത്തെ ഒട്ടുമിക്ക പ്രദേശങ്ങളും അഭിമുഖീകരിക്കുന്നുണ്ട്. പ്രാദേശിക വികസനത്തിനും അപ്പുറത്തേയ്ക്ക് സംസ്ഥാന വികസനം നാഗരികതയിലേക്ക് ചുവടുമാറ്റിയിട്ടുണ്ട് എന്ന് പറയുന്നതാണ് കൂടുതൽ അഭികാമ്യം. ഇന്ന് സംസ്ഥാനം അഭിമുഖീകരിക്കുന്ന നഗരവത്ക്കരണം ഉയർത്തുന്ന പ്രശ്നങ്ങൾ ഒട്ടും ചെറുതല്ല. അതിനാൽ ഈ വെല്ലുവിളികളെ തരണം ചെയ്യുന്നതിന് സ്ഥലപരാസൂത്രണ (Spacial Plan) സാദ്ധ്യതകൾ കൂടി വിന്യസിപ്പിച്ച് ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഇതിനായി പ്രത്യേകമായ പദ്ധതികളും തന്ത്രങ്ങളും സംസ്ഥാന തലത്തിലും പ്രാദേശിക തലത്തിലും സർക്കാരുകൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. പാരിസ്ഥിതികവും സാമൂഹികവുമായ വെല്ലുവിളികളെ തരണം ചെയ്യുന്ന സ്മാർട്ട് ഹരിത സംയോജിത നഗര വികസനം, നിലവിലെ നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, മാലിന്യ സംസ്കരണം, ശുചിത്വം, കുടിവെള്ളം, പാർപ്പിടം തുടങ്ങിയ മേഖലകളിൽ എല്ലാം തന്നെ വികേന്ദ്രീകൃതവും പൊതു/സ്വകാര്യ സംരംഭ സാദ്ധ്യതകളും പരമാവധി ഉപയോഗപ്പെടുത്തുന്ന നഗര വികസന ഇടപെടലുകൾ സർക്കാർ പരീക്ഷിക്കേണ്ട സമയം ഏറെ അതിക്രമിച്ചിരിക്കുന്നു.

ദുരന്തനിവാരണവും പാരിസ്ഥിതിക സാദ്ധ്യതകളും

കേരളത്തിന്റെ പാരിസ്ഥിതിക ചുറ്റുപാടിൽ കാലാവസ്ഥ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും പരിസ്ഥിതി ലോല പ്രദേശങ്ങളുടെ സാന്നിദ്ധ്യവും ഉയർത്തുന്ന വെല്ലുവിളി ഒട്ടും ചെറുതല്ല. ദുരന്തങ്ങൾക്ക് പ്രാദേശിക സ്വഭാവം ചിലപ്പോഴെങ്കിലും ഉണ്ടാകാറുണ്ടെങ്കിലും അടുത്തിടെ ഉണ്ടായിട്ടുള്ള പ്രളയവും കൊവിഡ് മഹാമാരിയും സംസ്ഥാനത്തെ ആകമാനം ബാധിച്ചിട്ടുള്ളതാണ്. ദുരന്തങ്ങൾ വിതയ്ക്കുന്ന നാശനഷ്ടങ്ങളുടെ കാഠിന്യം പ്രാദേശികമായി നടത്താമായിരുന്ന ചില ഇടപെടലുകളിലൂടെ ലഘൂകരിക്കാൻ സാധിക്കുമെന്നും ഇതിനായി പ്രാദേശിക സർക്കാരുകളുടെ ദുരന്ത തയ്യാറെടുപ്പ് കാര്യക്ഷമമാക്കണമെന്നും കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ഗ്രാമ/നഗര പ്രാദേശിക സർക്കാരുകളും ദുരന്ത നിവാരണ പദ്ധതികൾ (Disaster Management Plan) തയ്യാറാക്കിയിട്ടുണ്ട്. പ്രാദേശികമായി ദുരന്ത സാദ്ധ്യതകൾ ലഘൂകരിക്കണമെങ്കിൽ ദുരന്ത നിവാരണ പദ്ധതി നിർദ്ദേശങ്ങൾ ഓരോ പ്രാദേശിക സർക്കാരുകളുടെയും പദ്ധതികളുടെ ഭാഗമാകേണ്ടതും അവയുടെ നിർവ്വഹണം നടത്തേണ്ടതും അനിവാര്യമാണ്. കൂടാതെ പരിസ്ഥിതിക്ക് നിർദ്ദോഷമായ ഉത്പാദന സമ്പ്രദായങ്ങളും, ഉത്പാദന, ഉപഭോഗ രീതികളും പാരിസ്ഥിതിക ജൈവഘടനയുടെ സംരക്ഷണം ഉറപ്പാക്കുന്ന തന്ത്രങ്ങളും പ്രാദേശിക തലത്തിൽ നാം ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്.

തൊഴിൽ ശക്തിയുടെ വിനിയോഗ സാദ്ധ്യതകൾ

സംസ്ഥാന ജനസംഖ്യയുടെ 60% ത്തോളം തൊഴിൽ ശക്തി (Labour Force) അഥവാ 15-59 പ്രായത്തിനുള്ളിൽ ഉൾപ്പെട്ടവർ ആണെങ്കിലും ഇന്ന് സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം തൊഴിൽ ശക്തിയെ ഫലപ്രദമായി വിനിയോഗിക്കാൻ ഉതകുന്ന തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുക എന്നത് തന്നെയാണ്. സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം തൊഴിൽ ശക്തിയിലെ 9% പേരും തൊഴിൽ രഹിതരാണ്. കണക്കുകൾ പരിശോധിച്ചാൽ ജനസംഖ്യയുടെ 52% വനിതകൾ ആയിരിക്കെ അവരുടെ തൊഴിൽ സേന പങ്കാളിത്ത നിരക്ക് 24.6% മാത്രവുമാണ്. അതേ പോലെ തന്നെ സംസ്ഥാന ജനസംഖ്യയിൽ 23% വരുന്ന യുവജനങ്ങളിൽ (15-29 നും ഇടയിൽ പ്രായമുള്ളവർ) 35.2% പേരും തൊഴിൽ രഹിതരുമാണ് എന്നത് സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രതയെയുമാണ് കാണിക്കുന്നത്. സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം 34.3 ലക്ഷം പേർ സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. ഗ്രാമീണ മേഖലയിൽ ഉള്ള സ്ത്രീകളിൽ 57.8% പേരും തൊഴിൽ രഹിതരാണ്. വർഷാവർഷങ്ങളിൽ B.Tech, ഡിപ്ലോമ അടക്കമുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിച്ചിറങ്ങുന്നവരുടെ എണ്ണവും യോഗ്യതക്കനുസരിച്ച് തൊഴിൽ കണ്ടെത്താൻ പറ്റാത്തവരുടെ (Under unemployment) എണ്ണവും സംസ്ഥാനത്ത് അനുദിനം കുതിച്ചുയരുകയാണ്. ഈ തൊഴിൽ ശക്തിയെ



ക്കുന്നുണ്ടെങ്കിലും ഉത്പാദന മേഖലയിലെ സംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിലും വ്യാവസായിക മേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനുമുള്ള പദ്ധതികളും പരിപാടികളും ഏറ്റെടുക്കുന്നതിലും ഒട്ടുമിക്ക പ്രാദേശിക സർക്കാരുകളും വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്നതൊരു യാഥാർത്ഥ്യമാണ്.

ജനകീയാസൂത്രണത്തിന്റെ ഫലമായി കാർഷിക മേഖലയിലും മാനവ വികസനം, സാമൂഹ്യ സുരക്ഷ തുടങ്ങിയവയിൽ എല്ലാം വലിയ രീതിയിൽ മുന്നേറ്റം നടത്താൻ സംസ്ഥാനത്തിന് സാദ്ധ്യമായിട്ടുണ്ടെങ്കിലും വ്യവസായ മേഖലയിൽ അത്തരം മുന്നേറ്റം നടത്താൻ സാധിച്ചിട്ടുണ്ടോ എന്നത് വിശകലന വിധേയമാക്കേണ്ട വസ്തുതയാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളം പ്രാദേശികമായി സൃഷ്ടിക്കുന്ന ഉത്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ സൃഷ്ടിക്കുവാൻ വ്യവസായ മേഖലയെ ഫലപ്രദമായി വിനിയോഗിക്കുകയും അതേപോലെ അനന്തമായ വികസന സാദ്ധ്യതകളുള്ള ചെറുകിട/കുടിൽ തൊഴിൽ സംരംഭങ്ങളുടെ പുനഃരുജ്ജീവനവും പ്രോത്സാഹനവും പ്രാദേശികമായി ഉറപ്പാക്കിയാൽത്തന്നെ വലിയൊരു വികസന കുതിപ്പ് സാദ്ധ്യമാക്കാൻ പറ്റുന്നതാണ്. തദ്ദേശ സ്ഥാപനങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും സ്വകാര്യ വ്യക്തികളുടെയും അധീനതയിൽ ഉപയോഗശൂന്യമായതും അടച്ചിട്ടതുമായ വ്യവസായ എസ്റ്റേറ്റുകളും വ്യവസായ പാർക്കുകളും വ്യവസായ സംരംഭങ്ങളും വ്യവസായ യൂണിറ്റുകളും പലതും ശ്രദ്ധിക്കാതെ പോവുകയാണ്. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ പ്രാദേശികമായി ഉറപ്പാക്കിക്കൊണ്ട് ഉത്പാദന മേഖലയിൽ പ്രാദേശിക സർക്കാരുകൾ നിർബന്ധമായും ഒരു നിശ്ചിത തുക വകയിരുത്തുന്നതുപോലെ വ്യാവസായിക മേഖലയിലും നടപ്പിലാക്കിയാൽ കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കാൻ സാധിക്കും. സ്വകാര്യ സംരംഭ കരെ പ്രോത്സാഹിപ്പിക്കേണ്ടതും സംയുക്ത വ്യവസായ സംരംഭങ്ങളുടെ സാദ്ധ്യതകൾ കണ്ടെത്തേണ്ടതും ഇനിയും പരീക്ഷിക്കപ്പെടേണ്ടതുതന്നെയാണ്. കാർഷിക മേഖല പോലെ തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ നട്ടെല്ലായി വ്യവസായ മേഖലയെയും മാറ്റിയെടുക്കാനുള്ള സാദ്ധ്യതകൾ കണ്ടെത്താൻ സാധിച്ചാൽ സംസ്ഥാന വികസനത്തിന്റെ ദിശ തന്നെ മാറിയെന്ന് വരും.

പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിൽ പ്രാദേശികമായ സാദ്ധ്യതകൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. ഉയർന്ന തൊഴിലില്ലായ്മയുടെ പ്രധാന കാരണം ഇവിടുത്തെ സ്ത്രീ പുരുഷന്മാർക്ക് ലഭിച്ചിട്ടുള്ള ഉയർന്ന വിദ്യാഭ്യാസവും അതിനനുസരിച്ചുള്ള ജോലി ലഭ്യതക്കുറവുമാണ്. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് പലതും ചെയ്യാനാകും എന്ന തിരിച്ചറിവാണ് 2020-21ൽ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (LEAP) ആരംഭിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. ശരാശരി ഒരു വർഷം കാൽ ലക്ഷം കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് കാർഷിക മേഖല അടക്കമുള്ള ഉത്പാദന മേഖലയിലും വ്യവസായ, സേവന മേഖലകളിലും വലിയ രീതിയിൽ തൊഴിൽ സൃഷ്ടിക്കാനാവും. ഇതിനുള്ള വിശാല പദ്ധതികളും നൂതന മേഖലയിലെ തൊഴിൽ സാദ്ധ്യതകളും കണ്ടെത്തി വിവിധ പരിപാടികൾക്ക് രൂപം നൽകിയാൽ സംസ്ഥാനം ഇന്നഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സാധിക്കും.

ഉത്പാദന മേഖലകളിലെ സംരംഭകത്വ പ്രോത്സാഹനവും വ്യാവസായിക വികസനവും

സ്ഥായിയായ ജീവനോപാധികളും സാമ്പത്തിക വികസനത്തിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ പ്രാദേശിക സർക്കാരുകൾക്ക് ഭരണഘടന സ്വാതന്ത്ര്യം ഉറപ്പാ

സുഭിക്ഷ കേരളം - കാർഷിക മേഖലയിലെ തുടർപ്രവർത്തനങ്ങൾ

കൊവിഡ് കാല അതിജീവനവും ഭക്ഷ്യ സുരക്ഷയും ലക്ഷ്യമാക്കി 'സുഭിക്ഷ കേരളം' പദ്ധതി 2020-21 മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. 3,860.00 കോടി രൂപയുടെ പദ്ധതികളാണ് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ മേഖലകളിൽ വിവിധ വകുപ്പുകളുടെയും പ്രാദേശിക സർക്കാരുകളുടെയും നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്. കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ജീവനോപാധികൾ നഷ്ടമായ പ്രവാസികളെയും യുവജനങ്ങളെയും കാർഷിക അനുബന്ധ മേഖലകളിലേക്ക് ആകർഷിക്കുക, വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക, ഭക്ഷ്യ സ്വയം പര്യാപ്തത, തരിശു ഭൂമിയുടെ പൂർണ്ണമായ വിനിയോഗം എന്നിവ 'സുഭിക്ഷ കേരളം' പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നു. പ്രാദേശിക സർക്കാരുകൾ ഈ പദ്ധതിയുടെ നടത്തിപ്പിൽ നേതൃത്വപരമായ പങ്കാണ് വഹിക്കുന്നത്. സംസ്ഥാനത്തെ കൃഷി അനുബന്ധ മേഖലയിൽ വലിയൊരു കുതിച്ചുചാട്ടം തന്നെ ഉണ്ടാക്കിയെടുക്കാൻ ഈ പദ്ധതി വഴി സാധിച്ചിട്ടുണ്ട്. കാർഷിക ഉൽപന്നങ്ങളുടെ വലിയ രീതിയിലുള്ള ഉത്പാദനം നടന്നിട്ടുണ്ടെങ്കിലും ഈ ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണവും വിപണനവും വിവിധ വകുപ്പുകളുടെയും കാർഷിക ഏജൻസികളുടെയും സംയോജനവും സാദ്ധ്യമായെങ്കിൽ മാത്രമേ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം നേടിയെടുക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്തെ കാർഷിക ഉത്പാദന മേഖലയിൽ സംരഭകത്വ പ്രോത്സാഹനവും വികസനവും വലിയ രീതിയിൽ സാദ്ധ്യമാക്കിയാൽ മാത്രമേ ഈ പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനം സാദ്ധ്യമാകൂ. ഇതിനായി സർക്കാരിന്റെ വലിയ ഇടപെടലുകൾ ആവശ്യമാണ്.

കൃഷി അനുബന്ധ മേഖലകളുടെ വളർച്ച ഉറപ്പാക്കുവാനും ഈ മേഖലയിലേക്ക് കൂടുതൽ യുവജനങ്ങളെയും അഭ്യസ്തവിദ്യരെയും ആകർഷിക്കുവാനും ഭൂമിയുടെ പൂർണ്ണമായ വിനിയോഗം സാദ്ധ്യമാക്കുവാനുമുള്ള ഇടപെടലുകൾ നടത്തുവാൻ പ്രാദേശിക സർക്കാരുകൾക്ക് സാധിക്കും. സംസ്ഥാനത്തെ കൃഷിയുടെ മേൽക്കോയ്മ ഗ്രാമ പ്രദേശത്തെ 95%ൽ അധികം വരുന്ന നാമമാത്ര ചെറുകിട കൃഷിക്കാരിൽ നിക്ഷിപ്തമാണ്. ഇവരിൽ ഭൂരിഭാഗവും 1/2 ഏക്കറിൽ കുറവ് ഭൂമിയുള്ളവരുമാണ്. കൂട്ടുകൃഷി പ്രാദേശിക സർക്കാരുകൾ മുഖമുദ്രയാക്കേണ്ടതും കാർഷിക മേഖലയിൽ പ്രാദേശിക തലത്തിൽ കൂടുതൽ വാണിജ്യ സംരംഭങ്ങളും ഉത്പാദന കമ്പനികളും രൂപീകരിച്ച് വലിയ മുന്നേറ്റങ്ങൾ നടത്തേണ്ടതായിട്ടുമുണ്ട്. തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കുവാൻ "ലേബർ ബാങ്കുകൾ" പ്രാദേശിക സർക്കാർ തലത്തിൽ ആരംഭിച്ചാൽ നിലവിലുള്ള കൂലിയിൽ പ്രദേശത്തുള്ളവർക്ക് ജോലി ഉറപ്പാക്കുവാനും സാധിക്കും. കാർഷിക മേഖലയിൽ നൂതന കാർഷിക വിപണന രീതികൾ പരീക്ഷിക്കുന്നതോടൊപ്പം സംസ്ഥാനത്ത് വളർന്നുവരുന്ന വിജ്ഞാന സമ്പദ് വ്യവസ്ഥയുമായി (Knowledge Economy) കാർഷിക മേഖലയെ സംയോജിപ്പിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിക്കേണ്ടിയിരിക്കുന്നു.

സാമൂഹിക സുസ്ഥിരതയും പ്രത്യേക വിഭാഗങ്ങൾക്കായുള്ള പദ്ധതികളും

സംസ്ഥാന, പ്രാദേശിക സർക്കാരുകൾ പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം തുക പട്ടികജാതി പട്ടിക വർഗ്ഗം, വനിതകൾ, ശിശുക്കൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ, വൃദ്ധർ തുടങ്ങിയ സാമൂഹികമായി ദുർബല വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾക്ക് നിർബന്ധമായും വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇവർക്കായി ഏറ്റെടുക്കുന്ന പദ്ധതികളുടെ ഗുണനിലവാരവും ഫലപ്രാപ്തിയും വിശകലന വിധേയമാക്കേണ്ടതുതന്നെയാണ്. കാലഹരണപ്പെട്ടതും തികച്ചും സാമ്പ്രദായികമായ രീതിയിലുള്ള പദ്ധതികളാണ് പല പ്രാദേശിക സർക്കാരുകളും ഇന്നും ഈ മേഖലകളിൽ ഏറ്റെടുക്കുന്നതെന്ന് കാണാവുന്നതാണ്. മാറുന്ന കാലഘട്ടത്തിനനുസരിച്ചുള്ള നൂതന പദ്ധതികൾ ഈ മേഖലയിൽ ഏറ്റെടുക്കാനുള്ള ഇച്ഛാശക്തി പ്രാദേശിക സർക്കാരുകൾക്ക് ഉണ്ടാകേണ്ടതാണ്. രണ്ടാം തലമുറ ഉയർത്തുന്ന പ്രശ്നങ്ങളും സംസ്ഥാനത്തെ ജനസംഖ്യയിൽ വർദ്ധിച്ചുവരുന്ന വയോജനങ്ങളുടെ എണ്ണവും അവരുടെ ക്ഷേമം ഉറപ്പാക്കുന്ന പദ്ധതികളും മറ്റും പ്രാദേശികമായി രൂപപ്പെടുത്തേണ്ട തലത്തിലേക്കാണ് പല പഠനങ്ങളും വിരൽ ചൂണ്ടുന്നത്. മാനവ വികസനത്തിനും സാമൂഹ്യക്ഷേമത്തിനും കൂടുതൽ തുക സംസ്ഥാനം വകയിരുത്തുമ്പോൾ മാനവ മൂലധനത്തിന്റെ പരമാവധി ഉപയോഗം കണ്ടെത്താവുന്ന പദ്ധതികൾക്കും യുവജനക്ഷേമം ഉറപ്പാക്കുന്ന പദ്ധതികൾക്കും പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട്. പ്രത്യേക പദ്ധതികൾക്കായി വകയിരുത്തുന്ന തുകകൾ പ്രാദേശിക സർക്കാരുകൾ പൂർണ്ണമായും വിനിയോഗിക്കുന്നില്ല എന്നൊരാക്ഷേപവും കാലാകാലങ്ങളായി നിലനിൽക്കുമ്പോൾ തന്നെ ദുർബല വിഭാഗങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രയോജനകരമായ പദ്ധതികളിലും പരിപാടികളിലും വിഭവങ്ങൾ ഫലപ്രദമായി തിരിച്ചുവിടുന്നതിനുള്ള തന്ത്രപരമായ ഇടപെടലുകളും അതിനായി സംസ്ഥാനത്തിന് ഒരു നയവും (Policy) അനിവാര്യമായിരിക്കുകയാണ്.

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി ഒരു സംയോജിത സമീപനം കൈക്കൊള്ളുന്നതിന്റെ ഭാഗമായി അതാത് ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ 2018-ൽ ജില്ലാ പദ്ധതികൾക്ക് (District Plan) രൂപം നൽകുകയുണ്ടായി. പ്രാദേശികവും ധനപരവും, വകുപ്പ് തലത്തിലുമുള്ള വികസന സാദ്ധ്യതകളും ബഹുതല ആസൂത്രണ സാദ്ധ്യതകളും സമന്വയിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു വികസന കാഴ്ചപ്പാടാണ് എല്ലാ ജില്ലാ പദ്ധതികളും മുന്നോട്ട് വയ്ക്കുന്നത്.

ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയും (GPDP) കേരള വികസന മാതൃകയും

ജനകീയാസൂത്രണത്തിന്റെ സാദ്ധ്യതകൾ തിരിച്ചറിഞ്ഞ കേന്ദ്രസർക്കാർ, 2017-ൽ കേരളത്തിന്റെ ജനകീയാസൂത്രണം അതേ മാതൃകയിൽ പിന്തുടർന്ന് രാജ്യവ്യാപകമായി 'People Plan Campaign

(PPC)ന് തുടക്കം കുറിക്കുകയും ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) എന്ന പേരിൽ അത് രാജ്യത്തെ രണ്ടര ലക്ഷത്തിലധികം വരുന്ന ഗ്രാമപഞ്ചായത്തുകളിലും ആരംഭിക്കുകയുമുണ്ടായി. സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രാദേശിക സർക്കാരുകൾക്ക് വികസന പദ്ധതി രൂപീകരണത്തിനായി തുക വകയിരുത്തുന്നതിന്റെ ചുവടുപിടിച്ച് കേന്ദ്രസർക്കാരാകട്ടെ രാജ്യത്തെ ഓരോ ഗ്രാമപഞ്ചായത്തുകൾക്കും കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതമായി ലഭിക്കുന്ന തുക ഉപയോഗിച്ച് GPDP യിൽ വിവിധ വികസന പദ്ധതികൾക്ക് രൂപം നൽകുവാൻ നിർദ്ദേശം നൽകുകയുമുണ്ടായി. ഇതിന്റെ ഭാഗമായി 15-ാം ധനകാര്യ കമ്മീഷൻ (2020-25) മുതൽ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന ധനകാര്യ കമ്മീഷൻ വിഹിത വിതരണത്തിൽ ബോധപൂർവ്വമായ ചില ഇടപെടലുകൾ കേന്ദ്രം നടത്തുകയുണ്ടായിട്ടുണ്ട്.

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ 2020-21 സാമ്പത്തിക വർഷത്തേക്ക് കേരളത്തിലെ തദ്ദേശ സർക്കാരുകൾക്ക് അനുവദിച്ച 1628.00 കോടി രൂപയും 2021-22 ൽ അനുവദിച്ച 1795.00 കോടി രൂപയും ഉപയോഗിച്ച് GPDP യിൽ പദ്ധതികൾ ഏറ്റെടുക്കാൻ കേന്ദ്രം നിർദ്ദേശിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് ഏറ്റെടുക്കുന്ന പദ്ധതികൾ എല്ലാം തന്നെ GPDP പോർട്ടലായ e-GramSwaraj-ൽ അപ്‌ലോഡ് ചെയ്യാനും സംസ്ഥാനങ്ങൾക്ക് കേന്ദ്ര പഞ്ചായത്ത്‌രാജ് മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതമായി തദ്ദേശ സർക്കാരുകൾക്ക് നൽകിയ തുകയിൽ 2020-21-ലെ 50% വും 2021-22-ലെ തുകയിൽ 60% വും പ്രത്യേക ഉദ്ദേശ (Tied Aid) ഗ്രാന്റായിട്ടാണ് നൽകിയിരിക്കുന്നത്. ഈ തുക കുടിവെള്ളം, ശുചിത്വം തുടങ്ങി ചില പ്രത്യേക മേഖലകളിൽ മാത്രമേ വിനിയോഗിക്കാവൂ എന്നും കേന്ദ്രസർക്കാർ പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ തദ്ദേശ സർക്കാരുകൾക്ക് തങ്ങളുടെ പ്രാദേശികമായ വികസന വിടവുകൾ നികത്തുവാൻ തുക ആവശ്യമായി വരുന്ന പല മേഖലകളിലും ഈ തുക ഉപയോഗിക്കാൻ സാധിക്കാതെ വരുകയാണ്. പ്രാദേശിക വികസനത്തിൽ ഏറെ മുന്നിലുള്ള കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ വളരെ വലുതാണ്. GPDPയിലൂടെ പ്രാദേശിക വികസനദിശ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന രീതിയിൽ തിരിച്ച് വിടുമ്പോൾ സംസ്ഥാനത്തെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അന്തഃസത്ത ബോധപൂർവ്വം പൊളിച്ചെഴുതുന്നതിനുള്ള കേന്ദ്രീകൃതമായ ചില ഇടപെടലുകളായി പലരും ഇതിനെ വിലയിരുത്തുന്നുണ്ട്. ഇതിൽ ചില വസ്തുതകൾ ഇല്ലാതില്ല. കേരളത്തിൽ മാനവ, സാമൂഹ്യ, അടിസ്ഥാന സൗകര്യ മേഖലകളിൽ വികസന വിടവുകൾ കുറവാണെന്ന കണ്ടെത്തലിലേക്കാണ് കഴിഞ്ഞ മൂന്ന് വർഷക്കാലവും കേന്ദ്രസർക്കാർ നടത്തിയ മിഷൻ അന്ത്യോദയ സർവ്വേ റിപ്പോർട്ടിൽ കേരളം തുടർച്ചയായി നേടിയ ഒന്നാം റാങ്ക് കൃത്യമായി വിരൽചൂണ്ടുന്നത്. വരും വർഷങ്ങളിൽ പ്രാദേശിക സർക്കാരുകൾക്ക് കേന്ദ്രം നൽകുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മാനദണ്ഡങ്ങൾ സംസ്ഥാനത്തെ എത്രകണ്ട് ബാധിക്കും എന്നതും സർക്കാർ മുൻകൂട്ടി കാണേണ്ടത് തന്നെയാണ്.

പ്രാദേശിക സർക്കാരുകളെ മുൻനിർത്തി സംസ്ഥാനം വികസനത്തിന്റെ അടുത്ത ഒരു ഘട്ടത്തിലേക്ക് ചില കാൽവയ്പുകൾ നടത്തുമ്പോൾ കഴിഞ്ഞ കാൽ നൂറ്റാണ്ടിനുള്ളിൽ കേവലം ഗ്രാമീണ കൂട്ടായ്മകളിലൂടെ ആരംഭിച്ച് ജനകീയ മുന്നേറ്റങ്ങളിലൂടെ പുത്തൻ കാലഘട്ടത്തിന്റെ അനിവാര്യതയിലേക്ക് വികേന്ദ്രീകൃത ഭരണം വളർന്നിരിക്കുന്നു എന്ന് കാണാവുന്നതാണ്. ജനീയാസൂത്രണം എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം കേവലം ഭരണരംഗത്തെ ഒരു പരീക്ഷണം എന്നതിനുമപ്പുറം സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, വനിതാ ശാക്തീകരണ മേഖലകളിൽ വിപ്ലവകരമായ മാറ്റത്തിന് തുടക്കമിടാൻ കരുതിവച്ച തുറുപ്പുചീട്ട് തന്നെയാണ്. പുതിയ യുഗത്തിലേക്കുള്ള കാൽവയ്പിലും ജനകീയാസൂത്രണവും വികേന്ദ്രീകൃത ഭരണ സംവിധാനങ്ങളും തന്നെയായിരിക്കും വികസന കുതിപ്പിനുള്ള നമ്മുടെ വജ്രായുധം. അതിന് മൂർച്ച കൂട്ടാനുള്ള നയങ്ങളും നടപടികളുമാണ് നമുക്കിനി വേണ്ടത്.

ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്

പശ്ചിമഘട്ടവും പ്രകൃതിപാഠങ്ങളും

■ ഡോ. ബി. ബാലചന്ദ്രൻ

രണ്ടാം ലോകയുദ്ധത്തിന്റെ അവശിഷ്ടങ്ങൾ കോരിമാറ്റാനുള്ള പരിപാടികൾ ഇഴഞ്ഞിഴഞ്ഞ് നീങ്ങുകയാണ്. ആവശ്യമായ യന്ത്രസാമഗ്രികൾക്കും സാങ്കേതിക വിദ്യയ്ക്കുമായുള്ള അന്വേഷണം നടക്കുന്ന വേളയിൽ റോയൽ ആംഡ് ഫോഴ്സിൽ (RAF) സേവനമനുഷ്ഠിച്ചിരുന്ന ജോസഫ് സിറിൽ ബാംഫോർഡിന്റെ ബുദ്ധിയിൽ തെളിഞ്ഞതാണ് JCB (1945) എന്ന മൂന്നക്ഷരിയന്ത്രമായ എക്സ്കവേറ്ററിന്റെ ചിത്രം. ദുരന്താവശിഷ്ടം കോരിമാറ്റാനുള്ള ദൗത്യവുമായി അവതരിച്ച എക്സ്കവേറ്റർ നമ്മുടെ ഭൂമിക്കുമേൽ എകിറുകളാഴ്ത്തി കൊടിയ ദുരന്തങ്ങൾ സംഭവിപ്പിക്കുന്നു. എക്സ്കവേറ്റർ എന്ന പേരിൽ പി.കെ. സുധി എഴുതിയ കഥയുണ്ട്; എക്സ്കവേറ്റർ കഥാപാത്രമായി വരുന്ന മലയാളത്തിലെ ആദ്യത്തെ കഥ. 'നിങ്ങൾക്കിവനെ മുയലാക്കാൻ പറ്റുമോ?' - എന്ന് കഥയിലെ ആമിന, ഡ്രൈവർ മുരുകനോട് ചോദിക്കുന്നു. ഉള്ളുലയ്ക്കുന്ന ആ ചോദ്യം പാരിസ്ഥിക രാഷ്ട്രീയത്തിന്റെ അടിത്തറയിൽ ഉരുവംകൊണ്ടതാണ്. കേരളത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ പല കാരണങ്ങളാൽ ശിഥിലമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് നമ്മുടെ പശ്ചിമഘട്ടവും കേരളവുമായി ബന്ധപ്പെടുത്തിയുള്ള വിചാരങ്ങൾക്കും വിചാരണകൾക്കും ഏറെ പ്രസക്തിയുണ്ട്.

ഹിമാലയത്തെക്കാളേറെ മൂപ്പുണ്ട് നമ്മുടെ പശ്ചിമഘട്ട പർവ്വതനിരകൾക്ക്. ഗുജറാത്തിലെ തപ്തി നദിയുടെ തെക്കുഭാഗത്തെ സോംഗധ് നഗരത്തിൽ നിന്നാരംഭിച്ച് തമിഴ്നാട്ടിലെ സ്വാമിത്തോപ്പിനടുത്തെ മരുത്വാമലവരെ ആയിരത്തിയറുന്നൂറിലധികം കിലോമീറ്റർ ദൂരം വരെ വ്യാപിച്ചുകിടക്കുകയാണ് സഹ്യാദ്രി എന്ന ഈ പർവ്വത ശൃംഖല. ഗുജറാത്ത്, കർണാടകം, ഗോവ, മഹാരാഷ്ട്ര, കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലൂടെയാണ് പശ്ചിമഘട്ട

പർവ്വതനിര കടന്നുപോകുന്നത്. ഇന്ത്യയുടെ ഭൂഭാഗത്തിന്റെ ആറ് ശതമാനത്തോളം വരുന്ന ഈ ഭൂപ്രദേശം ഉപഭൂഖണ്ഡത്തിലെ മുപ്പതു ശതമാനത്തോളം വൃക്ഷജന്തു സസ്യ ജാലങ്ങളുൾക്കൊള്ളുന്നു. പശ്ചിമഘട്ടത്തിന്റെ ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം പരിഗണിച്ചിട്ടാണ് ഇതിനെ ലോകപൈതൃകപ്പട്ടികയിലെ ഏറ്റവും പ്രധാനപ്പെട്ട എട്ടു പ്രതിഭാസങ്ങളിലൊന്നായി യുണെസ്കോ അടയാളപ്പെടുത്തിയിരിക്കുന്നത്. ആയതിൽ ഇരുപതോളം ഇടങ്ങൾ കേരളത്തിന്റെ ഭൂവിഭാഗത്തിലുൾപ്പെട്ടിരിക്കുന്നു. പശ്ചിമഘട്ട പർവ്വതനിരകളിൽ ഏഴായിരത്തിലധികം സപുഷ്പികളായ സസ്യഇനങ്ങളും ആയിരത്തിഎണ്ണൂറിലധികം അപുഷ്പസസ്യജനുസുകളുമുണ്ട്. ആറായിരത്തോളം സൂക്ഷ്മജീവ ജനുസുകൾ ഈ പർവ്വതപ്രദേശത്തുള്ളതായി കണക്കാക്കിയിരിക്കുന്നു. വംശനാശ ഭീഷണി നേരിടുന്ന മുന്നൂറ്റിയിരുപത്തിയഞ്ചോളം ജീവവർഗ്ഗങ്ങൾ സഹ്യപർവ്വതപ്രദേശത്തുണ്ട്. ഇന്ത്യയുടെ നാല്പതുശതമാനത്തോളം ഭൂവിഭാഗത്തിനെ നദീജലപ്രവാഹത്താൽ സംപുഷ്ടമാക്കുന്നത് സഹ്യാദ്രിയാണ്.

കൃഷ്ണ, ഗോദാവരി, ഘടപ്രഭ, മാലപ്രഭ, ഭീമ, തുംഗഭദ്ര, താമ്രപർണി, പാച്ചൈയാർ, കോരയാർ, ചിറ്റാർ, വൈഗ തുടങ്ങി എത്ര നദികൾക്കാണ് ഈ മഹാമല ജന്മമേകിയത്. തനതായ കാർഷിക സംസ്കാരത്തിന് അടിത്തറയിടാൻ പശ്ചിമഘട്ട പർവ്വതനിര നല്കിയ സംഭാവന നിർണ്ണയിക്കുക പ്രയാസമാണ്. ഏഷ്യയിലെ ആനകളുടെ മുപ്പതുശതമാനവും ലോകത്തിലെ കടുവകളുടെ (Panthera tigris) പതിനേഴ ശതമാനവും സ്ഥിതി ചെയ്യുന്നത് ഈ പർവ്വതനിരകളിലാണ്. ഇന്ത്യയിലെ 24 കോടിയിലേറെ ജനങ്ങളുടെ കുടിവെള്ള സ്രോതസ്സാണ് പശ്ചിമഘട്ടപർവ്വതപ്രദേശം.

കേരളത്തിന്റെ ജൈവകലവറയാണ് സഹ്യപർവ്വതനിര. നമ്മുടെ നാല്പത്തിനാല് നദികളും ഉദ്ഭവിക്കുന്നത് സഹ്യപർവ്വതത്തിൽ നിന്നാണ്. പശ്ചിമഘട്ടത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ ആനമുടി കേരളഭൂമിയിൽ സ്ഥിതിചെയ്യുന്നു. മന്നാമലയും മീശപ്പുലിമലയും കേരളക്കരയിലാണുള്ളത്. കേരളത്തിലെ വ്യത്യസ്ത സംസ്കാരത്തിനുടമകളായ ആദിവാസി വിഭാഗങ്ങളാകവേ വസിക്കുന്നത് സഹ്യപർവ്വതത്തിന്റെ തൊട്ടുള്ള പ്രദേശങ്ങളിലാണ്. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്ക് കേരളത്തിന്റെ ഏറ്റവും സമ്പന്നമായ ജൈവവൈവിധ്യമുള്ള പ്രദേശമാണ്. ഈ താലൂക്കിലെ പെരിങ്ങമ്മല, വിതുര, നന്ദിയോട് ഗ്രാമപ്പഞ്ചായത്തുകൾ സഹ്യപർവ്വതനിരകൾക്കടുത്തു കിടക്കുന്നു. ഇതിലേറ്റവും വലിയ പഞ്ചായത്തായ പെരിങ്ങമ്മലയ്ക്ക് അതീവ ജൈവപ്രാധാന്യമുള്ള സ്ഥലമെന്ന നിലയിൽ ഐക്യരാഷ്ട്രസംഘടനയുടെ (യു. എൻ.ഡി.പി) അംഗീകാരം ലഭിച്ചിട്ടുണ്ട്. അതീവഗൗരവത്തോടെ പരിഗണിക്കേണ്ട എട്ടു പ്രദേശങ്ങളിലൊന്നാണിത്. ഇവിടത്തെ

വനഭൂമിയിൽ തനതുജന്തുക്കളും വൃക്ഷങ്ങളും സസ്യങ്ങളുമുണ്ട്.

പെരിങ്ങമ്മലയിലെ ഏറ്റവും പ്രധാനപ്പെട്ട ഇടം ലോകത്തിലെ ഏറ്റവുമധികം ശുദ്ധജലകണ്ടലുകളുള്ള- കാട്ടുജാതിക്കാമരങ്ങൾ (Myoistica swamp)- ഓടുചുട്ടപടുക്കയാണ്. പൊന്നാംപൂ, ചിത്തിരപ്പൂ, കൊത്തപ്പൈൻ, ഉണ്ടപ്പൈൻ, ചോരപ്പത്രി തുടങ്ങിയ അത്യപൂർവ്വങ്ങളായ കാട്ടുജാതിക്കാമരങ്ങൾ ഈ വനപ്രദേശത്തുണ്ട്. ജൈവവൈവിദ്ധ്യ കലവറയുടെ കലവറ എന്നാണ് ശുദ്ധജല കണ്ടലുള്ള ദേശത്തെ തിരിച്ചറിയുന്നത്. ഇവിടം ആനകളുടെ പ്രജനനപ്രദേശം കൂടിയാണ്. തവളവർഗ്ഗത്തിലെ സുവർണ്ണ തവള, ചെമ്പൻതവള, കുതിക്കും തവള, എന്നിവയും കങ്കാരുഓന്ത്, കാട്ടുമണ്ഡലി, കാട്ടാമ, ചൂരലാമ, കടുവ ചിലന്തി തുടങ്ങിയ നാല്പതിലധികം ചിലന്തിവർഗ്ഗങ്ങളും അറുപതോളം വംശത്തിൽപ്പെടുന്ന ചിത്രശലഭങ്ങളും നൂറ്റിയിരുപത്തിയാറിനം പക്ഷികളും ഈ ഭൂവിഭാഗത്തിലുണ്ട്. ഇവയിൽ പലതും വംശനാശഭീഷണിയിൽപ്പെട്ടിരിക്കുന്നു. കൂരമാൻ, കരിങ്കുരങ്ങ് തീക്കാക്ക, കാട്ടുമൂങ്ങ, നെല്ലിക്കോഴി തുടങ്ങിയ അനേകം ജീവിവർഗ്ഗങ്ങൾ വംശനാശത്തിന്റെ വക്കിലാണ്.

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ വെള്ളച്ചാട്ടമായ വെള്ളിമല വെള്ളച്ചാട്ടം പെരിങ്ങമ്മല ഗ്രാമ പഞ്ചായത്തിലാണ്. ചിന്നപ്പുൽമേട് എന്ന മനോഹരമായ പ്രദേശം ഇവിടെ സ്ഥിതി ചെയ്യുന്നു. അരിപ്പ പക്ഷിസങ്കേതം പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിനോടു ചേർന്നു കിടക്കുകയാണ്. ഷാമകിളി, ചാരത്തലയൻ, ബുൾബുൾ, കിന്നരിപ്പരുന്ത്, കോഴിവേഴാമ്പൽ, ഉപ്പൻകുയിൽ എന്നിങ്ങനെ നിരവധി അപൂർവ്വയിനം പക്ഷികൾ ഈ വനമേഖലയിലുണ്ട്.

ആദിവാസി പാരമ്പര്യവൈദ്യത്തിന് പേറ്റന്റ് ലഭിക്കുന്ന ആദ്യത്തെ പ്രദേശമായ ഞാറനീലി പെരിങ്ങമ്മലയിലാണ്. കാട്ടുപോത്തും രാജവെമ്പാലയും സൈ്വരവിഹാരം നടത്തുന്ന ശംഖിലി വനത്തിൽ പൂവം, ചുവന്ന അകിൽ, മഴക്കാഞ്ഞിരം, നാങ്ക്, മലവേപ്പ് തുടങ്ങിയ വൃക്ഷങ്ങളുണ്ട്. ഇരവികുളം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വരയാട്ടുകളുള്ള വരയാട്ടുമുടി ഇടിഞ്ഞാറിലാണ്. പ്രകൃതിദത്തമായ പേറ്റുമുറിയൊക്കെയുള്ള വരയാട്ടുകളുടെ കൂട്ടം ലോകത്തിൽ മറ്റെങ്ങുമില്ല.

പശ്ചിമഘട്ട പർവ്വതനിരകളിൽ ഏഴായിരത്തിലധികം സപുഷ്പികളായ സസ്യഇനങ്ങളും ആയിരത്തിഎണ്ണൂറിലധികം അപുഷ്പസസ്യജനുസുകളുമുണ്ട്. ആറായിരത്തോളം സൂക്ഷ്മജീവ ജനുസുകൾ ഈ പർവ്വതപ്രദേശത്തുള്ളതായി കണക്കാക്കിയിരിക്കുന്നു. വംശനാശ ഭീഷണി നേരിടുന്ന മുന്നൂറ്റിയിരുപത്തിയഞ്ചോളം ജീവവർഗ്ഗങ്ങൾ സഹ്യപർവ്വതപ്രദേശത്തുണ്ട്. ഇന്ത്യയുടെ നാല്പതുശതമാനത്തോളം ഭൂവിഭാഗത്തിനെ നദീജലപ്രവാഹത്താൽ സംപുഷ്ടമാക്കുന്നത് സഹ്യാദ്രിയാണ്.

വിനോദസഞ്ചാര കേന്ദ്രമായ പൊന്മുടി പെരിങ്ങമ്മല പഞ്ചായത്തിലുൾപ്പെട്ട പ്രദേശമാണ്. അപൂർവ്വയിനം ഓർക്കിഡുകളും പ്രത്യേകതകളുള്ള നിരവധി സസ്യവർഗ്ഗങ്ങളും ഈ മലയിലുണ്ട്.

യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ ഏകവൃക്ഷത്തോട്ടങ്ങൾ വനമേഖല നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ്. മറ്റു വൃക്ഷസസ്യജന്തുജാലങ്ങളുടെ നിലനില്പിനെ ബാധിക്കുന്ന തരത്തിലാണ് ഈ അന്തകവൃക്ഷങ്ങൾ ഇടപെടുന്നത്. ഇങ്ങനെ കൃത്രിമമായി നട്ടുപിടിപ്പിച്ച വനമേഖലകളിലുള്ള വന്യ ജീവികൾ അവയുടെ ജീവനോപാധി തടസ്സപ്പെടുകയാൽ ജനവാസമേഖലകളിലേക്ക് കൂട്ടമായി വന്ന് കൃഷി നശിപ്പിക്കുന്നു. കാട്ടുതേനീച്ചയുടെ ആക്രമണഭീഷണിപോലും വനപ്രദേശത്തിനു സമീപമുള്ള സ്ഥലങ്ങളിലെ ജനങ്ങൾ അഭിമുഖീകരിക്കുന്നു.

പരിസ്ഥിതിയെ പരിഗണിക്കാതെയുള്ള വികസന പരിപാടികളുടെ പ്രത്യാഘാതം പ്രളയകാലത്ത് നാം അനുഭവിച്ചു. പ്രകൃതിവിഭവങ്ങളെ ഉപയോഗിക്കുക എന്നതിൽനിന്നു മാറി ചൂഷണത്തിലേക്ക് കടക്കുമ്പോൾ ദുരന്തങ്ങൾ സംഭവിക്കുന്നു. അനുഭവത്തിൽ നിന്നു പഠിക്കുകയാണ് വേണ്ടത്. അനധികൃതഖനനവും വനഭൂമികയ്യേറ്റവുമൊക്കെയായി കേരളത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകിടം മറിച്ചുകൊണ്ടിരിക്കുന്നു. അനധികൃതഖനനങ്ങൾ ഭൂമിയുടെ നിലയെ വല്ലാതെ ബാധിച്ചെന്നുള്ള പഠനങ്ങൾ വന്നു കഴിഞ്ഞു (ദേവകി നന്ദൻ ഭാർഗവ്). മനുഷ്യകേന്ദ്രീകൃതമായ കാഴ്ചപ്പാടിൽ നിന്ന് മാറിയല്ലാതെ വേറേ വഴിയൊന്നുമില്ല. ആർത്തി ഭരിക്കുന്ന ലോകരെയാണ് ഓരോരുത്തരും മാതൃകയായി കാണുന്നത്. 'അന്യബോധ'ത്തിനെതിരെയാണ് യുദ്ധം ചെയ്യേണ്ടത്.

"ഏകോദരസോദരർ നാമേവരു,
മെല്ലാജ്ജീവികളും
ലോകപടത്തിൽ തമ്മിലിണങ്ങിട്ട-
മോതപ്രോതങ്ങൾ" എന്ന ഉള്ളൂർ മഹാകവിയുടെ വിശിഷ്ട വാക്കുകൾ പ്രകൃതിയോടുള്ള നീതിക്ക് തുണയായിത്തീരുമെന്നു പ്രതീക്ഷിക്കാം.

□

ലേഖകൻ പരിസ്ഥിതി പ്രവർത്തകനും റിട്ടയേർഡ് അദ്ധ്യാപകനുമാണ്

കൂറുമാറ്റം അയോഗ്യതയാവും

ജനപ്രതിനിധികളുടെ ശ്രദ്ധയ്ക്ക് –3

■ കെ.ടി. ജോർജ്ജ്

ഭാരത ഭരണഘടനയുടെ 52 -ാം ഭേദഗതിയിലൂടെ (1985) പാർലമെന്റ് അംഗങ്ങളുടെയും സംസ്ഥാന നിയമസഭാംഗങ്ങളുടെയും കൂറുമാറ്റം നിരോധിക്കുന്നതിനു വേണ്ടി ഭരണഘടനയിൽ 10-ാം പട്ടിക ചേർക്കുകയുണ്ടായി. പ്രസ്തുത പട്ടികയിലുള്ള വ്യവസ്ഥകൾക്ക് സമാനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് കേരള സംസ്ഥാനത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ കൂറുമാറ്റം നിരോധിക്കുന്നതിനും കൂറുമാറുന്ന അംഗങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗങ്ങളായി തുടരുന്നതിൽ അയോഗ്യത കൽപ്പിക്കുന്നതിനുമായാണ് 1999-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്ട് നിലവിൽ വന്നത്. എന്നാൽ ഭരണഘടനയുടെ പത്താം പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന രാഷ്ട്രീയകക്ഷികളുടെ പിളർപ്പ്, ലയനം എന്നിവ മൂലമുണ്ടാകുന്ന അയോഗ്യതയിൽ നിന്നുള്ള ഒഴിവാക്കലുകളൊന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള കൂറുമാറ്റങ്ങൾക്ക് ബാധകമല്ല. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒരു രാഷ്ട്രീയ കക്ഷിയുടെ അംഗമായി മത്സരിക്കുകയും തിരഞ്ഞെടുക്കപ്പെട്ട ശേഷം ആ രാഷ്ട്രീയ കക്ഷിയിൽ നിന്നും വിട്ടുപോവുകയും ചെയ്യുന്ന ആൾ ആ രാഷ്ട്രീയകക്ഷിയിലെ അംഗത്വം സ്വമേധയാ ഉപേക്ഷിച്ചതായി പരിഗണിച്ച് അയോഗ്യത ഉണ്ടാകുന്നതാണ്.

ഒരു രാഷ്ട്രീയ കക്ഷിയുടെ അംഗമായോ അതിന്റെ പിന്തുണയോടെയോ തിരഞ്ഞെടുക്കപ്പെട്ട അംഗം ആ രാഷ്ട്രീയ കക്ഷിയുടെ നയങ്ങളും തീരുമാനങ്ങളും പദ്ധതികളും അനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥനാണ്. ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിക്കുന്ന പൊതുവായ നയങ്ങൾ പാലിക്കാതെ വ്യക്തിപരമായ കാര്യങ്ങൾക്ക് വേണ്ടി ആ രാഷ്ട്രീയകക്ഷിയിൽ നിന്നും വിട്ടുനിൽക്കുന്നത് കൂറുമാറ്റമല്ലാതെ മറ്റൊന്നുമല്ല. അതുപോലെ തന്നെയാണ് സ്വന്തമായ ആശയങ്ങളുടെയും കാഴ്ചപ്പാടുകളുടെയും അടിസ്ഥാനത്തിൽ ഒരു രാഷ്ട്രീയപാർട്ടിയിലും അംഗമല്ലാതെ സ്വതന്ത്രനായി മത്സരിച്ച് ജയിച്ചു വന്ന ഒരു അംഗം പിന്നീട് ഒരു രാഷ്ട്രീയ പാർട്ടിയിൽ ചേരുന്നതും ടിയാൾക്ക് അയോഗ്യത ഉണ്ടാകുന്നതിന് കാരണമാണ്. [Rama Bhaskaran v. Kerala State Election Commission, 2018 ICO 203 : 2018 (2) KHC 126 : 2018 (2) KLJ 397]

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരംഗത്തിന് കൂറുമാറി എന്ന കാരണത്താൽ അയോഗ്യത ഉണ്ടാകുന്നത് ആക്ടിലെ 3 -ാം വകുപ്പ് പ്രകാരം താഴെപ്പറയുന്ന സാഹചര്യങ്ങളിലാണ്:

1) ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരംഗം അങ്ങനെയുള്ളരാഷ്ട്രീയ കക്ഷിയിലെ അംഗത്വം സ്വമേധയാ ഉപേക്ഷിക്കുകയോ അല്ലെങ്കിൽ പ്രസ്തുത അംഗത്തിന്റെ രാഷ്ട്രീയ കക്ഷി രേഖാമൂലം നൽകിയ നിർദ്ദേശത്തിന് വിരുദ്ധമായി ഏതെങ്കിലും മുനിസിപ്പാലിറ്റിയുടെ അഥവാ പഞ്ചായത്തിന്റെ അദ്ധ്യക്ഷസ്ഥാനത്തേക്കോ ഉപാദ്ധ്യക്ഷസ്ഥാനത്തേക്കോ അഥവാ അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെയോ അംഗത്തിന്റെയോ തിരഞ്ഞെടുപ്പ് യോഗത്തിലോ അവിശ്വാസപ്രമേയത്തിന്റെ യോഗത്തിലോ വോട്ട് ചെയ്യുകയോ വോട്ടു ചെയ്യുന്നതിൽ നിന്നും മാറി നിൽക്കുകയോ ചെയ്യുക.

2) ഏതെങ്കിലും സഖ്യത്തിൽപ്പെട്ട ഒരു സ്വതന്ത്രാംഗം താനൾപ്പെടുന്ന സഖ്യത്തിൽ നിന്നും പിന്മാറുകയോ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിലോ മറ്റേതെങ്കിലും സഖ്യത്തിലോ ചേരുകയോ അല്ലെങ്കിൽ സഖ്യം ഈ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തുന്ന യാൾ രേഖാമൂലം നൽകിയ നിർദ്ദേശത്തിന് വിരുദ്ധമായി മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും തിരഞ്ഞെടുപ്പിന് വോട്ട് ചെയ്യുകയോ വോട്ട് ചെയ്യുന്നതിൽ നിന്നും വിട്ടുനിൽക്കുകയോ ചെയ്യുക.

3) ഒരു സഖ്യത്തിലും പെടാത്ത സ്വതന്ത്രാംഗം ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിലോ സഖ്യത്തിലോ ചേരുക.

രാഷ്ട്രീയ കക്ഷിയുടെ അംഗം എന്നത് ഒരു രാഷ്ട്രീയ കക്ഷി തിരഞ്ഞെടുപ്പിൽ നിർത്തിയ ഒരു സ്ഥാനാർത്ഥി എന്നതോ അല്ലെങ്കിൽ ആ സ്ഥാനാർത്ഥി രാഷ്ട്രീയകക്ഷിയുടെ അംഗം അല്ലെങ്കിൽ കൂടിയും പ്രസ്തുത രാഷ്ട്രീയകക്ഷി ആ സ്ഥാനാർത്ഥിക്ക് തിരഞ്ഞെടുപ്പിന് പിന്തുണ നൽകിയിട്ടുണ്ടെങ്കിൽ അങ്ങനെ ജയിച്ചുവന്ന സ്ഥാനാർത്ഥി ആ രാഷ്ട്രീയകക്ഷിയുടെ അംഗമായി കരുതപ്പെടുന്നതാണ്.

കൂറുമാറ്റ നിരോധന നിയമത്തിലെ 3(1) വകുപ്പിന്റെ (എ) ഖണ്ഡമാണ് കൂറുമാറ്റം പ്രധാനമായും എങ്ങനെ ഉണ്ടാകുമെന്ന് പറയുന്നത്. പ്രസ്തുത ഖണ്ഡത്തിന് രണ്ടു ഭാഗങ്ങളാണുള്ളത്. ആദ്യഭാഗമനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗം തന്റെ രാഷ്ട്രീയ കക്ഷിയിലെ അംഗത്വം സ്വമേധയാ ഒഴിഞ്ഞാൽ ആ അംഗം അയോഗ്യതയ്ക്ക് വിധേയനായിരിക്കുന്നതാണ്. രണ്ടാംഭാഗത്തിൽ പ്രതിപാദിക്കുന്നത് ഏതെങ്കിലും ഒരു അംഗം അയാൾ ഉൾപ്പെടുന്ന രാഷ്ട്രീയകക്ഷി പുറപ്പെടുവിക്കുന്ന നിർദ്ദേശത്തിന് (വിപ്പ്) വിരുദ്ധമായി മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും തിരഞ്ഞെടുപ്പ് യോഗത്തിൽ വോട്ട് ചെയ്യുകയോ വോട്ട് ചെയ്യാതിരിക്കുകയോ ചെയ്താൽ ആ അംഗം അയോഗ്യനായിരിക്കുന്നതാണ്. [Surya Prakash & Others v. Kerala State Election Commission, 2015 ICO 500 : 2015 (3) KLJ 580] ഒരു പഞ്ചായത്തിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗം തന്റെ ഔദ്യോഗിക പദവി ഒഴിയണമെന്ന് താനൾപ്പെടുന്ന രാഷ്ട്രീയ കക്ഷിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി പ്രസ്തുതപദവി രാജിവയ്ക്കാതിരുന്നാൽ മുകളിൽ പറഞ്ഞ 3-ാം വകുപ്പ് 1-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിന്റെ ഒന്നാംഭാഗം പ്രകാരം തന്റെ രാഷ്ട്രീയ കക്ഷിയുടെ അംഗത്വം സ്വമേധയാ ഉപേക്ഷിച്ചതായി പരിഗണിച്ച് അയോഗ്യനായി തീരുന്നതാണ്. [Faisal P.A. v. K.A. Abdulla Kunhi & Another, 2008 (3) KHC 267 : 2008 (3) KLT 534] ഒരംഗത്തിന്റെ രാഷ്ട്രീയ കക്ഷി നല്കുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തന്റെ പ്രസിഡന്റ് പദവി രാജിവച്ചില്ലെങ്കിലും തന്റെ രാഷ്ട്രീയകക്ഷിയുടെ അംഗത്വം സ്വമേധയാ ഒഴിഞ്ഞു എന്ന കണക്കാക്കി ആ അംഗം അയോഗ്യനായിരിക്കുന്നതാണ്.

ഒരു അംഗത്തെ രാഷ്ട്രീയകക്ഷി സസ്പെൻഡ് ചെയ്തിട്ടുണ്ടെങ്കിൽ കൂടിയും ആ അംഗം പ്രസ്തുത രാഷ്ട്രീയകക്ഷിയുടെ നിർദ്ദേശം പാലിക്കുവാൻ ബാധ്യസ്ഥനാണ്.[Judgment Dated 18.11.2020 in Shameena Ibrahim v. Kerala State Election Commission, 2020 (6) KLT 505 : 2020 ICO 1639] ഒരു രാഷ്ട്രീയ പാർട്ടിക്കെതിരെ ആ പാർട്ടിയിലെ ഒരംഗം ഒരു അവിശ്വാസ പ്രമേയത്തിൽ വോട്ട് ചെയ്താൽ ആ അംഗം ആ രാഷ്ട്രീയകക്ഷിയുടെ അംഗത്വം സ്വമേധയാ ഒഴിഞ്ഞതായി കണക്കാക്കി അയോഗ്യനാക്കുന്നതാണ്. [Varghese v. Kerala State Election Commission (DB) 2009 ICO 727 : 2009 (3) KLT 1] അതുപോലെ തന്നെ Eruthavoor Chandran v. Kerala State Election commission, 2018 (5) KHC 964 : 2018 ICO 2397 (DB) എന്ന കേസിലും ഒരു രാഷ്ട്രീയകക്ഷിയിൽപ്പെട്ടയാൾ തന്റെ രാഷ്ട്രീയ കക്ഷിയുടെ നിർദ്ദേശം പാലിച്ചില്ലെങ്കിൽ 3 (1) വകുപ്പിന്റെ ആദ്യഭാഗം അനുസരിച്ച് അയോഗ്യനായിരിക്കുന്നതാണ്. തെറ്റുപറ്റി എന്ന കുറ്റബോധമോ അതിൽനിന്നുണ്ടാകുന്ന പശ്ചാത്താപമോ അംഗത്തിന്റെ രാഷ്ട്രീയകക്ഷിയുടെ അനുരഞ്ജനമനോഭാവമോ ഒന്നുംതന്നെ ആ അംഗത്തിന്റെ വിശ്വാസവഞ്ചനാപരമായ മുൻനിലപാടു മൂലമുണ്ടാകുന്ന അയോഗ്യതയ്ക്ക് മാറ്റമുണ്ടാകുന്നില്ല. [Varghese v. Kerala State Election Commission, (DB) 2009 ICO 727 : 2009(2) KLJ 516]

കൂറുമാറ്റ നിരോധന നിയമപ്രകാരം ഒരംഗം അയോഗ്യതയുള്ളവനായി തീർന്നുവെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷൻ തീരുമാനിക്കുന്ന സംഗതിയിൽ അങ്ങനെ തീരുമാനിച്ച തീയതി മുതൽ ടിയാൾ അംഗമായി തുടരാൻ പാടില്ലാത്തതും പ്രസ്തുത തീയതി മുതൽ ആറ് വർഷക്കാലത്തേക്ക് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി മത്സരിക്കുന്നതിന് അയോഗ്യനായിരിക്കുന്നതുമാണ്

കൂറുമാറ്റനിരോധന നിയമപ്രകാരം ഒരു അംഗത്തിന് അയോഗ്യത ഉണ്ടായോ എന്ന പ്രശ്നം ഉദിക്കുന്ന പക്ഷം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരംഗത്തിനോ ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷിക്കോ സഖ്യത്തിനോ അത് അധികാരപ്പെടുത്തിയ ആൾക്കോ ഇതുസംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ഒരു ഹർജി നല്കാവുന്നതാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യമായ അന്വേഷണ വിചാരണ നടത്തുന്നതും വിചാരണ 1908 ലെ സിവിൽ നടപടി നിയമ സംഹിതയിലെ നടപടിക്രമങ്ങൾ അനുസരിച്ച് നടത്തേണ്ടതും ഹർജി തീർപ്പാക്കേണ്ടതുമാണ്. ഒരംഗം അയോഗ്യതയുള്ളവനായി തീർന്നുവെന്ന് തീരുമാനിക്കുന്ന സംഗതിയിൽ അങ്ങനെ തീരുമാനിച്ച തീയതി മുതൽ ടിയാൾ അംഗമായി തുടരാൻ പാടില്ലാത്തതും പ്രസ്തുത തീയതി മുതൽ ആറ് വർഷക്കാലത്തേക്ക് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽസ്ഥാനാർത്ഥിയായി മത്സരിക്കുന്നതിന് അയോഗ്യനായിരിക്കുന്നതുമാണ്. ഇപ്രകാരം കൂറുമാറ്റ നിയമപ്രകാരം ഉണ്ടാകുന്ന അയോഗ്യത പ്രസ്തുത തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ കമ്മിറ്റിയുടെ കാലാവധിയിൽ മാത്രമായിരിക്കുകയില്ല മറിച്ച് അയോഗ്യത സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിക്കുന്ന തീയതി മുതൽ ആറു വർഷക്കാലമായിരിക്കുന്നതാണ്. [Jessie Raju v. Communist Party of India, 2017 ICO 971 : 2017 (3) KHC 697 : 2017(4) KLT 399].

വിപ്പ് ലംഘനത്തിനുള്ള അയോഗ്യതയും നടപടിക്രമങ്ങളും അടുത്ത ലക്കത്തിൽ. □

ലേഖകൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ കൺസൾട്ടന്റാണ്.



പ്രതിസന്ധികളും വെല്ലുവിളികളും അവസരങ്ങളാക്കി കുടുംബശ്രീ

■ ആശ എസ്. പണിക്കർ

സ്ത്രീശാക്തീകരണ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് മാതൃകയായ കുടുംബശ്രീയുടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് നേരെയും കൊവിഡ് ലോക്ക്ഡൗണും അനുബന്ധ പ്രതിസന്ധികളും വലിയ വെല്ലുവിളിയാണ് ഉയർത്തിയത്. പ്രവർത്തന സ്വാതന്ത്ര്യവും വേഗവും പരിമിതപ്പെട്ടുപോയിട്ടും സർവ്വ ഊർജ്ജവും സംഭരിച്ചുകൊണ്ട് നിരവധി നേട്ടങ്ങളാണ് കഴിഞ്ഞ സാമ്പത്തിക വർഷം കുടുംബശ്രീക്ക് നേടാനായത്.

മാനവരാശിയുടെ ജീവന് ആഗോളതലത്തിൽ തന്നെ വെല്ലുവിളി ഉയർത്തിക്കൊണ്ട് കൊവിഡ് 19 അതിന്റെ പ്രഹരശേഷി പുറത്തെടുത്ത വർഷമായിരുന്നു 2020. അതിന്റെ ആഘാതങ്ങൾ കേരള സംസ്ഥാനത്തും നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്ത്രീശാക്തീ കരണ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് മാതൃകയായ കുടുംബശ്രീയുടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് നേരെയും കൊവിഡ് ലോക്ക്ഡൗണും അനുബന്ധ പ്രതിസന്ധികളും വലിയ വെല്ലുവിളിയാണ് ഉയർത്തിയത്. പ്രവർത്തന സ്വാതന്ത്ര്യവും വേഗവും പരിമിതപ്പെട്ടുപോയിട്ടും സർവ്വ ഊർജ്ജവും സംഭരിച്ചുകൊണ്ട് നിരവധി നേട്ടങ്ങളാണ് കഴിഞ്ഞ സാമ്പത്തിക വർഷം കുടുംബശ്രീക്ക് നേടാനായത്. കൊവിഡിനെതിരായ പോരാട്ടത്തിലും പ്രതിരോധ പ്രവർത്തനങ്ങളിലുമാണ് കുടുംബശ്രീ പ്രധാനമായും ഊന്നൽ നൽകിയത്. അതോടൊപ്പം തന്നെ സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിലും കാർഷിക മൃഗസംരക്ഷണ സൂക്ഷ്മസംരംഭ മേഖലയിൽ നിരവധി വരുമാനദായക പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിനും 2020-21 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീക്ക് സാധിച്ചു.

1. സംഘടനാ ശാക്തീകരണം

സംഘടനാ ശാക്തീകരണത്തിലും കാര്യശേഷി വികസനത്തിലും ശ്രദ്ധേയമായ ചുവടുവയ്പ്പ് നടത്താൻ കുടുംബശ്രീക്ക്

സാധിച്ച വർഷമായിരുന്നു 2020-21. ഇതിന്റെ ഭാഗമായി 'ഗ്രാമകം' പദ്ധതിയ്ക്ക് രൂപം നൽകി പ്രവർത്തനം ആരംഭിക്കാൻ സാധിച്ചു. ഇതു പ്രകാരം 940 പഞ്ചായത്തുകളിൽ പദ്ധതിരേഖ സമർപ്പിച്ച് പഞ്ചായത്തിന്റെ പദ്ധതികളിൽ ഉൾപ്പെടുത്താൻ കഴിഞ്ഞത് വലിയ നേട്ടമാണ്. നിലവിൽ 3316 പദ്ധതികൾക്ക് തദ്ദേശസ്ഥാപനങ്ങൾ അംഗീകാരം നൽകിയിട്ടുണ്ട്. 170.58 കോടി രൂപയാണ് പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യതയ്ക്ക് സഹായകരമാകുന്ന സോഫ്റ്റ് സ്കിൽ പരിശീലനം നൽകുക, തൊഴിൽ വിപണിയുമായി ബന്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീ സി.ഡി.എസുകളുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന കണക്ട് വർക്ക് പരിശീലന പരിപാടിയുടെ ഭാഗമായി ഇതുവരെ വിവിധ സി.ഡി.എസുകളിലായി 3293 പേർക്ക് പരിശീലനം നൽകുകയുണ്ടായി. 236 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു. മറ്റു പരിശീലന പരിപാടികൾ നടത്താൻ കുടുംബശ്രീക്ക് 152 പരിശീലന കേന്ദ്രങ്ങളും ലഭ്യമായി.

ഗ്രാമീണ അയൽക്കൂട്ടങ്ങളുടെയും അംഗങ്ങളുടെയും സാമ്പത്തിക ക്രയവിക്രയങ്ങൾ ഡിജിറ്റലൈസ് ചെയ്ത ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം-മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം-ദേശീയ പോർട്ടലിൽ ലഭ്യമാക്കുക, അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ഇടപാടുകൾക്ക് കൃത്യത കൈവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന പദ്ധതിയാണ് ട്രാൻസാക്ഷൻ ബേസ്ഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം : നിലവിൽ 2,33,544 കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പൂർണ്ണമായ സാമ്പത്തിക വിവരങ്ങൾ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സാധിച്ചു.

നഗരമേഖലയിൽ പുതിയ 1992 അയൽക്കൂട്ടങ്ങൾ

സംസ്ഥാനത്തെ നഗരമേഖലയിൽ നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം- പദ്ധതിയുടെ ഭാഗമായി നഗരമേഖലയിലെ കുടുംബശ്രീ സംഘടനാ സാമൂഹ്യ ശാക്തീകരണം ലക്ഷ്യമിട്ട് 1992 അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും 351 അയൽക്കൂട്ടങ്ങൾ പുനഃരുജ്ജീവിപ്പിക്കുന്നതിനും സാധിച്ചു. കൂടാതെ 1555 അയൽക്കൂട്ടങ്ങൾക്ക് 10,000/-രൂപ വീതവും 172 എ.ഡി.എസ്സുകൾക്ക് 50,000/-രൂപ വീതവും റിവോൾവിംഗ് ഫണ്ട് ആയി നൽകി. 2021 -22 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനായി പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റ (PFMS) ത്തിന്റെ സുഗമമായ നടത്തിപ്പ ലക്ഷ്യമിട്ടു കൊണ്ട് എക്സ്പെൻഡിച്ചർ അഡ്വാൻസ് ട്രാൻസ്ഫർ മൊഡ്യൂൾ (EAT) 93 നഗരസഭകളിലും പ്രാവർത്തികമാക്കി.

പി.എം.എ.വൈ പദ്ധതിയുടെ വിജയകരവും സമയബന്ധിതവുമായ നടപ്പാക്കൽ ഉറപ്പുവരുത്തുന്നതിനും പദ്ധതി സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും വിവിധ പങ്കാളികളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളും 2020-21 ൽ നടപ്പാക്കി.

2. സാമ്പത്തിക ശാക്തീകരണം

2020-21 സാമ്പത്തിക വർഷം ഇതുവരെ 2,49,134 അയൽക്കൂട്ടങ്ങൾക്ക് 4,018.16 കോടി രൂപ വായ്പ

കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും സംരംഭകരെയും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ സാമ്പത്തിക പിന്തുണകൾ നൽകി വരുന്നുണ്ട്. കൂടാതെ അയൽക്കൂട്ട അംഗങ്ങൾക്ക് മിതമായ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി അർഹമായ എല്ലാ അയൽക്കൂട്ടങ്ങളെയും ബാങ്കുമായി ബന്ധിപ്പിച്ചു കൊണ്ട് കുറഞ്ഞ പലിശ നിരക്കിൽ ഈടില്ലാതെ വായ്പ ലഭ്യമാക്കുകയും അതുവഴി അയൽക്കൂട്ട കുടുംബങ്ങളുടെ സാമ്പത്തിക ശാക്തീകരണം സാദ്ധ്യമാക്കുകയും ചെയ്യുന്ന ബാങ്ക് ലിങ്കേജ് പദ്ധതിയും നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷം ഇതുവരെ 2,49,134 അയൽക്കൂട്ടങ്ങൾക്ക് 4,018.16 കോടി രൂപ വായ്പ ലഭ്യമാക്കി. അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്നു എന്നുറപ്പ് വരുത്താൻ 2016-17 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച കുടുംബശ്രീയുടെ പലിശ സബ്സിഡി പദ്ധതി മുഖേന 2020-21 വർഷം 24,900 അയൽക്കൂട്ടങ്ങൾക്ക് 38.50 കോടി രൂപ പലിശ സബ്സിഡി ലഭ്യമാക്കി. എല്ലാ അയൽക്കൂട്ടങ്ങൾക്കും സമയബന്ധിതമായി പലിശ സബ്സിഡി ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. മൂന്ന് ലക്ഷം വരെയുള്ള ലിങ്കേജ് വായ്പകൾക്ക് 4% പലിശ കഴിച്ച് ബാക്കിയുള്ള പലിശ (പരമാവധി 8.5%) സബ്സിഡിയായി ലഭ്യമാക്കുന്നു. ഇതോടൊപ്പം 3000 അയൽക്കൂട്ടങ്ങൾക്ക് 1.5 കോടി രൂപ മാച്ചിങ്ങ് ഗ്രാന്റ് ലഭ്യമാക്കി.

അയൽക്കൂട്ടങ്ങൾക്ക് 16.86 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട്

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം പദ്ധതിയുടെ ഭാഗമായി അയൽക്കൂട്ടങ്ങളുടെ ആന്തരിക വായ്പാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി അയൽക്കൂട്ടങ്ങൾക്ക് 2020-21 വർഷം 16.86 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്തു. 11240 അയൽക്കൂട്ടങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ആകസ്മിക പ്രതിസന്ധികൾ നേരിടുന്ന അയൽക്കൂട്ടങ്ങളെ സഹായിക്കുന്നതിനായി കുടുംബശ്രീ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് നൽകുന്ന സാമ്പത്തിക പിന്തുണയാണ് വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട്. 375 കുടുംബശ്രീ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് 3.75 കോടി രൂപയുടെ വൾണറബിലിറ്റി റിഡക്ഷൻ ഫണ്ടും ലഭ്യമാക്കി. ഒരോ എ.ഡി.എസിനും ഒരു ലക്ഷം രൂപ വീതമാണ് വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട് നൽകുന്നത്. കൂടാതെ അയൽക്കൂട്ട അംഗങ്ങളുടെ ജീവന് പരിരക്ഷ ഉറപ്പാക്കുന്നതിന് ജീവൻ ദീപം ഇൻഷ്വറൻസ് പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഇതിൽ 4.28 കുടുംബശ്രീ വനിതകൾ അംഗങ്ങളാണ്. ഇവരുടെ പ്രായം അടിസ്ഥാമാക്കി പരമാവധി രണ്ടു ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് കവറേജ് ലഭിക്കുന്നു.

വട്ടിപ്പലിശക്കാരിൽ നിന്നും രക്ഷിക്കാൻ കുടുംബശ്രീയുടെ 'മുറ്റത്തെ മുല്ല' പദ്ധതി

കുടുംബശ്രീ അംഗങ്ങളെ വട്ടിപ്പലിശക്കാരിൽ നിന്നും രക്ഷിക്കുന്നതിനും അവരുടെ അടിയന്തിര ആവശ്യങ്ങൾക്ക് പെട്ടെന്നു തന്നെ വായ്പാ സഹായം ലഭ്യമാക്കുന്നതിനുമായി ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതിയായ 'മുറ്റത്തെ മുല്ല' പദ്ധതി വഴി അയൽക്കൂട്ട അംഗങ്ങളുടെ അടിയന്തിര ആവശ്യങ്ങൾക്ക് 524 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ബാങ്കുകൾ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 9% പലിശയ്ക്ക് 20 ലക്ഷം രൂപ വരെ വായ്പ നൽകുന്നുണ്ട്. ഈ തുക അയൽക്കൂട്ടങ്ങൾ കുടുംബശ്രീ അംഗങ്ങൾക്കും മറ്റുള്ളവർക്കും 12% പലിശയ്ക്കും വായ്പ നൽകുന്നു. ഇങ്ങനെ അധികമായി ലഭിക്കുന്ന 3% പലിശ അയൽക്കൂട്ടത്തിന്റെ വരുമാനമായി മാറ്റുകയാണ് ചെയ്യുന്നത്. കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ, വനിതാ കോർപ്പറേഷൻ

എന്നിവയുമായി സഹകരിച്ചുകൊണ്ട് കുടുംബശ്രീ നടപ്പാക്കുന്ന ബൾക്ക് ലോൺ പദ്ധതി വഴി 407 കുടുംബശ്രീ സി.ഡി.എസു കൾക്ക് 3.5% പലിശയ്ക്ക് 505.98 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷം കുടുംബശ്രീക്ക് സാധിച്ചു.

18,415 പുതിയ സംരംഭങ്ങൾ 50,000 പേർക്ക് തൊഴിൽ

സംരംഭ മേഖലയിൽ കുടുംബശ്രീ വനി തകളുടെ മുന്നേറ്റം കണ്ട വർഷമായിരുന്നു കടന്നു പോയത്. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടു കൊണ്ട് കുടുംബശ്രീ മുഖേന നടത്തി വരുന്ന വ്യത്യസ്ത മായ ഉപജീവന പ്രവർത്തനങ്ങളിൽ പ്രധാ നപ്പെട്ട ഒന്നാണ് സ്വയംതൊഴിൽ സംരംഭ ങ്ങൾ. ഇതിന്റെ ഭാഗമായി 2021 സാമ്പ ത്തിക വർഷത്തിൽ 18,415 പുതിയ സംരം ഭങ്ങൾ രൂപീകരിക്കുന്നതിനും ഇതു വഴി 50,000 വനിതകൾക്ക് തൊഴിൽ ലഭ്യമാക്ക ന്നതിനും കൂടാതെ 8,000 ലേറെ സംരംഭ ങ്ങൾക്ക് വിവിധ ധനസഹായങ്ങൾ ലഭ്യമാ ക്കുന്നതിനും സാധിച്ചു.

288 വനിതാ കെട്ടിട നിർമ്മാണ യൂണിറ്റുകൾ മുഖേന 512 ഭവനങ്ങൾ

കെട്ടിട നിർമ്മാണ മേഖലയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും കുടുംബ ശ്രീയുടെ 288 വനിതാ കെട്ടിട നിർമ്മാണ യൂണിറ്റുകൾ മുഖേന സംസ്ഥാനത്ത് സർക്കാർ പദ്ധതിയിൽ ഉൾപ്പെട്ട 512 ഭവന ങ്ങളുടെ നിർമ്മാണം വിജയകരമായി പൂർ ത്തിയാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള അംഗീ കൃത ഏജൻസിയായി കുടുംബശ്രീ കെട്ടിട നിർമ്മാണ ഗ്രൂപ്പുകൾക്ക് സർക്കാരിന്റെ അനുമതിയും ലഭ്യമാക്കി.

901 തദ്ദേശ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ ഹരിതകർമ്മ സേന

തദ്ദേശ സ്ഥാപനങ്ങളിലെ വാതിൽപ്പടി മാലിന്യ സംസ്കരണം ലക്ഷ്യമിട്ടു കൊണ്ട് ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ എന്നിവയുമായി സംയോജിച്ചു കൊണ്ട് കുടുംബശ്രീ തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന ഹരിതകർമ്മ സേന-പദ്ധതി യുടെ ഭാഗമായി 28,000 വനിതകൾക്ക് പരിശീലനം നൽകി. സംസ്ഥാനത്തെ 901 തദ്ദേശ സ്ഥാപനങ്ങളിൽ പരിശീലനം 2,269 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതിൽ 27,049 ഹരിതകർമ്മ സേനാ അംഗങ്ങളുമുണ്ട്.

മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി

മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി വഴി 2.30 ലക്ഷം അയൽക്കൂട്ടങ്ങളിലെ 25.17 ലക്ഷം കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്ക് 917.55 കോടി രൂപ വായ്പ ലഭ്യമാക്കിയത് കഴിഞ്ഞ വർഷത്തെ ഏറ്റവും മികച്ച നേട്ടങ്ങളിലൊന്നാണ്. കൊവിഡ് ലോക്ക്ഡൗൺ കാരണം തൊഴിൽ നഷ്ടവും വരുമാന നഷ്ടവും നേരിടേണ്ടി വന്ന അയൽക്കൂട്ട അംഗങ്ങൾക്ക് അടിയന്തിര വായ്പാ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യ ത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണിത്. പലിശ സബ്സിഡിയുടെ ഒന്നാം ഗഡു തുകയായി 165.04 കോടി രൂപയും അയൽക്കൂട്ട അംഗങ്ങൾക്ക് ലഭ്യമാക്കി.

കൊവിഡ് കാലത്ത് മാസ്ക്, ഫേസ് ഷീൽഡ്, സാനിറ്റൈസർ നിർമ്മാണം

കുടുംബശ്രീ സംരംഭകർക്ക് 10.16 കോടി രൂപയുടെ വരുമാനം

സംസ്ഥാനത്ത് കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകൾക്കും സ്ഥാപ നങ്ങൾക്കും ആവശ്യമായ തുണി മാസ്ക് (79.39 ലക്ഷം) ഫേസ് ഷീൽഡ് (2.81 ലക്ഷം), സാനിറ്റൈസർ (944.2 ലിറ്റർ) എന്നിവ നിർ മ്മിച്ച് സമയബന്ധിതമായി വിതരണം ചെയ്തു. കുടുംബശ്രീയുടെ തയ്യൽ യൂണിറ്റുകൾ തുണി മാസ്ക് നിർമ്മിച്ച വകയിൽ 9.13 കോടി രൂപയും ഫേസ് ഷീൽഡിന് 56.22 ലക്ഷം രൂപയും, സാനിറ്റൈസർ വിതരണം ചെയ്ത വകയിൽ 47.21 ലക്ഷം രൂപയുടെ വിറ്റുവരവും ഉൾപ്പെടെ ആകെ 10.16 കോടി രൂപയുടെ വരുമാനം കുടുംബശ്രീ സംരംഭ കർക്ക് ലഭിച്ചു. ഇതോടൊപ്പം കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കു ന്നതിന് സംസ്ഥാനമൊട്ടാകെ കുടുംബ ശ്രീയുടെ 118 തീവ്ര ശുചീകരണ യൂണിറ്റുകളും രൂപീകരിച്ചു. നിലവിൽ പരിശീലനം നേടിയ അഞ്ഞൂറോളം വനിതകളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. ഇതോടൊപ്പം സപ്ലൈകോ ഭക്ഷ്യക്കിറ്റ് വിതരണത്തി നായി കുടുംബശ്രീയുടെ തയ്യൽ യൂണിറ്റുകൾ മുഖേന 1.21 കോടി തുണിസഞ്ചികൾ നിർമ്മി ച്ചു നൽകിയതിലൂടെ 19 കോടി രൂപയുടെ വരുമാനവും നേടി.

'എറൈസ്'സൗജന്യ സ്വയം തൊഴിൽ പരിശീലന പദ്ധതി: 4,158 പേർക്ക് പരിശീലനം

പ്രളയക്കെടുതികൾ മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാന മാർഗ്ഗം കണ്ടെത്തി നൽകുന്നതിനായി കുടും ബശ്രീയുടെ നേതൃത്വത്തിൽ പത്ത് തൊഴിൽ മേഖലകളിലായി 50,000 പേർക്ക് സൗജന്യ സ്വയംതൊഴിൽ പരിശീലനം നൽകുന്ന 'എറൈസ് ' സൗജന്യ സ്വയംതൊഴിൽ പരിശീലന പദ്ധതി വഴി 4,158 പേർക്ക് പരിശീലനം നൽകി 68 മൾട്ടി ടാസ്ക് ടീമുകളാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിച്ചത്. ആകെ 18,207 പേർക്ക് പരിശീലനം നൽകാൻ സാധിച്ചു.

ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ

സംസ്ഥാനത്തെ അംഗൻവാടികളിൽ ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് കൂടുതൽ പോഷക സമ്പുഷ്ടമാ ക്കാൻ ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ നടപ്പാക്കിയത് ഏറെ ശ്രദ്ധേയമായ നേട്ടമാണ്. കുടുംബശ്രീയുടെ 241 യൂണി റ്റുകൾ ഈ മേഖലയിൽ സജീവമായി പ്രവർ ത്തിക്കുന്നു. ഇതിലൂടെ 1,680 വനിതകൾക്ക് മികച്ച തൊഴിലും സുസ്ഥിര വരുമാനവും ലഭിക്കുന്നു. ഇതു കൂടാതെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉപജീവന മാർഗ്ഗത്തിനായി പ്രത്യാശ പദ്ധതി വഴി 520 സൂക്ഷ്മസംരംഭങ്ങളും തീരദേശത്ത് 372 സംരംഭങ്ങളും ആരംഭിച്ചു. ഹർഷം ജെറിയാ

ട്രിക് കെയർ പദ്ധതിയിലൂടെ വയോജന പരിചരണ രംഗത്ത് 625 വനിതകൾക്ക് ഈ മേഖലയിൽ തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിന് സാധിച്ചു.

പി.എം. യുവ പദ്ധതി വഴി സംരംഭകത്വ പരിശീലനം

തൊഴിൽ നേടുക എന്നതിലുപരി യുവജനങ്ങൾക്ക് സംരംഭകരായി മാറുന്നതിനും മറ്റുള്ളവർക്ക് തൊഴിൽ നൽകാനുമുള്ള പ്രചോദനം നൽകുന്നതിനും ലക്ഷ്യമിടുന്ന പി.എം. യുവ പദ്ധതി വഴി 5,601 യുവജനങ്ങൾക്ക് സംരംഭകത്വ ബോധവൽക്കരണ പരിശീലനം നൽകുന്നതിനും സാധിച്ചു.

ഫലപ്രദമായ പദ്ധതി പ്രവർത്തനങ്ങൾക്ക് കരുത്ത് നൽകി

വിവിധ സർക്കാർ വകുപ്പുകളുമായും സ്ഥാപനങ്ങളുമായും മികവുറ്റ സംയോജനം

കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങളുടെയും ഫണ്ട് വിനിയോഗത്തിന്റെയും സുഗമമായ നടത്തിപ്പിന് വിവിധ വകുപ്പുകളുമായുള്ള സംയോജിത പ്രവർത്തനങ്ങൾ അനിവാര്യമാണ്. നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, മോട്ടോർ വാഹന വകുപ്പ്, ലോട്ടറി വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുമായും കൂടാതെ റെയിൽവേയുമായും കില, കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്, ജലജീവൻ മിഷൻ എന്നീ സ്ഥാപനങ്ങളുമായും സഹകരിച്ചു പ്രവർത്തിക്കുന്നു. നിലവിലുള്ളതും ഒറ്റത്തവണകൊണ്ട് നിർവ്വഹിച്ചതുമായി എഴുപത്തിരണ്ടോളം സംയോജന പദ്ധതികളാണ് ഇപ്രകാരം നടപ്പിലാക്കിയിട്ടുള്ളത്.

സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിൽ ഉൽപന്ന വിതരണം

കാർഷിക സൂക്ഷ്മസംരംഭ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംരംഭകരുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി സൗകര്യം ലഭ്യമാക്കുന്നതും കുടുംബശ്രീയുടെ പ്രധാന ദൗത്യങ്ങളിലൊന്നാണ്. സംസ്ഥാനത്ത് സപ്ലൈകോയുടെ കീഴിലുള്ള 330 ഔട്ട്‌ലെറ്റുകളിൽ 500 യൂണിറ്റുകളുടെ ഉൽപന്നങ്ങൾ വിപണനത്തിന് ലഭ്യമാക്കിയത് എടുത്തു പറയേണ്ട നേട്ടമാണ്. കുടുംബശ്രീ ഹോംഷോപ്പ് പദ്ധതിയുടെ ഭാഗമായുള്ള ഉൽപന്ന വിപണനത്തിലൂടെ 9.89 കോടി രൂപയുടെ വിറ്റുവരവു നേടുന്നതിനും 11 ജില്ലകളിൽ പ്രവർത്തനം ആരംഭിച്ച കുടുംബശ്രീ ബസാറുകൾ വഴി 1.34 കോടി രൂപയുടെ വിറ്റുവരവ് നേടുന്നതിനും സാധിച്ചു. കുടുംബശ്രീ ഉൽപന്നങ്ങൾ പൊതുവിപണിയിൽ എത്തിക്കുന്നതിന് 73 മാർക്കറ്റിംഗ് ഔട്ട്‌ലെറ്റുകളുടെ ശൃംഖല രൂപീകരിച്ചതാണ് മറ്റൊരു നേട്ടം. കുടുംബശ്രീ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണിയൊരുക്കാൻ സംസ്ഥാനത്താകെ 70 മാർക്കറ്റിങ്ങ് കിയോസ്ക്കുകളും കുടുംബശ്രീയുടെ കയർ കരകൗശല ഉൽപന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കാനും വരുമാന വർദ്ധനവിനും നാല് കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോറുകളും സ്ഥാപിച്ചു. ഉൽപന്ന വിപണനത്തിന് ഓൺലൈൻ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി www.kudumbashreebazaar.com എന്ന ഓൺലൈൻ പോർട്ടൽ വഴി ഇതു വരെ 8871 ഓർഡറുകൾ പൂർത്തീകരിച്ചു കൂടതെ ആമസോൺ, ഫ്ലിപ്കാർട്ട് എന്നിവയിലൂടെയും കുടുംബശ്രീ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നു.

വരുമാനത്തിന് പിങ്ക് കഫേ

'കരുതൽ', 'ഒരുമയ്ക്ക് ഒരു കുട അകലം' ക്യാമ്പെയ്നുകൾ വഴി വിപണനവും

ആളുകൾക്ക് ആരോഗ്യകരവും ഗുണനിലവാരമുള്ളതുമായ ഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ സ്ഥാപിച്ച പിങ്ക് കഫേ കിയോസ്ക്കുകളും ഇന്ന് വിജയവഴിയിലാണ്. കൂടാതെ കൊവിഡ് കാലത്ത് സംഘടിപ്പിച്ച 'കരുതൽ ക്യാമ്പെയ്ന്റെ ഭാഗമായി 1.59 ലക്ഷം കിറ്റുകൾ വിപണനം നടത്തിയതിലൂടെ 6.89 കോടി രൂപയുടെ വിറ്റുവരവ് നേടുന്നതിനു സാധിച്ചു. 4059 സംരംഭകർക്കാണ് ഇതിലൂടെ മെച്ചപ്പെട്ട വരുമാനം നേടാൻ കഴിഞ്ഞത്. കൊവിഡ് കാലത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച' ഒരുമയ്ക്ക് ഒരു കുട അകലം' ക്യാമ്പെയ്ൻ വഴി 32,753 കുടകൾ വിറ്റഴിച്ചു കൊണ്ട് സംരംഭകർക്ക് 85 ലക്ഷം രൂപയുടെ വിറ്റുവരവ് നേടിക്കൊടുക്കാനും കുടുംബശ്രീക്ക് സാധിച്ചു. ഇതോടൊപ്പം ഓണം വിപണന മേളകളിലൂടെ 3.57 കോടി രൂപയുടെ വിറ്റുവരവും 669 മാസചന്തകളിലൂടെ 1.19 കോടി രൂപയുടെ വിറ്റുവരവും നേടാനും സംരംഭകർക്ക് സാധിച്ചു.

സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്.വി.ഇ.പി.)

കുടുംബശ്രീ മുഖേന സംസ്ഥാനത്തു നടപ്പാക്കുന്ന സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ബ്ലോക്കുകളിൽ 18,536 സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. 19,521 പേർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിന് പദ്ധതിയിലൂടെ സാധിച്ചു. ഇതോടൊപ്പം തന്നെ സംരംഭകരെ സഹായിക്കുന്നതിനായി വിവിധ സാമ്പത്തിക പിന്തുണകളും കുടുംബശ്രീ ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി 11,696 സംരംഭങ്ങൾക്ക് 43.82 കോടി രൂപ വായ്പയാണ് ലഭ്യമാക്കിയത്. കൂടാതെ പദ്ധതി നടപ്പാക്കുന്ന ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി, കോട്ടയം ജില്ലയിലെ വൈക്കം, എറണാകുളം ജില്ലയിലെ വടവുകോട് എന്നീ ബ്ലോക്കുകളിലെ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പിന്തുണയും നൽകുന്നതിനായി ഹൈജിൻ പ്രോഡക്ട്സ്, തയ്യൽ, ബ്രാൻഡിംഗ് ആൻഡ് പായ്ക്കിംഗ്, സെയിൽസ് ആൻഡ് മാർക്കറ്റിംഗ് എന്നീ നാല് മേഖലകളിൽ ഡൊമൈൻ സ്പെഷ്യലിസ്റ്റുകളെ തിരഞ്ഞെടുത്തു. കൂടാതെ 10,375 സംരംഭങ്ങളുടെ ജിയോ ടാഗിങ്ങ് നടപടികളും പൂർത്തീകരിച്ചു. കൂടാതെ 14 പ്രളയബാധിത ബ്ലോക്കുകളിലും ആറ് നഗരസഭകളിലും കുടുംബശ്രീയുടെ നേതൃത്വത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സംരംഭകത്വ വികസന പദ്ധതി ആരംഭിച്ചു. ഈ പദ്ധതിക്ക് സർക്കാർ 75 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

നഗരമേഖലയിലും നേട്ടങ്ങൾ

2020-21 സാമ്പത്തിക വർഷം കുടുംബശ്രീ ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി വഴി നഗരമേഖലയിലും വലിയ തോതിലുള്ള മുന്നേറ്റമാണ് കുടുംബശ്രീ കൈവരിച്ചത്. അയൽക്കൂട്ട വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 793 പുതിയ വ്യക്തിഗത സംരംഭങ്ങൾ രൂപീകരിക്കുകയും സംരംഭകർക്ക് പലിശ സബ്സിഡിയോടെ വായ്പ ലഭ്യമാക്കുകയും ചെയ്തു. 793 കുടുംബങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭ

ങ്ങൾ എന്ന ഉപഘടകത്തിൻ കീഴിൽ പുതിയ 163 ഗ്രൂപ്പ് സംരംഭങ്ങൾ രൂപീകരിച്ച് ഇവയ്ക്ക് പലിശ സബ്സിഡിയോടുകൂടി വായ്പ ലഭ്യമാക്കുകയും ചെയ്തു. 350 ഓളം കുടുംബ ങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. കൂടാതെ 450 പുതിയ സൂക്ഷ്മസംരം ഭങ്ങളും രൂപീകരിച്ചു.

നിർദ്ധന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകാൻ കുടുംബശ്രീ -കെ.എസ്.എഫ്.ഇ. മൈക്രോ ചിട്ടി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഓൺലൈൻ പഠന ത്തിനായി ലാപ്ടോപ് ലഭ്യമാക്കുന്നതിന് കെ.എസ്.എഫ്.ഇ.യുമായി സഹകരിച്ച് നടപ്പാക്കുന്ന മൈക്രോ ചിട്ടി പദ്ധതിയുടെ ഭാഗമായി ഇതുവരെ 1.44 ലക്ഷം അയൽ ക്കൂട്ട അംഗങ്ങളെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യിക്കാൻ സാധിച്ചു. 1015 വിദ്യാർത്ഥി കൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തു. ഐ.ടി മിഷന്റെ നേതൃത്വത്തിൽ എംപാനൽ ചെയ്ത എച്ച്.പി, ഏയ്സർ, ലെനോവ, കോക്കോണിക്സ് എന്നീ കമ്പ നികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്.

നഗരമേഖലയിൽ 934 പുതിയ സംരംഭങ്ങൾ

നഗരദാരിദ്ര്യം ലഘൂകരിക്കുന്നതിന്റെ ഭാഗമായി അയൽക്കൂട്ട വനിതകളുടെ സാമ്പത്തിക ശാക്തീകരണത്തിന് വലിയ പ്രാധാന്യം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് ഉപയോഗിച്ച് നഗരമേഖലയിൽ 934 പുതിയ സംരംഭങ്ങൾ രൂപീകരിച്ചു കൊണ്ട് 1,250 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കു ന്നതിന് സാധിച്ചു. 4,284 അയൽക്കൂട്ടങ്ങൾ ക്ക് പലിശസബ്സിഡിയോടെ 281 കോടി രൂപ ലിങ്കേജ് വായ്പ ലഭ്യമാക്കിയതാണ് മറ്റൊരു നേട്ടം. 58,000 അംഗങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ഒരു അംഗത്തിന് ശരാശരി 50,000 രൂപ നിര ക്കിൽ വായ്പ ലഭ്യമാക്കാൻ സാധിച്ചത് ഏറെ ശ്രദ്ധേയമാണ്.

നഗര ഉപജീവന കേന്ദ്രങ്ങൾ

നഗരദരിദ്രർക്ക് ആവശ്യമായ സേവന ങ്ങൾ ലഭ്യമാക്കുന്നതിനും അവരുടെ ഉൽപന്ന ങ്ങൾ വിപണനം നടത്താനുമുള്ള ഇടമാണ് നഗര ഉപജീവന കേന്ദ്രങ്ങൾ. എൻ.യു. എൽ.എം. പദ്ധതിയുടെ ഭാഗമാ യാണ് നഗരഉപജീവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. 2020-21 സാമ്പത്തിക വർഷം കുടുംബശ്രീയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി പുതിയതായി എട്ട് നഗര ഉപജീവന കേന്ദ്ര ങ്ങൾ പ്രവർത്തനം ആരംഭിച്ചതോടെ ഈ രംഗത്ത് വ്യക്തമായ മുന്നേറ്റം നടത്താനായി ട്ടുണ്ട്. ഈ കേന്ദ്രങ്ങൾ വഴി നഗരദരിദ്രർക്ക് ആവശ്യമായ സേവനങ്ങൾ എത്തിക്കാനും അവരുടെ ഉൽപന്നങ്ങൾ വിപണനം നടത്താനും വേണ്ട സൗകര്യങ്ങളൊരുക്കാ നും കഴിയുന്നു. ഇതോടൊപ്പം 2,654 യുവജന ങ്ങളെ നൈപുണ്യവികസന പരിശീലനം ലഭ്യമാക്കുന്നതിനായി പദ്ധതിയിൽ ഉൾപ്പെടു ത്തുകയും ചെയ്തു. ഇതിൽ 1749 പേരുടെ സർട്ടി ഫിക്കേഷൻ പൂർത്തീകരിച്ചു. 485 പേർക്ക് വേത നാടിസ്ഥാന തൊഴിലും ലഭ്യമാക്കി.

പ്രധാനമന്ത്രി ആവാസ് യോജന

സംയോജന പ്രവർത്തനങ്ങളുടെ ഏറ്റവും മികച്ച മാതൃകയാണ് പി.എം.എ.വൈ. പദ്ധതിയും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുമായുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധ തിയുമായുള്ള സംയോജനത്തിലൂടെ പി. എം.എ.വൈ. (നഗരം)-ലൈഫ് ഗുണഭോ ക്താക്കൾക്ക് 18,28,305 തൊഴിൽ ദിനങ്ങളും അധിക ധനസഹായമായി 45.54 കോടി രൂപയും ലഭ്യമാക്കാൻ സാധിച്ചത് മാതൃകാ പരമായിരുന്നു. കൂടാതെ 10,523 ഗുണഭോ ക്താക്കൾക്ക് തൊഴിൽ കാർഡ് ലഭ്യമാക്കി യതിലൂടെ തുടർന്നും വരുമാനം നേടുന്നതിന് സഹായകരമായിട്ടുണ്ട്.

കാർഷിക മേഖല

കാർഷിക മേഖലയിൽ നിന്നും തൊഴിലും മെച്ചപ്പെട്ട വരുമാനവും കണ്ടെ ത്തുന്ന നിരവധി സ്ത്രീകൾ കുടുംബശ്രീ സംഘടനാ സംവിധാനത്തിലുണ്ട്. കാർഷിക മേഖലയെ സജീവമാക്കാൻ കുടുംബശ്രീയുടെ കാർഷിക പദ്ധതിക്ക് കഴിയുന്നു. 2020-21 സാമ്പത്തിക വർഷം കുടുംബശ്രീയുടെ 64,999 കർഷക സംഘങ്ങൾ മുഖേന 29,246.34 ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്തത്. ഇതുവഴി രണ്ടര ലക്ഷത്തിലേറെ അയൽക്കൂട്ട വനിതകൾക്ക് മെച്ചപ്പെട്ട ഉപജീവന മാർഗ്ഗം ലഭ്യമാകുന്നു. 75,243 വനിതാ കർഷകർ മുഖേന 5,771.4 ഹെക്ടറിൽ ജൈവ കൃഷി നടത്താനും 804 ലോക്കൽ ഗ്രൂപ്പുകൾക്ക് ഗ്രീൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും സാധിച്ചത് കാർഷിക രംഗത്ത് വനിതക ളുടെ നേട്ടമാണ്. ഗുണമേന്മയുള്ള സസ്യ തൈകൾ ഉൽപാദിപ്പിച്ച് വിപണനം ചെയ്യു ന്നതിനായി 'ജൈവിക' എന്ന പേരിൽ സംസ്ഥാനത്ത് 497 പ്ലാന്റ് നഴ്സറികൾ സ്ഥാപിച്ചു കൊണ്ട് 920 വനിതകൾക്ക് വരുമാന ലഭ്യത ഉറപ്പു വരുത്തുന്നു. ഓരോ യൂണിറ്റിനും പരമാവധി 50,000 രൂപ വരെ റിവോൾവിംഗ് ഫണ്ടായി സാമ്പത്തിക സഹായവും ലഭ്യമാക്കുന്നുണ്ട്.

'സഞ്ജീവനി അഗ്രി തെറാപ്പി' പദ്ധതി

കുടുംബശ്രീയുടെ കീഴിലുള്ള 270 ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് കൃഷിയിൽ ആഭിമുഖ്യം വളർത്തുന്നതിലൂടെ അവരുടെ മാനസികവും ബൗദ്ധികവുമായ വികാസവും വളർച്ചയും ലക്ഷ്യമിട്ടു നടപ്പാക്കുന്ന പദ്ധതി യാണ് 'സഞ്ജീവനി അഗ്രി തെറാപ്പി'. ഇതിന്റെ ഭാഗമായി 270 ബഡ്സ് സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾ പച്ചക്കറി കൃഷി ചെയ്യുന്നു.

299 ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ

2020-21 സാമ്പത്തിക വർഷം കാർഷിക മേഖലയിലെ സംരംഭകർക്ക് അധിക വരുമാനം ലക്ഷ്യമിട്ട് 299 ഇടത്തരം മൂല്യവർ ദ്ധിത യൂണിറ്റുകൾ രൂപീകരിക്കുന്നതിനും ഇതിലൂടെ 1,145 അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും 66 യൂണിറ്റുകൾക്ക് 1.04 കോടി രൂപ സബ്സിഡിയായി നൽകുന്ന തിനും സാധിച്ചു. ഇതു കൂടാതെ 475 ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകൾ കൂടി ആരംഭിച്ചു കൊണ്ട് യൂണിറ്റ് അംഗങ്ങളായ 1,342 പേർക്ക് അതിന്റെ പ്രയോജനം ലഭ്യമാക്കി.

280.1 ഹെക്ടറിൽ ഔഷധ സസ്യക്കൃഷി

ആയുർവേദ മരുന്ന് നിർമ്മാണ രംഗത്ത് ഔഷധ സസ്യങ്ങളുടെ ആവശ്യകത തിരിച്ചറിഞ്ഞുകൊണ്ട് ഈ മേഖലയിൽ പരമാവധി തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി കുടുംബശ്രീ വനിതകൾ ഔഷധ സസ്യക്കൃഷിയിലേക്കും മാറിയിട്ടുണ്ട്. കുടുംബശ്രീയുടെ 878 കർഷക സംഘങ്ങൾ 280.1 ഹെക്ടറിൽ ഔഷധസസ്യക്കൃഷി ചെയ്തു വരുന്നു. 153 ബയോ ഫാർമസികളും രൂപീകരിച്ചു. കൂടാതെ കുടുംബശ്രീ നെൽകർഷകരുടെ വരുമാന വർദ്ധനവും കൂട്ടായ്മയും ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ 73 നെല്ലുൽ പാദക സംഘങ്ങളും രൂപീകരിച്ചു. 6,312 വനിതാ കർഷകരാണ് ഇതിലെ അംഗങ്ങൾ. 2020-21 വർഷം 1,842 ടൺ നെല്ല് ഉൽപാദിപ്പിക്കുന്നതിനും സമാഹരിക്കുന്നതിനും ഇത് പ്രോസസ് ചെയ്ത് 913 ടൺ അരി വിറ്റഴിച്ച് മെച്ചപ്പെട്ട വരുമാനം നേടാനും വനിതാ കർഷകർക്ക് കഴിഞ്ഞു.

ജൈവകൃഷി

തരിശുരഹിത കേരളം ലക്ഷ്യമിട്ട് സംസ്ഥാനത്ത് 12,636 ഏക്കർ തരിശു ഭൂമിയിൽ കുടുംബശ്രീയുടെ 15,542 കർഷക സംഘങ്ങൾ മുഖേന ജൈവകൃഷിയും ചെയ്തു വരുന്നു. കുടുംബശ്രീ കർഷക സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങൾക്ക് സ്ഥിര വിപണി ഒരുക്കി സംസ്ഥാനത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ 5,732 ആഴ്ച ചന്തകൾ സംഘടിപ്പിക്കുന്നതിനും അതിലൂടെ 14 കോടി രൂപയുടെ വിറ്റുവരവ് നേടുന്നതിനും സാധിച്ചു.

മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണ യൂണിറ്റുകൾ

കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പ്രത്യേക ഉപജീവന പദ്ധതി പ്രകാരം കാർഷിക മേഖലയിൽ തൊഴിലെടുക്കുന്ന വനിതകൾക്ക് സംരംഭം തുടങ്ങാൻ പിന്തുണ ലഭ്യമാക്കുന്നുണ്ട്. പപ്പായ, മാങ്ങ, കൈതച്ചക്ക, ചക്ക എന്നിവയ്ക്ക് പ്രത്യേകമായി ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതിയാണിത്. നിലവിൽ ഇത്തരം 89 യൂണിറ്റുകൾ ആരംഭിച്ചു. ഇതിൽ 483 ഗുണഭോക്താക്കൾ ഉണ്ട്. കൂടാതെ ടെറസ് ഗാർഡൻ, കിച്ചൻ ഗാർഡൻ, അലങ്കാര പൂന്തോട്ടം, വൈവിധ്യമാർന്ന പൂന്തോട്ടങ്ങൾ എന്നിവ നിർമ്മിക്കുന്ന പ്രൊഫഷണൽ മൊബൈൽ യൂണിറ്റുകൾ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ ഭാഗമായി 46 ഗ്രീൻ കാർപ്പെറ്റ് യൂണിറ്റുകൾ രൂപീകരിച്ചു. കർഷകർക്ക് പരിശീലനവും ഒരു യൂണിറ്റിന് പരമാവധി ഒരു ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി സാമ്പത്തിക സഹായവും നൽകുന്നു.

ആട് ഗ്രാമം പദ്ധതി

പ്രാദേശിക വിപണി സാദ്ധ്യതകൾക്കനുസരിച്ച് ശുദ്ധമായ ആട്ടിറച്ചിയും ആട്ടിൻ പാലും ലഭ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് കുടുംബശ്രീ നടപ്പാക്കുന്ന ആട്ഗ്രാമം പദ്ധതിയുടെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തിൽ 1,358 ആട്ഗ്രാമം യൂണിറ്റുകൾ രൂപീകരിക്കുന്നതിനും 6,790 വനിതകൾക്ക് പദ്ധതിയിലൂടെ ജീവനോപാധി നേടിക്കൊടുക്കുന്നതിനും സാധിച്ചു. ഓരോ യൂണിറ്റിനും പ്രോജക്ട് തുകയുടെ മൂന്നിലൊന്ന് ഭാഗമായ 50,000 രൂപ സബ്സിഡി ആനുകൂല്യവും ലഭ്യമാക്കുന്നുണ്ട്. ആകെ 679 കോടി രൂപ സബ്സിഡി ഇനത്തിൽ നൽകി.

ക്ഷീരസാഗരം പദ്ധതി

ശുദ്ധമായ പാലും പാലുൽപന്നങ്ങളും ലഭ്യമാക്കുക എന്നതു ലക്ഷ്യമിട്ടുകൊണ്ട് കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന ക്ഷീരസാഗരം പദ്ധതിയുടെ ഭാഗമായി 931 ക്ഷീരസാഗരം യൂണിറ്റുകളാണ് രൂപീകരിച്ചത്. 4,655 വനിതകൾ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. ഇവർക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഇതിലൂടെ ലഭിക്കുന്നു. സംരംഭകർക്ക് 20 കോടി രൂപ സബ്സിഡിയിനത്തിൽ വിതരണം ചെയ്തു കൊണ്ട് സാമ്പത്തിക പിന്തുണ നൽകാനും കുടുംബശ്രീക്ക് സാധിച്ചു.

എ.ബി.സി. പദ്ധതി

തെരുവുനായ ശല്യം പരിഹരിക്കാൻ ആവിഷ്ക്കരിച്ച നടപ്പാക്കിയ കുടുംബശ്രീയുടെ എ.ബി.സി പദ്ധതിയുടെ ഭാഗമായി 31 എബിസി യൂണിറ്റുകൾ വഴി 18,739 തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനും ഇതിന്റെ വേതന ഇനത്തിൽ 3.38 കോടി രൂപയുടെ വരുമാനം നേടാനും സംരംഭകർക്ക് സാധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുമായി സഹകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് ജില്ലകളിൽ എബിസി യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

40 ഔട്ട്ലെറ്റുകളുമായി കേരള ചിക്കൻ പദ്ധതി

കോഴിയിറച്ചിയുടെ അമിതവിലയ്ക്ക് പരിഹാരം കാണുക, സംശുദ്ധമായ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക, ആഭ്യന്തര വിപണിയുടെ അമ്പത് ശതമാനം ഇറച്ചിക്കോഴി സംസ്ഥാനത്തിനകത്തു തന്നെ ഉൽപാദിപ്പിച്ച് വിപണനം ചെയ്യുക എന്നിവ ലക്ഷ്യമിട്ടു കൊണ്ട് മൃഗസംരക്ഷണ വകുപ്പും കെപ്കോയുമായി സഹകരിച്ചു കൊണ്ട് കുടുംബശ്രീ മുഖേന കേരള ചിക്കൻ പദ്ധതിയും നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായി തിരഞ്ഞെടുത്ത 152 കർഷകർക്ക് ഫാം മാനേജ്മെന്റ്, കോൺട്രാക്ട് ഫാമിങ് എന്നിവയിൽ പരിശീലനം നൽകി. പദ്ധതിയുടെ ഭാഗമായി 192 കുടുംബശ്രീ വനിതകൾക്ക് കോഴിവളർത്തലിലൂടെയും കേരള ചിക്കൻ ഔട്ട്ലെറ്റുകളുടെ ഗുണഭോക്താക്കൾ എന്ന നിലയ്ക്കും മെച്ചപ്പെട്ട ഉപജീവന മാർഗ്ഗവും വരുമാനവും കണ്ടെത്താൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ ഏഴ് ജില്ലകളിലായി 140 ചിക്കൻ ഔട്ട്ലെറ്റുകൾ പ്രവർത്തനം ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയുടെ ഭാഗമായി ഇതിനകം 40 ഔട്ട്ലെറ്റുകൾ പ്രവർത്തനം ആരംഭിച്ചു. ഇതുവഴി ഇറച്ചിക്കോഴി കർഷകർക്ക് ഓരോ 45 ദിവസം കൂടുമ്പോഴും ശരാശരി 50,000 രൂപ വരുമാനം ലഭിക്കുന്നു. ചിക്കൻ ഔട്ട്ലെറ്റുകൾ നടത്തുന്ന ഗുണഭോക്താക്കൾക്ക് പ്രതിമാസം ശരാശരി 42,000 രൂപയും വരുമാനം നേടാൻ കഴിയുന്നു.

ആദിവാസി മേഖലയിൽ മൃഗസംരക്ഷണ പദ്ധതികൾ

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ഉപജീവന മാർഗ്ഗം ലഭ്യമാക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ മേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനം നൽകിക്കൊണ്ട്, പട്ടികവർഗ്ഗ വനിതകൾ മുഖേന 100 വ്യക്തിഗത ആടുവളർത്തൽ/കോഴി വളർത്തൽ യൂണിറ്റുകൾ രൂപീകരിക്കുക എന്ന ലക്ഷ്യവുമായി ആരംഭിച്ച പദ്ധതിയാണിത്. 2020-21 സാമ്പത്തിക വർഷത്തിൽ 187 ആട് വളർത്തൽ യൂണിറ്റുകളും 142 കോഴി വളർത്തൽ യൂണിറ്റുകളും രൂപീകരിച്ചു. ഇതിലൂടെ ഓരോ കുടുംബത്തിനും പ്രതി

വർഷം 20,000 രൂപയുടെ അധിക വരുമാനം ലഭിക്കുന്നു.

പട്ടികവർഗ്ഗ മേഖലയിലെ സംരംഭങ്ങൾ

പുതുതായി 52 ഗ്രൂപ്പ് സംരംഭങ്ങളും 58 വ്യക്തിഗത സംരംഭങ്ങളും

ട്രൈബൽ മേഖലയിൽ പരമ്പരാഗത തൊഴിലുകൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് വരുമാന വർദ്ധനവ് നേടുന്നതിനായി കഴിഞ്ഞ വർഷം പുതുതായി 52 ഗ്രൂപ്പ് സംരംഭങ്ങളും 58 വ്യക്തിഗത സംരംഭങ്ങളും രൂപീകരിക്കാൻ കഴിഞ്ഞു. ഇതോടൊപ്പം നിലവിലെ 58 സംരംഭങ്ങൾക്ക് പിന്തുണ നൽകുന്നു. കുടുംബശ്രീ മുഖേന സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേളകൾ, ദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന മേളകൾ എന്നിവയിൽ പങ്കെടുത്ത് കൂടുതൽ വരുമാനം നേടാനുള്ള അവസരം ലഭ്യമാകുന്നു.

തൊഴിലുറപ്പ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് മുൻകൂർ വേതനം

പട്ടികവർഗ്ഗ വികസന വകുപ്പുമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായും സംയോജിച്ചു കൊണ്ട്, അട്ടപ്പാടി, വയനാട്, കണ്ണൂരിലെ ആറളം ഫാം എന്നിവിടങ്ങളിലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട 9,787 പട്ടികവർഗ്ഗ തൊഴിലാളികൾക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിനുവേണ്ടി മുൻകൂർ വേതനം ലഭ്യമാക്കി. ഇതുവഴി ഈ കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

കൊവിഡ് 19 ലോക്ക്ഡൗൺ കാലത്ത് 1,250 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഉപജീവന മാർഗ്ഗം വീണ്ടെടുത്ത് വേറിട്ട പ്രവർത്തനങ്ങൾ നടത്താനും സാധിച്ചു. കൊവിഡ് കാരണം വരുമാന നഷ്ടം നേരിടേണ്ടി വന്ന, മൃഗസംരക്ഷണ മേഖലയിലും മറ്റ് വ്യക്തിഗത ഗ്രൂപ്പ് സംരംഭങ്ങളിലും ഉൾപ്പെട്ടിരുന്ന 1,250 കുടുംബങ്ങൾക്ക് തങ്ങളുടെ തൊഴിൽ സംരംഭം പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ട പിന്തുണ നൽകുക എന്ന ലക്ഷ്യവുമായി ആരംഭിച്ച പദ്ധതിയിലൂടെ ആകെ 822 വ്യക്തിഗത ആട് വളർത്തൽ യൂണിറ്റുകൾ രൂപീകരിക്കാനും ഇതിലൂടെ 552 ഗുണഭോക്താക്കൾക്ക് നിലവിലെ സംരംഭം കൂടുതൽ മെച്ചപ്പെടുത്താനും സാധിച്ചു.

കൊവിഡ് കാലത്തെ മാതൃകയായി കുടുംബശ്രീയുടെ ജനകീയ ഹോട്ടലുകൾ

കൊവിഡ്കാല പ്രതിസന്ധിയ്ക്കിടയിലും സാധാരണക്കാർക്ക് ഏറെ പ്രയോജനകരമാകുന്ന ജനകീയ ഹോട്ടൽ സംസ്ഥാനമെമ്പാടും പ്രവർത്തനം ആരംഭിക്കാൻ സാധിച്ചതാണ് കുടുംബശ്രീ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈയ്യടക്കിയ ശ്രദ്ധേയ നേട്ടം. എല്ലാ പ്രവർത്തനങ്ങളും കുടുംബശ്രീ വനിതകൾക്ക് വരുമാനദായക പ്രവർത്തനങ്ങളാക്കി മാറ്റാൻ സാധിച്ചുവെന്നതും ശ്രദ്ധേയമാണ്. തദ്ദേശ സ്ഥാപനങ്ങളുടെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും സഹകരണത്തോടെ കുടുംബശ്രീ സംസ്ഥാനത്ത് കഴിഞ്ഞ വർഷം 1007 ജനകീയ ഹോട്ടലുകളാണ് സ്ഥാപിച്ചത്. കേരള സർക്കാരിന്റെ വിശപ്പ രഹിത കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സിവിൽ സപ്ലൈസ് വകുപ്പും കുടുംബശ്രീയും സംയോജിച്ചു കൊണ്ട് 20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന പദ്ധതിയാണിത്. ഗ്രാമപ്രദേശത്ത് 833 ഉം നഗരപ്രദേശത്ത് 173 ഉം ജനകീയ ഹോട്ടലുകളാണുള്ളത്. ഇതുവഴി 4422 വനിതകൾക്ക് തൊഴിലും വരുമാനവും ലഭിക്കുന്നു. ജനകീയ ഹോട്ടലുകൾ വഴി പ്രതിദിനം ശരാശരി 1,65,000 ഉച്ചയൂണ് വിതരണം ചെയ്യാൻ കഴിയുന്നുണ്ട്. ജനകീയ ഹോട്ടലുകൾ വഴി വിതരണം ചെയ്യുന്ന ഊണിന്റെ എണ്ണം, സബ്സിഡിയോടെ ലഭിക്കുന്ന അരിയുടെ അളവ് എന്നിവ സംബന്ധിച്ച പ്രതിദിന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനും റിപ്പോർട്ടിങ്ങിനുമായി പ്രത്യേക സോഫ്റ്റ്‌വെയറും സജ്ജമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ മേഖലയിലെ 618 കർഷക സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്

പട്ടികവർഗ്ഗ മേഖലയിലെ കൃഷിയും കാർഷികവൃത്തിയും പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉപജീവന സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിനുമായി 450 കർഷക സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാൻ ലക്ഷ്യമിട്ടു കൊണ്ട് ആരംഭിച്ച പദ്ധതിയാണിത്. ഇതു പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 618 കർഷക സംഘങ്ങൾക്ക് 4,000 രൂപ വീതം ആകെ 2,47,200 രൂപ വിതരണം ചെയ്തു. കൂടാതെ ഈ മേഖലയിലെ 1,500 കർഷകർ കൃഷി ആരംഭിക്കുകയും ചെയ്തു.

(തുടരും)

(ലേഖിക കുടുംബശ്രീ സംസ്ഥാന മിഷനിൽ പബ്ലിക് റിലേഷൻസ് എഡിറ്റോറിയൽ അസിസ്റ്റന്റാണ്)

വാർത്തകൾ വിശേഷങ്ങൾ

വാതിൽപ്പടി സേവനം മാർഗ്ഗരേഖ പുറപ്പെടുവിച്ചു

വാതിൽപ്പടി സേവനം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ, ഭാഗഭാക്കാവുന്നവർ, സേവനങ്ങൾ, ഘടന, ചുമതലകൾ, നടപടിക്രമങ്ങൾ, ധനകാര്യം, അവലോകനം, സംവിധാനം തുടങ്ങിയവ വ്യവസ്ഥചെയ്യുന്ന മാർഗ്ഗരേഖ പുറപ്പെടുവിച്ചു.

സ.ഉ.(സാധാ) നം. 1066/2021/ത.സ്വ.ഭ.വ. തീയതി: 31.05.2021

കൊവിഡ് പ്രതിരോധം - കരാർ ജീവനക്കാർക്ക് തുടരാം

കൊവിഡ് വ്യാപനത്തോടനുബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി കരാറടിസ്ഥാനത്തിൽ നിയമിച്ചിരുന്ന ജീവനക്കാർക്ക് ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ തുടരാൻ അനുമതി നൽകി ഉത്തരവായി.

സ.ഉ. (സാധാ) നം. 1067/2021/ത.സ്വ.ഭ.വ. തീയതി: 01.06.2021

കൊവിഡ് സംഭാവന തുക നിക്ഷേപം - അധിക നിർദ്ദേശങ്ങൾ

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന സംഭാവനകൾ നിക്ഷേപിക്കുന്നതിന് വേണ്ടി ആരംഭിക്കുന്ന അക്കൗണ്ടുകളിൽ ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്നത് ഒഴികെ സർക്കാർ ഫണ്ടുകൾ നിക്ഷേപിക്കാതിരിക്കുവാൻ ശ്രദ്ധിക്കണമെന്നത് ഉൾപ്പെടെ അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സ.ഉ.(സാധാ) നം. 1097/2021/ത.സ്വ.ഭ.വ. തീയതി: 05.06.2021

ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിച്ചു

സർക്കാരിന്റെ 2021-22-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഓണറേറിയം 01.04.2021 മുതൽ മുൻകാല പ്രാബല്യത്തിൽ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായി.

സ.ഉ.(അച്ചടി) നം. 26/2021/ത.സ്വ.ഭ.വ. തീയതി: 10.06.2021

എം.ജി.എൻ.ആർ.ഇ.ജി.എസ്. - ബാങ്ക് മിത്രകളുടെ ഓണറേറിയം പരിഷ്കരിച്ചു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള മുൻകൂർവേതന വിതരണ പരിപാടിക്കായി കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ബാങ്ക് മിത്രകളുടെ പ്രതിമാസ ഓണറേറിയം പരിഷ്കരിച്ച് ഉത്തരവായി.

സ.ഉ.(സാധാ) നം. 1143/2021/ത.സ്വ.ഭ.വ. തീയതി: 14.06.2021

എം.ജി.എൻ.ആർ.ഇ.ജി.എസ്. കരാർ ജീവനക്കാർക്ക് തുടരാം

കൊവിഡ്-19 രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കരാർ ജീവനക്കാരെ നടപ്പ് സാമ്പത്തിക വർഷം മുഴുവൻ സേവനത്തിൽ തുടരാൻ അനുമതി നൽകി ഉത്തരവായി.

സ.ഉ.(സാധാ) നം. 1149/2021/ത.സ്വ.ഭ.വ. തീയതി: 15.06.2021

സി.എഫ്.എൽ.ടി.സി. നടത്തിപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്തു

കൊവിഡ്-19 പ്രതിരോധിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച ട്രീറ്റ്മെന്റ് സെന്ററുകളുടെ രൂപീകരണവും നടത്തിപ്പും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതിവരുത്തി ഉത്തരവായി.

സ.ഉ.(സാധാ) നം. 1161/2021/ത.സ്വ.ഭ.വ. തീയതി: 17.06.2021

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവായി.

സ.ഉ.(സാധാ) നം. 1169/2021/ത.സ്വ.ഭ.വ. തീയതി: 18.06.2021

അംബേദ്കർ ഗ്രാമം പദ്ധതി - വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താം

പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി നടപ്പാക്കിവരുന്ന 'അംബേദ്കർ ഗ്രാമം' പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതികളിൽ ഉൾക്കൊള്ളിച്ച് നിർവ്വഹണം നടത്തേണ്ടതാണെന്ന നിർദ്ദേശം പുറപ്പെടുവിച്ചു.

സർക്കുലർ നം. ഡി.എ.1/97/2020-ത.സ്വ.ഭ.വ. തീയതി: 02.06.2021

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

പരിസ്ഥിതിയും പുനഃസ്ഥാപനവും

■ ഗസൽ വി.ജെ.

ഇന്ന് അന്തരീക്ഷത്തിലെ മൊത്തം ഹരിതഗൃഹവാതകങ്ങളുടെ നാലിൽ ഒന്ന് അമേരിക്കൻ ഐക്യനാടുകളിൽ നിന്നാണ്. രണ്ടാം സ്ഥാനത്ത് യൂറോപ്യൻ രാജ്യങ്ങളും. അതിനാൽ അവയുടെ ഉൽസർജ്ജനം കുറയ്ക്കേണ്ടതിന്റെ ഉത്തരവാദിത്തവും ഈ വികസിതരാജ്യങ്ങൾക്കാണ്. ആഗോളതാപനത്തിന്റെ ദൂഷ്യഫലങ്ങൾ എല്ലാ കാലത്തും അനുഭവിക്കാൻ വിധിക്കപ്പെട്ട ദരിദ്രരാജ്യങ്ങൾക്ക് ദുരിതാശ്വാസത്തിന് ആവശ്യമായ സാമ്പത്തികസഹായം നൽകേണ്ടതും അവരുടെ ബാധ്യതയാണ്.

പ്രകൃതിസംരക്ഷണത്തിന്റെയും മലിനീകരണ നിയന്ത്രണത്തിന്റെയും പ്രാധാന്യം വീണ്ടും ഓർമ്മപ്പെടുത്തിക്കൊണ്ട് മറ്റൊരു പരിസ്ഥിതിദിനം കൂടി കടന്നുപോവുകയാണ്. 1974-ൽ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് മാനവരാശിക്ക് ബോധവൽക്കരണം നൽകുക എന്ന ലക്ഷ്യത്തോടെയാരംഭിച്ച ഈ ദിനാചരണം ഏകദേശം അഞ്ച് പതിറ്റാണ്ടിനിപ്പുറം എത്തിനിൽക്കുമ്പോൾ പരിഹരിക്കേണ്ട പ്രശ്നങ്ങളും അൻപത് ഇരട്ടി ആയിരിക്കുകയാണ്. 'പാരിസ്ഥിതികവ്യവസ്ഥ' പുനഃസ്ഥാപിക്കുക എന്നതാണ് ഇത്തവണത്തെ ലോകപരിസ്ഥിതിദിനം മുന്നോട്ട് വയ്ക്കുന്ന മുദ്രാവാക്യം.

സമുദ്രമലിനീകരണം, ഉയരുന്ന ജനസംഖ്യ വളർച്ചാ നിരക്ക്, ആഗോളതാപനം, സുസ്ഥിരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെ അഭാവം തുടങ്ങി പരിഹരിക്കാനാവുന്നവയായിരുന്നു അന്നത്തെ പ്രാഥമിക വെല്ലുവിളികൾ. എന്നാൽ ഇന്നത് 'പാരിസ്ഥിതിക വ്യവസ്ഥയെ പുനഃസ്ഥാപിക്കുക' എന്ന കഠിനമായ ലക്ഷ്യത്തിലേക്ക് എത്തിനിൽക്കുകയാണ്. മാനവരാശിയ്ക്കെതിരെ പ്രകൃതി യുദ്ധം (കൊവിഡ് 19) ആരംഭിച്ചതിന്റെ ഒന്നാം വാർഷികം ആചരിച്ച പശ്ചാത്തലത്തിൽ പരിസ്ഥിതിയുടെ പുനഃസ്ഥാപനം വിസ്മരിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനവും മനുഷ്യന് ഇനി സാദ്ധ്യമല്ല.

പരിസ്ഥിതിസംരക്ഷണ പ്രസ്ഥാനങ്ങളുടെയും ഉടമ്പടികളുടെയും ഉത്ഭവത്തിന് സുദീർഘമായ പാരമ്പര്യം തന്നെ ലോകചരിത്രഭൂപടത്തിൽ അവകാശപ്പെടാനുണ്ട്, മനുഷ്യന്റെ പ്രഥമ ആവശ്യമായ ശുദ്ധവായു

വിന്റെ സംരക്ഷണത്തിനുവേണ്ടി തന്നെയായിരുന്നു ഇത്തരത്തിലൊരു ആദ്യകാല മുന്നേറ്റം അരങ്ങേറിയത്. 1272-ൽ ഇംഗ്ലണ്ടിലെ രാജാവായിരുന്ന എഡ്വേർഡ് ഒന്നാമൻ പുറപ്പെടുവിച്ച നിയമമാണ് ചരിത്രത്തിലെ ആദ്യത്തെ പരിസ്ഥിതിനിയമമായി കണക്കാക്കപ്പെടുന്നത്. കടൽ കൽക്കരി കത്തിക്കുന്നതിൽനിന്നും വീടുകളെ വിലക്കാനായിരുന്നു ഈ നിയമത്തിന്റെ ഉത്ഭവം. എന്നാൽ ഏഴ് നൂറ്റാണ്ടിനിപ്പുറമാണ് വായു മലിനീകരണത്തിന്റെ ഭീകരമുഖവും ശുദ്ധവായു സംരക്ഷിക്കേണ്ടതിന്റെ പാരിസ്ഥിതിക പ്രാധാന്യവും ആധുനികലോകം തിരിച്ചറിഞ്ഞത്.

1952 ഡിസംബർ 5 മുതൽ 9 വരെ ലണ്ടനിൽ ഉണ്ടായ 'ലണ്ടൻ സ്മോഗ് ' നഗരത്തെ കാഴ്ച മറയ്ക്കുന്ന കട്ടിയേറിയ പുകമഞ്ഞ് കൊണ്ടുമൂടി. രണ്ടു ദിവസം കൊണ്ടു തന്നെ നാലായിരത്തോളം പേർ മരണപ്പെട്ടു. ഒരു ലക്ഷത്തോളം പേർ ബോധരഹിതരും രോഗബാധിതരുമായി. ആകെ പന്ത്രണ്ടായിരത്തോളം പേർ മരിച്ചുവെന്നാണ് അന്തിമകണക്കുകൾ. ഗാർഹിക ആവശ്യങ്ങൾക്കും വ്യാവസായിക-വൈദ്യുത ആവശ്യങ്ങൾക്കും വലിയ തോതിൽ കൽക്കരി ഉപയോഗിക്കാൻ ആരംഭിച്ചതോടെ അന്തരീക്ഷത്തിലേക്ക് വൻതോതിൽ സൾഫർ ഡയോക്സൈഡ് പുറന്തള്ളുവാൻ ആരംഭിക്കുകയും ഇത് പുകമഞ്ഞിലേക്ക് നയിക്കുകയും ചെയ്തു. പൊതുവേ തണുത്ത കാലാവസ്ഥയുള്ള ലണ്ടനിൽ തണുത്ത വായുവിൽ, അന്തരീക്ഷത്തിലെ പൊടി, പുക, സൾഫർ ഡയോക്സൈഡ് എന്നിവ ഒത്തുചേർന്ന് പുകമഞ്ഞ് രൂപപ്പെട്ടപ്പോൾ മനുഷ്യനിർമ്മിത കാരണങ്ങൾക്കൊപ്പം ചില കാലാവസ്ഥാ പ്രതിഭാസങ്ങൾ കൂടി ചേർന്നുണ്ടായ 'ലണ്ടൻ സ്മോഗ് ' ചരിത്രത്തിലെ ഏറ്റവും വലിയ പാരിസ്ഥിതിക ദുരന്തങ്ങളിൽ ഒന്നായി മാറി. അത് അടിയന്തിരമായ നിയമനിർമ്മാണത്തിലേക്കും വഴിതെളിച്ചു. അങ്ങനെ Clean Air Act 1956 ലോകത്തിലെ ആദ്യത്തെ സമഗ്രമായ പരിസ്ഥിതി നിയമമായി മാറി.

പരിസ്ഥിതി പ്രസ്ഥാനങ്ങളെപ്പറ്റി ചർച്ച ചെയ്യുമ്പോൾ ലോകത്തിനുമുന്നിൽ അഭിമാനത്തോടെ ഉയർത്തിക്കാട്ടാവുന്ന മാതൃകകൾ നമ്മുടെ രാജ്യത്തും ഉണ്ടായിട്ടുണ്ട്. 1970 കളിൽ ഉത്തരാഖണ്ഡിലെ ജനങ്ങൾ തങ്ങളുടെ പ്രദേശത്തെ വനങ്ങൾ സംരക്ഷിക്കുന്നതിനായി ആരംഭിച്ച 'ചിപ്കോ പ്രസ്ഥാനം' വിസ്മരിക്കാനാകാത്തതാണ്. കാർഷികോപകരണങ്ങൾ നിർമ്മിക്കാ



സുന്ദർലാൽ ബഹുഗുണ

നായി ആഷ് മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം വനംവകുപ്പ് ഗ്രാമീണർക്ക് നിഷേധിച്ചതാണ് ഈ പ്രസ്ഥാനത്തിന്റെ ഉത്ഭവകാരണം. അതേസമയം, സൈമണ്ട്സ് എന്ന സ്പോർട്സ് കമ്പനിക്ക് ഇതേ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ മുറിക്കാൻ അനുവാദം നൽകിയ ഭരണകൂടത്തിന്റെ ഇരട്ടത്താപ്പിനെയും ചിപ്കോ പ്രസ്ഥാനം പുറത്തു കൊണ്ടുവന്നു. സ്ത്രീകളടക്കമുള്ള ഗ്രാമീണർ മരങ്ങളെ കെട്ടിപ്പുണർന്നുകൊണ്ട് അവയെ വെട്ടിവീഴ്ത്തുന്നത് തടഞ്ഞതോടെ അതിവേഗം ലോകശ്രദ്ധയാകർഷിച്ച ഒരു പരിസ്ഥിതി പ്രസ്ഥാനമായി അത് വളർന്നു. കഴിഞ്ഞ മെയ് 21 ന് നിര്യാതനായ ചിപ്കോ പ്രസ്ഥാനത്തിന്റെ നേതാവ്, സുന്ദർലാൽ ബഹുഗുണയെ സ്മരിക്കാനുള്ള ഉത്തമ അവസരമായും ഈ വർഷത്തെ പരിസ്ഥിതിദിനത്തെ പരിഗണിക്കാം.

പരിസ്ഥിതി പ്രസ്ഥാനങ്ങൾക്കും സമരങ്ങൾക്കും ഒപ്പംതന്നെ ലോകം ഉറ്റുനോക്കുന്നവയാണ് അന്താരാഷ്ട്ര പരിസ്ഥിതി സമ്മേളനങ്ങളും. തണ്ണീർത്തടങ്ങളും ചതുപ്പുനിലങ്ങളും സംരക്ഷിക്കുന്നതിനായി 1971 ഫെബ്രുവരി 2 ന് ഇറാനിലെ റംസാറിൽ ചേർന്ന റംസാർ കൺവെൻഷൻ, പരിസ്ഥിതി സംരക്ഷണത്തെപ്പറ്റി അവബോധമുണ്ടാക്കാനായി 1972 ജൂണിൽ ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ നടന്ന അന്താരാഷ്ട്ര പരിസ്ഥിതി സമ്മേളനം, ഓസോൺ പാളിയുടെ നാശം ലഘൂകരിക്കുന്നതിനായി യു.എൻ.ഇ.പിയുടെ ആഭിമുഖ്യത്തിൽ 1987 ൽ കാനഡയിലെ മോൺട്രിയലിൽ ചേർന്ന മോൺട്രിയൽ ഉടമ്പടി, ആഗോള താപനില ഉയരുന്നത് രണ്ട് ഡിഗ്രി സെൽഷ്യസിൽ താഴെ നിർത്താൻ ശ്രമിക്കണമെന്ന ലക്ഷ്യവുമായി 2009 ൽ ഡെൻമാർക്കിലെ കോപ്പൻഹേഗനിൽ നടന്ന ഐക്യരാഷ്ട്ര സഭയുടെ കാലാവസ്ഥ കോൺഫറൻസ്, 1992-ൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ ഐക്യരാഷ്ട്രസഭ വിളിച്ചുകൂട്ടിയ റിയോ ഭൗമ ഉച്ചകോടി, ഹരിതഗൃഹവാതകങ്ങളുടെ ഉത്സർജനം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് 1997-ൽ ജപ്പാനിലെ ക്യോട്ടോയിൽ നടന്ന ക്യോട്ടോ പ്രോട്ടോകോൾ തുടങ്ങിയവയാണ് ഇവയിൽ പ്രധാനപ്പെട്ടവ. യു.എൻ.ഇ.പി, WWF, ഐ.യു.സി.എൻ, ഗ്രീൻപീസ്, ഗ്രീൻബെൽറ്റ് തുടങ്ങിയ അന്താരാഷ്ട്ര സംഘടനകളും ഇന്ത്യയിൽ രൂപംകൊണ്ട സൈലന്റ് വാലി പ്രസ്ഥാനം, നർമ്മദ ബചാവോ ആന്ദോളൻ തുടങ്ങിയവയും പരിസ്ഥിതിക്ക് വേണ്ടി ശക്തമായി ശബ്ദമുയർത്തിയവയാണ്.

കാലാവസ്ഥ ഉടമ്പടികളും അന്താരാഷ്ട്ര പരിസ്ഥിതി സമ്മേളനങ്ങളും ഇവിടെ പരാമർശിച്ചതിന് പിന്നിൽ ചില പ്രധാന വസ്തുതകളുണ്ട്. അത് അവ എത്രത്തോളം വിജയകരമായി നടപ്പിലാക്കാൻ സാധിച്ചു എന്നതിലേക്ക് വിരൽ ചൂണ്ടുന്നു. ആഗോളതാപനം ഒരു വസ്തുതയാണെന്ന് തിരിച്ചറിഞ്ഞിട്ടും അത് സമ്മതിക്കാൻ തയ്യാറാകാത്ത ഭരണാധികാരികളുണ്ട്. അത് ശാസ്ത്രലോകത്തിന്റെ ഭാവനയായി കാണുന്നവരുമുണ്ട്. ഇന്ന് അന്തരീക്ഷത്തിലെ മൊത്തം ഹരിതഗൃഹവാതകങ്ങളുടെ നാലിൽ ഒന്ന് അമേരിക്കൻ ഐക്യനാടുകളിൽ നിന്നാണ്. രണ്ടാം സ്ഥാനത്ത് യൂറോപ്യൻ രാജ്യങ്ങളും. അതിനാൽതന്നെ അവയുടെ ഉൽസർജ്ജനം കുറയ്ക്കേണ്ടതിന്റെ ഉത്തരവാദിത്തവും ഈ വികസിതരാജ്യങ്ങൾക്കാണ്. അതുപോലെ ആഗോളതാപനത്തിന്റെ ദൂഷ്യഫലങ്ങൾ എല്ലാ കാലത്തും അനുഭവിക്കാൻ വിധിക്കപ്പെട്ട ദരിദ്രരാജ്യങ്ങൾക്ക് ദുരിതാശ്വാസത്തിന് ആവശ്യമായ സാമ്പത്തികസഹായം നൽകേണ്ടതും അവരുടെ ബാധ്യതയാണ്. 1997-ലെ ക്യോട്ടോ ഉടമ്പടിയുടെ ലക്ഷ്യവും ഇതുതന്നെയായിരുന്നു. എന്നാൽ മേൽപ്പറഞ്ഞ വികസിത രാജ്യങ്ങൾ ഉൾപ്പെടെയുള്ളവർ ഇതിൽ നിന്ന് പിൻമാറി. ഇത് ഹരിതഗൃഹവാതകങ്ങളുടെ അളവ് കുറയുന്നതിനു പകരം കൂടുന്നതിന് കാരണമാകുന്ന ഫോസിൽ ഇന്ധന ഉപയോഗം വർദ്ധിക്ക

ന്നതിന് കാരണമായി. ഇതിന് സമാനമാണ് 2015-ലെ പാരീസ് ഉച്ചകോടിയുടെയും അവസ്ഥ. അവിടെ ആഗോളതാപനം കുറയ്ക്കുന്നതിനുള്ള ക്രിയാത്മക പദ്ധതികൾക്ക് രൂപം നൽകപ്പെടുമെന്ന് ഏവരും പ്രതീക്ഷിച്ചെങ്കിലും വികസിതരാജ്യങ്ങളുടെ പിൻവാങ്ങലിലൂടെ അതും ചരിത്രത്തിന്റെ ഭാഗമായി ഒതുങ്ങി.

കാര്യങ്ങൾ അനുദിനം കൈവിട്ടുപോകുന്ന ഒരു അവസ്ഥയാണിന്ന് സംജാതമായിരിക്കുന്നത്. ആഗോളതാപനത്തിന്റെയും കാലാവസ്ഥാമാറ്റത്തിന്റെയും ആഘാതങ്ങൾ ലോകജനത സ്ഥിരമായി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അടിക്കടിയുണ്ടാകുന്ന ചുഴലിക്കാറ്റുകളും കടൽക്ഷോഭങ്ങളും സമുദ്രനിരപ്പിലുണ്ടായ ഉയർച്ചയും ആശങ്കയല്ലാതെ മറ്റൊന്നും സമ്മാനിക്കുന്നില്ല. വ്യവസായവിപ്ലവകാലത്ത് നിന്ന് ഇന്നത്തെ അവസ്ഥയിലേക്ക് എത്തിനിൽക്കുമ്പോൾ കരയിലെ താപനില 1^0C വരെ വർദ്ധിച്ചു. സമുദ്രോപരിതലത്തിൽ ഇത് 0.85^0C വരെയാണ്. പ്രവചനാതീതമായ മഴയ്ക്കും അതിതീവ്ര ചുഴലിക്കാറ്റിനും മഹാപ്രളയങ്ങൾക്കും നിയന്ത്രണാതീതമായ കാട്ടുതീയ്ക്കുമെല്ലാം സാക്ഷിയായ ലോകജനത കാലാവസ്ഥാവ്യതിയാനം സൃഷ്ടിക്കുന്ന പ്രശ്നങ്ങളുടെ യഥാർത്ഥരൂപം ഇനിയും കാണാനിരിക്കുന്നതേയുള്ളൂ. അത് നമ്മുടെ ജീവിതത്തിന്റെ എല്ലാ ഘടകങ്ങളിലും മാറ്റം വരുത്തും. ശാസ്ത്രം ഇതിനൊക്കെ പരിഹാരം കണ്ടെത്തുമെന്ന് പ്രതീക്ഷിക്കാമെങ്കിലും ലാഭാധിഷ്ഠിതവും അശാസ്ത്രീയവുമായ വികസന പ്രവർത്തനങ്ങൾ ഇത്തരത്തിൽ തുടർന്നാൽ അന്തരീക്ഷതാപനില ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ 3.5^0C വരെ ഉയരുമെന്ന വിവരങ്ങളാണ് ബന്ധപ്പെട്ട

കാലാവസ്ഥ ഉടമ്പടികളും അന്താരാഷ്ട്ര പരിസ്ഥിതി സമ്മേളനങ്ങളും ഇവിടെ പരാമർശിച്ചതിന് പിന്നിൽ ചില പ്രധാന വസ്തുതകളുണ്ട്. അത് അവ എത്രത്തോളം വിജയകരമായി നടപ്പിലാക്കാൻ സാധിച്ചു എന്നതിലേക്ക് വിരൽ ചൂണ്ടുന്നു. ആഗോളതാപനം ഒരു വസ്തുതയാണെന്ന് തിരിച്ചറിഞ്ഞിട്ടും അത് സമ്മതിക്കാൻ തയ്യാറാകാത്ത ഭരണാധികാരികളുണ്ട്.

ശാസ്ത്ര സമൂഹങ്ങളിൽ നിന്ന് ലഭിക്കുന്നത്.

ബദൽമാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. കൊവിഡ് സാമ്പത്തിക രംഗത്തുണ്ടാക്കിയ തകർച്ചയിൽനിന്ന് കരകയറാൻ പരിസ്ഥിതിയെയും കാലാവസ്ഥാമാറ്റത്തെയും അവഗണിച്ചുകൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ നടത്താൻ ഭരണകൂടങ്ങൾ തയ്യാറായേക്കാം. ഇത് തികച്ചും ആത്മഹത്യാപരമാണ്. ജനകീയ ചെറുത്തുനില്പുകളിലൂടെ മാത്രമേ ഇത് തടയാൻ കഴിയുകയുള്ളൂ. ഊർജ്ജദുർവിനിയോഗം ഒഴിവാക്കാനും ഊർജ്ജക്ഷമതകൂടിയ സങ്കേതങ്ങൾ ഉപയോഗിക്കുവാനും ഒപ്പം ഫോസിൽ ഇന്ധനങ്ങൾക്കു പകരം ബദൽ ഊർജ്ജരൂപങ്ങൾ ഉപയോഗിക്കാനും സമൂഹത്തെ തയ്യാറാക്കണം. താഴെത്തട്ടിലുള്ള പ്രകൃതിസംരക്ഷണനിയമങ്ങൾ പോലും ശക്തമാക്കണം. കൂടാതെ സമഗ്രമായ പാരിസ്ഥിതിക അവബോധവും തദ്ദേശീയ വിഭവങ്ങൾക്കു മേലുള്ള അവബോധവും സമൂഹത്തിന്റെ താഴെത്തട്ടിൽ നിന്നുതന്നെ ഉണർത്തിയെടുക്കാൻ സാധിക്കുകയാണെങ്കിൽ, വരാൻപോകുന്ന പല മഹാദുരന്തങ്ങളുടെയും തീവ്രത നമുക്ക് ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കും എന്ന കാര്യത്തിൽ സംശയമില്ല.

□

ലേഖകൻ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിയാണ്

മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല സ്വയം സ്വീകരിക്കേണ്ടതാണ്

ഭാഷയും സ്വാതന്ത്ര്യവും

■ **ഡോ. എഴുമറ്റൂർ രാജരാജവർമ്മ**

ഒരു ജനതയെ കീഴടക്കാനുള്ള ഏറ്റവും നല്ല ഉപാധി അവരുടെ ഭാഷയെ നശിപ്പിക്കുക എന്നതാണ്. ഭാഷ നശിച്ചാൽ സംസ്കാരം ഇല്ലാതാകും. ലോകചരിത്രം പഠിച്ചാൽ ഇതു മനസ്സിലാകും. ഗ്രന്ഥാലയങ്ങൾ തീവെച്ച് നശിപ്പിക്കുന്നതിന്റെയും സാംസ്കാരിക കേന്ദ്രങ്ങൾ നാമാവശേഷമാക്കുന്നതിന്റെയും പിന്നിലുള്ള ചേതോവികാരമിതാണ്; ഭാരതീയ ഭാഷകൾക്കുമേൽ ഇംഗ്ലീഷ് അടിച്ചേല്പിച്ചുകൊണ്ട് മെക്കാളെ ചെയ്തതും ഈ ഉദ്ദേശ്യത്തോടുകൂടിയാണ്. നമ്മുടേതെല്ലാം മോശമാണെന്നും അവരുടേതെല്ലാം മെച്ചമാണെന്നും ഇംഗ്ലീഷ് ബോധനമാധ്യമമാക്കുക വഴി അവർക്കു നമ്മെ പഠിപ്പിക്കാൻ കഴിഞ്ഞു. അവർക്കുവേണ്ടി അടിമപ്പണി

ചെയ്യാൻ കഴിവുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ ഇതുവഴി നിഷ്ഠ യാസം അവർക്ക് സാധിച്ചു. തലമുറക ളിൽ നിന്നും തലമുറകളിലേക്ക് ആ അടിമത്ത മനോഭാവം പകർന്നു. അതാണ് ഇപ്പോഴും നമ്മിൽ കൊടികു ത്തിവാഴുന്ന പാശ്ചാത്യഭ്രമത്തിന ടിസ്ഥാനം.

എല്ലാ ഭാഷകളും നല്ലതാണ്. ഒന്ന് ഒന്നിനേക്കാൾ മെച്ചമെന്നോ നീചമെന്നോ പറയുകവയ്യ. അമ്മയ്ക്ക് പകരമല്ല മറ്റൊരു സ്ത്രീയും; മാതൃഭാഷയ്ക്ക് സമമല്ല മറ്റൊരു ഭാഷയും. എന്നാൽ എത്ര ഭാഷകളും സ്വായത്തമാക്കുന്നത് നന്നാണ്. ഭാരതത്തിൽ ത്രിഭാഷാ പദ്ധതി നടപ്പിലാക്കിയത് നമ്മുടെ ബഹുഭാഷാപ്രശ്നത്തിനുള്ള ഒരു പരിഹാ രമായിട്ടാണ്. മാതൃഭാഷ, ഔദ്യോഗിക ഭാഷയായ ഹിന്ദി, ബന്ധഭാഷയായ ഇംഗ്ലീഷ്- ഇവ മൂന്നും പഠിക്കണം എന്നാണ് ത്രിഭാഷാപദ്ധതി വ്യവസ്ഥ ചെയ്യുന്നത്. ഭാരത ത്തിലെമ്പാടും ഈ വ്യവസ്ഥ പാലിക്കപ്പെട്ടിരു ന്നെങ്കിൽ നമ്മുടെ ഭാഷാപ്രശ്നം ഇത്ര രൂക്ഷമായി വളരുകയില്ലായിരുന്നു. ഹിന്ദിയെ പൊതുഭാഷയായി അംഗീകരിച്ചുകൊണ്ടും ഒരോ ദേശത്തേയും ഭാഷയെ ഒന്നാം ഭാഷയായി അംഗീകരിച്ചുകൊണ്ടും ഇംഗ്ലീഷിനെ നയതന്ത്ര ഭാഷയായി നിലനിർത്തികൊണ്ടും മുമ്പോട്ടു പോകണമെന്നും പതിനഞ്ചു വർഷം കഴിയു മ്പോഴേക്കും ഇംഗ്ലീഷിനെ രാഷ്ട്രാന്തരബന്ധ ത്തിനുള്ള ഭാഷ മാത്രമാക്കിച്ചുരുക്കണമെന്നു മൊക്കെയാണ് ഭരണഘടനാശിൽപ്പികൾ തുടക്കത്തിൽ വിഭാവനം ചെയ്തത്.

അൽപ്പം ചരിത്രം പറയേണ്ട സമയമായി. ഭാഷാപ്രശ്നം സ്വാന്ത്ര്യസമ രത്തിന്റെയും ദേശീയപ്രസ്ഥാനത്തിന്റെ യും ഭാഗമാക്കി വളർത്തിയത് മഹാത്മാ ഗാന്ധിയാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിക്ക ണമെന്നും ഓരോ സംസ്ഥാനത്തും അവിടത്തെ ഭാഷ എല്ലാ കാര്യങ്ങ ൾക്കും ഉപയോഗിക്കണമെന്നും ഹിന്ദി ദേശീയഭാഷയായി അംഗീകരിക്കണമെ ന്നും അദ്ദേഹം പറഞ്ഞു. ഹിന്ദി പ്രചാര സഭകൾ രാജ്യമെമ്പാടും വ്യാപിച്ചത് ഗാന്ധിജിയുടെ നിർദ്ദേശത്തെത്തുടർ ന്നാണ്. ഹിന്ദിപഠനം സ്വാതന്ത്ര്യസമ രത്തിന്റെ ഭാഗം തന്നെയായി. ഭാരതീയ ഭാഷകളും അവയുടെ വൈവിധ്യപൂർണ്ണ മായ സംസ്കാരങ്ങളും സംരക്ഷിക്കപ്പെട്ട കയും പോഷിപ്പിക്കപ്പെടുകയും ചെയ്യ



ഗാന്ധിജി

ണമെന്ന് അദ്ദേഹം പറഞ്ഞു. ഗാന്ധിജിയുടെ ആശയദർശനങ്ങൾക്കനുസൃതമായ ഭാഷാ വികാസം സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഉണ്ടായി എന്നു പറയുകവയ്യ.

ഇന്ത്യൻ സ്റ്റാറ്റ്യൂട്ടറി കമ്മീഷനും (1927) ഭാഷാപ്രവിശ്യാ കമ്മീഷനും (1948) ഭാരത ത്തിലെ ഭാഷാപ്രശ്നങ്ങൾ പഠിച്ചു. അതിനെ തുടർന്നാണ് 1953 ൽ സംസ്ഥാന പുനഃസംഘ ടനാ കമ്മീഷൻ നിലവിൽ വന്നത്. അതിന് ചില നിമിത്തങ്ങൾ ഉണ്ടായിരുന്നുതാനും.

കിഴക്കൻ പാക്കിസ്ഥാനിൽ (പിന്നീട് ബംഗ്ലാദേശ്) ഉർദു ഭരണഭാഷയാക്കിയ തിനെ തുടർന്ന് വലിയ പ്രക്ഷോഭം ഉണ്ടായി. 1952 ഫെബ്രുവരി 21ന് ഢാക്കാ സർവ്വകലാ ശാലയിലെ, പ്രക്ഷോഭകരായ വിദ്യാർത്ഥി



പോറ്റി ശ്രീരാമുലു

കൾക്കുനേരേ പോലീസ് വെടിവെച്ചു. നാല് വിദ്യാർത്ഥികൾ കലാലയത്തിൽ മരിച്ചു വീണു. ഈ സംഭവത്തിന്റെ ഓർമ്മയ്ക്കാണ് ഫെബ്രുവരി 21 ലോക മാതൃഭാഷാദിനമായി കൊണ്ടാടാൻ ഐക്യരാഷ്ട്രസഭ (യുനെസ്കോ) 1999 നവംബർ 17 ന് പ്രഖ്യാപിക്കുന്നത്.

സ്വന്തം ഭാഷയായ തെലുഗിന് ഒരു സംസ്ഥാനം വേണം എന്ന ആവശ്യം ഉന്നയി ച്ചുകൊണ്ട് ഭാഷാസ്നേഹികൾ പോറ്റി ശ്രീരാമു ലുവിന്റെ നേതൃത്വത്തിൽ, മദിരാശിയിൽ, 1952 ഒക്ടോബർ 19 ന് നിരാഹാര സത്യാഗ്രഹം തുടങ്ങി. അമ്പത്തെട്ടാം ദിവസം ഡിസംബർ 15 ന് ശ്രീരാമുലു ജീവത്യാഗം ചെയ്തു. പ്രക്ഷോഭം രൂക്ഷമായി. 1953 ൽ ഭാഷാസംസ്ഥാന പുനഃ സംഘടനാകമ്മീഷന് രൂപം നൽകാൻ കേന്ദ്രസർക്കാർ തീരുമാനിച്ചത് ഈ സംഭവ ത്തോടെയാണ്. മാതൃഭാഷയ്ക്ക് വേണ്ടി ജീവ ത്യാഗം ചെയ്ത ആദ്യത്തെ ഭാരതീയനായി പോറ്റി ശ്രീരാമുലു. 1953-ൽ ആന്ധ്ര സംസ്ഥാനം നിലവിൽവന്നു.

1950-ൽ തന്നെ ഭാരതത്തിന്റെ ഭരണ ഘടന നിലവിൽ വന്നിരുന്നു. അതിൽ 343 മുതൽ 351 വരെയുള്ള അനുച്ഛേദങ്ങളിലാണ് ഭാഷാപ്രശ്നം ചർച്ചചെയ്തിരിക്കുന്നത്.

ഭരണഘടനയിലെ ഭാഷാവ്യവസ്ഥകളു ടെയും സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 1956 നവംബർ 1 ന് പതിനാറ് സംസ്ഥാനങ്ങൾ നിലവിൽ വന്നു. ഐക്യകേരളപ്പിറവി ദിനമായ നവംബർ 1 മലയാളദിനമായി ആഘോഷിച്ചുവരുന്നു. സംഘടിതമായ ഭാഷാസംസ്കാരപോഷണശ്ര മങ്ങൾ സർക്കാർ ആഭിമുഖ്യത്തിൽ ആസൂ ത്രണം ചെയ്തു നടപ്പിലാക്കിത്തുടങ്ങുന്നത് ഇതിനെത്തുടർന്നാണ്. സാഹിത്യ അക്കാദ മികൾ, സംഗീത നാടക അക്കാദമികൾ, ലളിതകലാ അക്കാദമികൾ, ഭാഷാ ഇൻസ്റ്റി റ്റ്യൂട്ടുകൾ, വിജ്ഞാനകോശനിർമ്മാണ സ്ഥാ പനങ്ങൾ, ഭാഷാസർവ്വകലാശാലകൾ, സംസ്കാര വിനിമയയത്നങ്ങൾ, താരതമ്യ സാഹിത്യപഠനപദ്ധതികൾ തുടങ്ങിയവ യൊക്കെ പിൽക്കാലത്ത് ഭാഷാസംസ്കാര വികാസത്തിൽ പങ്കുവഹിച്ചു.

നവംബർ 1 നമ്മൾ മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാ രമായും ആഘോഷിക്കുന്നു. രാഷ്ട്രീയ സ്വാത ന്ത്ര്യം പോലെയോ അതിനേക്കാൾ പ്രധാനമോ ആണ് ഭാഷാപരമായ സ്വാത ന്ത്ര്യവും ചിന്താപരമായ സ്വാതന്ത്ര്യവും.

(തുടരും)

വയനാട്

■ ഡോ. വിളക്കുടി രാജേന്ദ്രൻ

സഹ്യാദ്രിയോടു ചേർന്നുകിടക്കുന്ന മലയോര ജില്ല. കൽപറ്റ നഗരസഭയാണ് ആസ്ഥാനം. കർണ്ണാടകവുമായും തമിഴ്നാടുമായും അതിർത്തി പങ്കിടുന്ന ഒരേയൊരു ജില്ല (സുൽത്താൻബത്തേരി താലൂക്കിലാണിത്). 1980 നവംബർ 1-നാണ് ജില്ല നിലവിൽ വന്നത്. സുൽത്താൻ ബത്തേരി, മാനന്തവാടി, വൈത്തിരി എന്നീ മൂന്ന് താലൂക്കുകളാണ് ജില്ലയിലുള്ളത്. പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹീതമായ വയനാട് ദക്ഷിണേന്ത്യയിലെ കാശ്മീർ എന്ന് അറിയപ്പെടുന്നു. സമുദ്രനിരപ്പിൽ നിന്ന് 700-2100 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങൾ ജില്ലയിലുണ്ട്. മലബാറിൽ നിന്ന് വയനാട്ടിലേക്ക് മൂന്ന് പ്രധാന മലമ്പാതകളുണ്ട് - താമരശ്ശേരി വഴിയും പെരിയ വഴിയും കുറ്റ്യാടി വഴിയുമുള്ള പാതകളാണിത്. ഇവയിൽ കോഴിക്കോടു നിന്ന് താമരശ്ശേരി വഴിയുള്ള ചുരമാണ് പ്രസിദ്ധം. അനേകം ഹെയർ പിൻ വളവുകൾ പിന്നിട്ടുള്ള ഈ യാത്ര ഹൃദയഹാരിയാണ്.

റെയിൽ പാതയോ കടൽത്തീരമോ ഇല്ലാത്ത ജില്ലയാണ് വയനാട്. കിഴക്കോട്ടൊഴുകുന്ന കബനിയാണ് പ്രധാനനദി. കേരളത്തിലെ ഏറ്റവും വലിയ നദീജന്യദ്വീപായ 'കുറുവ' ഈ നദിയിലാണ്. ചരിത്രപ്രസിദ്ധമായ എടയ്ക്കൽ ഗുഹകൾ ഉൾപ്പെടെയുള്ള പ്രാചീന ചരിത്ര സ്മാരകങ്ങളും പുരാതന ക്ഷേത്രങ്ങളും ജില്ലയിലുണ്ട്. കോട്ടയം (പഴശ്ശി) രാജവംശത്തിന്റെ ഭരണസീമയിൽ പെട്ടിരുന്ന സ്ഥലങ്ങളാണ് ഇന്നത്തെ വയനാട്ടിലുള്ളത്. കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികളുള്ള ജില്ല. കർണ്ണാടകവുമായുള്ള അടുപ്പം മൂലമാകാം കേരളത്തിൽ ഏറ്റവും കൂടുതൽ ജൈന ബസ്തികൾ ഉള്ളത് വയനാട്ടിലാണ്.

സ്ഥലനാമം: കുന്നുകൾക്കിടയ്ക്ക് തുണ്ടുതുണ്ടായി ചിതറിക്കിടക്കുന്ന വയലുകളാണ് വയനാട് എന്ന പേരിനു കാരണം. വയൽനാട് = വയനാട്. ബത്തേരി മാരിയമ്മൻകോവിലിൽ നിന്നു കണ്ടെടുത്ത ശിലാശാസനത്തിൽ വീരവയൽനാട് എന്ന് പരാമർശമുണ്ട് (എ.ഡി. 12-ാം നൂറ്റാണ്ട്). മദ്രാസ് മാന്വൽ ഓഫ് അഡ്മിനിസ്ട്രേഷനിൽ 'മയക്ഷേത്ര' എന്നാണ് സ്ഥലസൂചന. മയക്ഷേത്ര (മയന്റെ നാട്) രൂപഭേദം വന്ന് മയനാട്ടും വയനാട്ടും ആയെന്നും അഭിപ്രായമുണ്ട്. (ഒ.കെ.ജോണി, വയനാട് രേഖകൾ).

□

കൃഷ്ണ തുളസി കതിരുകൾ ചൂടി... തുളസിത്തറയിൽ തിരിതെളിക്കുമ്പോൾ

■ മുരളീധരൻ തഴക്കര

തുളസിയും തുളസിത്തറയും പ്രാക്തനമായൊരു സംസ്കാരത്തിന്റെയും പ്രകൃതി ജീവന ഔഷധ നന്മയുടെയും പ്രതീകമാണ്. പുരാതന ഗൃഹനിർമ്മാണ ശൈലിയുടെ ഭാഗമായി തുളസിത്തറ നിർമ്മിക്കുന്നതും പടിപ്പുര പണിയുന്നതും ഒരു കേരളീയ രീതിയായിരുന്നു. വീടിന് മുന്നിലായി നന്നായി സൂര്യപ്രകാശം കിട്ടുന്ന സ്ഥലത്ത് കിഴക്കുവശത്ത് നിന്നുള്ള വാതിലിന് നേരെയാണ് തുളസിത്തറ നിർമ്മിക്കേണ്ടതെന്നാണ് ആചാര്യന്മാർ നിഷ്കർഷിച്ചിരിക്കുന്നത്. സായംസന്ധ്യയിൽ വീടിനുള്ളിൽ സന്ധ്യാദീപം കത്തിക്കുന്നതോടൊപ്പം തന്നെ തുളസിത്തറയിൽ ദീപം തെളിക്കുക എന്നത് അനുഷ്ഠാനപരമായ ഒരു സമ്പ്രദായമായിരുന്നു. തുളസിത്തറയിൽ കൃഷ്ണതുളസി തന്നെ നടുന്നതാണത്രെ ഉത്തമം.

ആദ്ധ്യാത്മികതയുടെ അകമ്പടിയോടെ മാത്രം 'തുളസി'യെ കാണുകയും കരുതുകയും ചെയ്യുന്ന ഒരു സാമ്പ്രദായിക മനോഭാവം ഇന്നും നിലനിൽക്കുന്നുണ്ട്. സംസ്കൃതത്തിൽ 'തുളസി' എന്നാൽ സാമ്യമില്ലാത്തത് അതായത് തുലനം ചെയ്യാൻ കഴിയാത്തത് എന്നാണർത്ഥം. ഈ അപൂർവ്വ ബഹുമതി ചാർത്തിക്കിട്ടിയ ഗൃഹൗഷധി എന്നാണ്. ചുരുക്കത്തിൽ മൃതസഞ്ജീവനിക്ക് സമാനമായ തുളസിയെ വീട്ടുമുറ്റത്ത് തറകെട്ടി നട്ടു നനച്ചു വളർത്തി നാം ഭക്തിയാദരവോടെ സംരക്ഷിച്ചു പോന്നു.

തുളസിത്തറയ്ക്ക് തുളസിമാടം എന്നും പറയാറുണ്ട്. സി.വി. രാമൻപിള്ള ധർമ്മരാജയിൽ തുളസിമാടം എന്നാണ് പ്രയോഗിച്ചിട്ടുള്ളത് "വായു പ്രചാരം ശൂന്യമായ ഒരു മുറിയിൽ പ്രവേശിച്ച് ഒന്നുരണ്ടടി മുന്നോട്ടു നടന്നപ്പോൾ തുളസിമാടം പോലെ കെട്ടപ്പെട്ടിട്ടുള്ള ചെറിയ ഒരു ഉയർന്ന അറ കാണപ്പെട്ടു." ഇങ്ങനെയാണ് സി.വി. ധർമ്മരാജയിൽ തുളസിത്തറയെ പരാമർശിക്കുന്നത്. മണ്ണുകൊണ്ട് തേച്ചും കല്ലുകൊണ്ട് കെട്ടിയും തുളസിത്തറയുണ്ടാക്കാം. സൂര്യതേജസ്സുമായി ബന്ധപ്പെട്ട പവിത്ര സസ്യമാണ് തുളസി. അതിനാൽ വീടിന്റെ ദർശനം അഥവാ മുഖം എങ്ങോട്ടായിരുന്നാലും കിഴക്കോട്ട് തിരിഞ്ഞു നിന്ന് വേണം തുളസിത്തറയിൽ നമസ്കരിക്കേണ്ടത്.

കൃഷ്ണതുളസി, കാട്ടുതുളസി, വെള്ളത്തുളസി, രാമതുളസി എന്നിങ്ങനെ തുളസി വിവിധ ഇനമുണ്ട്. ഈ ഇനങ്ങളിൽ കാട്ടുതുളസി ഒഴിച്ചുള്ളവയെല്ലാം തന്നെ നട്ടുവളർത്തുന്നു. അതസി, തുളസി, രമ്യ, സരസ, ബഹുമഞ്ജരി, കൃഷ്ണപ്രിയ, സദ, വൃന്ദ, ദൈത്യാഗ്നി, ദേവദുന്ദുഭി എന്നിങ്ങനെയാണ് തുളസിയുടെ പത്ത് നാമങ്ങൾ. പാമിയേസി സസ്യകുടുംബത്തിലുൾപ്പെട്ട തുളസിയുടെ ശാസ്ത്രനാമം 'ഒസിമം സാങ്റ്റം' എന്നാണ്. ഏറെ വിശുദ്ധമായ ഒരു പൂജാപുഷ്പം എന്നതിലുപരി ഉൽകൃഷ്ടമായ ഈ ഔഷധി യഥാർത്ഥത്തിൽ

...എന്ന് വായനക്കാർ

മാസിക വിജ്ഞാനപ്രദമാകണം

വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്വാഭാവികമായി ഉണ്ടായേക്കാവുന്ന സംശയങ്ങളും അവയ്ക്കുള്ള വിശദീകരണങ്ങളും ഉൾപ്പെടുത്തി പഞ്ചായത്ത് രാജ് മാസികയുടെ മാർച്ച് ലക്കം പ്രസിദ്ധീകരിച്ച ലേഖനം ശ്രദ്ധേയമായി. അവയിൽ പല കാര്യങ്ങളും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യത്യസ്തമായ രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്നവയാണ്. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് ഉണ്ടായേക്കാവുന്ന അയോഗ്യതകൾക്കുള്ള കാരണങ്ങളും മറ്റും വിശദീകരിക്കുന്ന കെ.ടി.ജോർജിന്റെ ലേഖനവും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പൊതുപ്രവർത്തകർക്കും ഉപകാരപ്രദമായതു തന്നെയായിരുന്നു. പ്രധാനപ്പെട്ട കോടതിവിധികളും ഉൾപ്പെടുത്തികൊണ്ടായിരുന്നു ഈ ലേഖനം. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സംശയങ്ങളും മറുപടിയും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായതായിരുന്നു. കൊവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളും വാക്സിനേഷന്റെ ആവശ്യകതയും വിവിധ തരത്തിലുള്ള വാക്സിനുകളെക്കുറിച്ചുള്ള അറിവും വാക്സിനേഷൻ എടുത്തവർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡോ. ചിന്തയുടെ ലേഖനവും വിജ്ഞാനപ്രദമായിരുന്നു. ഇത്തരം ജനോപകാരപ്രദവും വിജ്ഞാനപ്രദമായ ലേഖനങ്ങൾ പഞ്ചായത്ത് രാജ് മാസികയുടെ വരും ലക്കങ്ങളിലും പ്രസിദ്ധീകരിക്കുമെന്ന പ്രതീക്ഷയോടെ.

അജയകുമാർ
തിരുവനന്തപുരം

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

വീട്ടുമുറ്റത്തെ വൈദ്യനാണ്. തുളസിയിലയിലെ തൈല ഗ്രന്ഥികളിൽ നിന്നുണ്ടാകുന്ന കർപ്പൂര സദൃശമായ ദ്രവമാണ് ഇതിനു സുഗന്ധമേകുന്നത് - ഈ ദ്രവത്തെ 'ബാസിൽ കാംഫർ'എന്നാണ് പറയുക. സ്ത്രീകൾ തുളസികതിർ മുടിയിഴകളിൽ തിരുകുകയാണെങ്കിൽ പുരുഷന്മാർ പൊതുവെ ചെവിയുടെ പിന്നിൽ തുളസിയില തിരുകിവയ്ക്കുകയാണ് പതിവ്. മനുഷ്യശരീരത്തിലെ ഏറ്റവും ആഗിരണശക്തിയുള്ള ഇടം ചെവിയുടെ പിൻഭാഗമാണ്. ചെവിയുടെ പിന്നിൽ തിരുകുന്ന തുളസിയിലയുടെ ഔഷധഗുണം വേഗത്തിൽ ശരീരത്തിലേക്ക് ആഗിരണം ചെയ്യപ്പെടുന്നു.

പനിക്കും ജലദോഷത്തിനും കൺകണ്ട ഔഷധമായി ഒരു ഒറ്റമൂലിയായി തുളസി പണ്ടുപണ്ടേ ഉപയോഗിച്ചുവരുന്നു. പ്രത്യേകിച്ച് ഈ കൊവിഡ് കാലത്ത് കൊറോണ വൈറസിനെ തുരത്താൻ ദിവസവും തുളസിയിലയിട്ട് വെള്ളം തിളപ്പിച്ച് ആവികൊള്ളുന്നവർ നിരവധിയാണ്. നൂറ്റാണ്ടുകളായി മലയാളി തുടർന്നുവരുന്ന അമ്മൂമ്മ വൈദ്യമാണ് പനിക്കും ജലദോഷത്തിനും പ്രതിവിധിയായി ആവി കൊള്ളൽ. ആവി കൊള്ളലിൽ മാത്രം തീരുന്നില്ല, തുളസിയിലയും കുരുമുളകും കരുപ്പെട്ടിയും ചേർത്ത് പനിക്കഷായം വച്ച് കുടിക്കുന്നതും പനിയെയും ജലദോഷത്തെയും തുരത്താനുള്ള നാട്ടുചികിത്സയായിരുന്നു. ഇന്നും പനിയോ ജലദോഷമോ വന്നാൽ ആദ്യത്തെ വീട്ടുചികിത്സ ഈ ആവി കൊള്ളലും പനിക്കഷായവും തന്നെയല്ലേ? വീടായാൽ ഒരു മൂട് തുളസി വേണമെന്ന് പഴമക്കാർ പറയുന്നത് വെറുതെയല്ല.

അന്തരീക്ഷ ശുദ്ധീകരണത്തിൽ തുളസിക്ക് അസാമാന്യമായ കഴിവാണുള്ളത്. തുളസിയെ തഴുകിയെത്തുന്ന കാറ്റിനു പോലും ഔഷധനന്മയുണ്ടത്രേ! പരിശുദ്ധമായ പ്രാണവായുവിനെ ഇത്രകണ്ട് പ്രദാനം ചെയ്യാൻ കഴിയുന്ന സസ്യമെന്ന അപൂർവ്വ ബഹുമതിയും വീട്ടുമുറ്റത്തെ തുളസിക്കു തന്നെയാണ്. മാത്രമല്ല തുളസിയുടെ സാമീപ്യമുള്ളിടത്ത് കൊതുകുശല്യം താരതമ്യേന നന്നേ കുറവായിരിക്കും. ഒരുപാത്രം വെള്ളം എടുത്ത് കഴുകി വൃത്തിയാക്കി പരിശുദ്ധിയോടെ നാലഞ്ചു തുളസിയിലയിട്ട ശേഷം പ്രഭാതത്തിൽ ആ വെള്ളം കുടിച്ചാൽ 'ക്ലസ്റ്റേഡ് വാട്ടറി'നേക്കാൾ ഗുണം ലഭിക്കുമെന്നാണ് ശാസ്ത്രമതം.

തുളസിയുമായി ഇഴചേർന്ന് കഥകളും അനവധിയാണ് എവിടെ തുളസി സമൃദ്ധമായി വളരുന്നുവോ അവിടെ യമദൂതന്മാർക്ക് കടന്നെത്തുവാൻ സാദ്ധ്യമല്ലെന്നാണ് വിശ്വാസം! തുളസിമാല ധരിച്ച പ്രാണൻ വെടിയുന്നവരുടെ ഏഴയലത്തുപോലും എത്തുവാൻ യമദൂതന്മാർ ധൈര്യപ്പെടില്ലെന്നാണ് 'ഗരുഡപുരാണത്തിൽ' പറയുന്നത്. മറ്റൊരു 'തുളസിക്കഥ' കൂടി ദേവീഭാഗവതം ഉത്ഘോഷിക്കുന്നുണ്ട്. ശംഖചൂഡൻ എന്ന അസുരന്റെ പതിവ്രതയായ ഭാര്യയാണത്രെ 'തുളസി'. അവളുടെ ദേഹത്യാഗാനന്തരം ശരീരം ഗണ്ഡകി നദിയായും തലമുടി തുളസി ചെടിയായും മാറി എന്നാണ് ദേവീഭാഗവതം വ്യക്തമാക്കുന്നത്. ഏതു കൊടിയ പാപവും ഒരു തുളസിക്കതിരിന്റെ സ്പർശത്താൽ മാറിക്കിട്ടുമെന്നാണ് പുരാണങ്ങൾ പറയുന്നത്. എത്ര കണ്ട് പാപം ചെയ്തവനും മരണാനന്തരം ദഹിപ്പിക്കുന്ന സമയത്ത് വിറകിനോടൊപ്പം ഒരു തുളസിത്തണ്ടുകൂടിയുണ്ടായാൽ മോക്ഷം ലഭിക്കുമെന്ന് പത്മപുരാണത്തിൽ പറയുന്നുണ്ട്. ഇങ്ങനെ തുളസിയെ ചുറ്റിപ്പറ്റിയുള്ള കഥയും കാര്യങ്ങളും ഒട്ടനവധിയാണ്.

അതുകൊണ്ടുതന്നെയാണ് മറ്റൊരു ചെടിക്കും ലഭിക്കാത്ത പരിഗണനയും പവിത്രതയും 'തുളസിക്ക് ' ലഭിക്കുന്നത്. നാനാജാതി വൃക്ഷങ്ങളും ചെടികളും നമ്മുടെ വീട്ടുപരിസരത്തും തൊടിയിലും വളരുന്നുണ്ട്. എന്നാൽ അവയൊന്നും തന്നെ തറകെട്ടി സംരക്ഷിക്കുകയോ ദീപം കൊളുത്തി നമസ്കരിക്കുകയോ ചെയ്യുന്ന പതിവില്ല. എന്നാൽ തുളസിയും ആൽമരവും ഇതിനൊരപവാദമാണ്. പഴമയുടെ നന്മകളേറെയും കാലത്തിന്റെ കടലെടുത്തുപോകുന്ന ഇക്കാലത്തും ആധുനിക ഗൃഹനിർമ്മാണ ശൈലിയുടെ ഭാഗമായിത്തന്നെ വീട്ടുമുറ്റത്തൊരു തുളസിത്തറയും വാതിലിൽ ഒരു പടിപ്പുരയും പലയിടങ്ങളിലും ഉണ്ടാകുന്നു എന്നത് ആഹ്ലാദകരമാണ്. എന്തുതന്നെയായാലും ദൈവത്തിന്റെ കൈയൊപ്പ് പതിഞ്ഞ തുളസി കേരളീയമായ ഔഷധ സംസ്കാരത്തിന്റെ ആദ്യത്തെയും അവസാനത്തെയും പ്രതീകം! തുളസിയോടുള്ള മമതയും തുളസിയോടുള്ള ആദരവും മലയാളിയുടെ മനസ്സിൽ ആചന്ദ്രതാരം നിലനിൽക്കട്ടെ.

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) June 2021
Annual Subscription ₹120, Published on 20 June 2021

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20



Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS